(എഫ്) പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(ജി) സംഘത്തിലെ അംഗങ്ങളുടെ പേരു വിവരം ഉള്ളടക്കം ചെയ്യുന്നു.†

നീതി സ്പെയർ പാർട്സ് സ്റ്റോറുകൾ

116(332) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാഹനങ്ങളുടെ ഗുണനിലവാരമുള്ള സ്പെയർ പാർട്സുകൾ ന്യായവിലയ്ക്ക് ലഭ്യമാക്കുവാൻ നീതി സ്പെയർ പാർട്സ് സ്റ്റോറുകൾ തുറക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഇവ എവിടെയെല്ലാം എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കേരള സ്റ്റേറ്റ് എൻജിനീയറിംഗ് ആന്റ് ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി "നീതി ഓട്ടോ സ്റ്റോർ" എന്ന പേരിൽ ഓട്ടോ സ്പെയർ പാർട്സ് സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ താലൂക്കുകളിലും ഇത് ആരംഭിക്കുന്നതിനാണ് സംഘം ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്ത് ഒരു നീതി ഓട്ടോ സ്റ്റോർ സംഘം തുടങ്ങിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 244, 248, 253, 260, 272, 273, 274, 275, 278, 282, 291, 296, 297 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

II അടിയന്തിര പ്രമേയം

കാർഷിക വിളകൾക്കുണ്ടായ വിലയിടിവുമൂലം കർഷകർ നേരിടുന്ന സാമ്പത്തികത്തകർച്ച

മി. സ്പീക്കർ : ഓർഡർ, ഓർഡർ റൂൾ 50. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിച്ചിട്ടുള്ള നയത്തിന്റെ ഫലമായി
9.30 A.M.] നാളികേരം, റബ്ബർ, കുരുമുളക്, അടയ്ക്ക, കാപ്പി, തേയില തുടങ്ങിയ കാർഷികവിളകൾക്കുണ്ടായ വിലയിടിവുമൂലം കർഷകർ നേരിടുന്ന സാമ്പത്തിക തകർച്ചയും സംസ്ഥാനത്താകമാനം അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യവും കാരണം ഉളവായിട്ടുള്ളതായ

†അനുബന്ധം XXIV

LIBRARY ARCHIVES Kerala Legislative Assembly

ഗുരുതരമായ സ്ഥിതിവിശേഷം 50-ാം ചട്ടപ്രകാരം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. പി. പി. തങ്കച്ചൻ, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി, ടി. എം. ജേക്കബ്, എ. വി. താമരാക്ഷൻ, ആര്യാടൻ മുഹമ്മദ്, ശ്രീമതി കെ. ആർ. ഗൗരിയമ്മ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, കാർഷിക വിളകളുടെ വിലയിടിവുമൂലം കേരളത്തിന്റെ കാർഷിക മേഖലയെ പൊതുവേയും നാണ്യവിളകളെ പ്രത്യേകിച്ചും വളരെ പ്രതികൂലമായി ബാധിച്ചിട്ടുള്ള ഒരു സാഹചര്യം ഇന്ന് വളർന്നുനിൽക്കുകയാണ്. അതിന് പ്രധാനപ്പെട്ട കാരണം 1991 മുതൽ നമ്മുടെ രാജ്യത്ത് നടപ്പാക്കിവരുന്ന വിവേചന രഹിതമായ വ്യാപാര ഉദാരവൽക്കരണ നയമാണ്. അത് അവസാനം നിങ്ങളെ തന്നെ വിഴുങ്ങും. ഒരു സംശയവും വേണ്ട. നമ്മൾ പരസ്പരം ചർച്ച ചെയ്യേണ്ട ഒരു വിഷയം മാത്രമായിട്ട് നിൽക്കുകയല്ല അത്. ഇത് നമ്മുടെ രാജ്യത്തെയാകെ ബാധിച്ചിട്ടുള്ള ഒരു പ്രശ്നമാണ്. അതൊരു സത്യമാണ്.

മി. സ്പീക്കർ : പ്രതിപക്ഷത്തു നിന്ന് അങ്ങയെ പ്രകോപിപ്പിക്കാൻ വേണ്ടി പറയുകയാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതിലൊന്നും ഞാൻ വീഴില്ല. അതൊരു പ്രകോപനത്തിൽ വീഴേണ്ട പ്രശ്നമല്ല. നമ്മുടെ രാജ്യത്തേയും രാജ്യത്തിലെ 70 ശതമാനത്തോളം വരുന്ന കർഷകരെയും പ്രത്യേകിച്ച് കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയേയും നമ്മുടെ കേരള സമൂഹത്തേയും ഒട്ടാകെ ബാധിക്കുന്ന ഒരു പൊതുവായ ദേശീയ പ്രശ്നം കൂടിയാണിത്. അതു കൊണ്ട് ഒരു പ്രകോപനത്തിന് വഴിവയ്ക്കലല്ല. ഞാൻ ഒരു യാഥാർത്ഥ്യം പറഞ്ഞതാണ്. 1991 മുതൽ നമ്മൾ നടപ്പാക്കി വരുന്ന ആ നയത്തിന്റെ ഫലമായിട്ടാണ് പ്രത്യേകിച്ച് കേരളത്തിന്റെ നാണ്യവിള മേഖലയിൽ ഉണ്ടായിട്ടുള്ള തകർച്ച. അത് വളരെ വലുതാണ്: അതിന്റെ വിശദമായിട്ടുള്ള കാര്യങ്ങളും കണക്കുകളും എല്ലാം ഇവിടെയുണ്ട്. 1999 വർഷത്തിൽ കൊപ്രയുടെ ശരാശരി വില 3653 രൂപയായിരുന്നു. 1999 വർഷത്തിൽ നമ്മുടെ സംസ്ഥാനത്തെ വെളിച്ചെണ്ണയുടെ വില ഒരു കിന്റിലന് ശരാശരി 5604 രൂപയായിരുന്നു. രണ്ടായിരം സീസണിലേക്ക് അത് വന്നപ്പോൾ കൊപ്രയുടെ വില ഒരു കിന്റിലന് 2000 രൂപയായി കുറയുകയും വെളിച്ചെണ്ണയുടെ ശരാശരി വില 3000 രൂപയായിട്ട് കുറയുകയും ചെയ്തു. അങ്ങനെ കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില കുറയുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വിലയിൽ തകർച്ചയുണ്ടായി. അത് കേരളത്തിലെ 30 ലക്ഷത്തിലധികം വരുന്ന നാളികേര കർഷകരുടേയും കേരളത്തിന്റെ സമ്പദ്ഘടനയുടേയും തകർച്ചയ്ക്ക് വഴി വച്ചിട്ടുണ്ട്. അതിന്റെ പ്രധാനപ്പെട്ട പ്രശ്നം ഒരു നിയന്ത്രണവുമില്ലാത്ത ഇറക്കുമതിയാണ്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി നമ്മുടെ രാജ്യത്തിലെ വ്യവസായികളും വ്യാപാരികളും ഇഷ്ടംപോലെ ഭക്ഷ്യ എണ്ണകൾ ഇറക്കുമതി ചെയ്ത് ഡമ്പ് ചെയ്യുന്നതിന്റെ ഫലമായിട്ട് വെളിച്ചെണ്ണയുടേയും

LIBRARY ARCHIVES Kerala Legislative Assembly

കൊപ്രയുടേയും നാളികേരത്തിന്റേയും വില തകർന്നു പോകുന്നതിനിട വരുന്നു. ഈ കാര്യം പല തവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സംസ്ഥാന നിയമസഭ ഒന്നിച്ചു നിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും അതിലെ ബഹുമാന്യനായ മുഖ്യമന്ത്രിയും പല തവണ കേന്ദ്ര ഗവൺമെന്റിൽ, പ്രത്യേകിച്ച് പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകുകയും ഈ സ്ഥിതിവിശേഷത്തിൽ നിന്നും കേരളത്തെ സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ എത്രയോ തവണ ഞാൻ കേന്ദ്ര കൃഷി വകുപ്പു മന്ത്രിയെ ഈ സ്ഥിതിവിശേഷം ധരിപ്പിക്കുന്നതിന് വളരെ ശക്തമായിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ പാർലമെന്റ് മെമ്പർമാരും നമ്മുടെ നിയമസഭാ മെമ്പർമാരും ഒന്നിച്ച് ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകി. പ്രധാൻമന്ത്രിയുടെ വസതിക്കുമുന്നിൽ ഈ സ്ഥിതിവിശേഷത്തിൽനിന്നും കേരളത്തിന്റെ കാർഷിക മേഖലയെ സംരക്ഷിക്കാനാവശ്യമായ ചില നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സത്യാഗ്രഹസമരം വരെ നടത്തുകയുണ്ടായി. പാർലമെന്റിൽ കേരളത്തിലെ എം. പി. മാർ ഒന്നിച്ചുനിന്ന് ഈ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും പോരാടിയിട്ടുണ്ട്. ഈ ആപത്കരമായ സ്ഥിതി വിശേഷത്തെ അവരുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള എല്ലാ ശ്രമങ്ങളും സംസ്ഥാന ഗവൺമെന്റും എം.എൽ.എ. മാരും എം. പി.മാരും നടത്തിയിട്ടുണ്ട് എന്നുള്ളതാണ് സത്യം. അതു മാത്രമല്ല, ഇപ്പോൾ 73000 ടൺ കൊപ്ര ഇതിനകം ശേഖരിച്ച് സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. നാഫെഡ് ആണ് കേന്ദ്ര ഗവൺമെന്റിനുവേണ്ടി കൊപ്ര ശേഖരിക്കുന്നത്. ശേഖരിച്ച കൊപ്ര ഇവിടെ കൃഷി ചെയ്യുന്നതിനുള്ള നടപടിയും അവർ സ്വീകരിച്ചിട്ടുണ്ട്. പാമോയിൽ വ്യാപകമായി വിതരണം ചെയ്യുന്നത് തടയുന്നതിന് കേരഫെഡിന്റെ കൈവശമുള്ള വെളിച്ചെണ്ണ റേഷൻ ഷോപ്പുവഴി ഒരു ലിറ്റർ വെളിച്ചെണ്ണ 30 രൂപ വിലയ്ക്ക് വിൽക്കുന്നതിന് മന്ത്രിസഭ യോഗം തീരുമാനിക്കുകയും അത് സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യാനുള്ള സംവിധാനവും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചർച്ച ചെയ്ത് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികൾ ഒക്കെ സ്വീകരിച്ചിട്ടും നാളികേരത്തിന്റേയും കൊപ്രയുടേയും വെളിച്ചെണ്ണയുടേയും വില ഉയരുന്നില്ല. അതിനു കാരണം, വിദേശത്തുനിന്നും വെളിച്ചണ്ണയും നാളികേരപ്പീരയും ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ്. അതു പോലെ അരിത്തവിട് ഇറക്കുമതി ചെയ്യുന്നതിന് വളരെ ചുരുങ്ങിയ ചുങ്കമാണ്. 15 ശതമാനം ചുങ്കം നൽകിയാൽ നാളികേരപ്പീര ഇറക്കുമതി ചെയ്യാം. 30 ശതമാനം വെളിച്ചെണ്ണയുള്ളതാണ് ഈ നാളികേരപ്പീര. അതുപോലെതന്നെയാണ് ഭക്ഷ്യ എണ്ണയുടെ കാര്യവും. ഇവിടെ പാർലമെന്റിലുണ്ടായ സമ്മർദ്ദങ്ങളുടെ ഫലമായി പാംഓയിലിന്റെ ഇറക്കുമതി ചുങ്കം 50.80 ശതമാനമായിരുന്നത് 71.60 ശതമാനമായി ഉയർത്തി. വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം 45 ശതമാനമായി കുറച്ചു. അതിന്റെ ഫലമായി കേരള സംസ്ഥാനത്ത് ഒരു

LIBRARY ARCHIVES Kerala Legislative Assembly

വർഷം ഏകദേശം ഒരു ലക്ഷം ടൺ വെളിച്ചെണ്ണ മിച്ചമായിട്ടുവരുന്നു. സോപ്പു നിർമ്മാതാക്കളും ഹെയർ ഓയിൽ നിർമ്മാതാക്കളും വാങ്ങിക്കൊണ്ടിരുന്ന വെളിച്ചെണ്ണ ഇപ്പോൾ വാങ്ങുന്നില്ല. അതിന്റെ ഫലമായി കേരളത്തിൽ ഏകദേശം ഒരു ലക്ഷം ടണ്ണിലധികം വെളിച്ചെണ്ണ മിച്ചമായിട്ടു വരുന്നു. അതാണ് നാളികേരത്തിന്റെ വില കുറയുന്നതിനും കൊപ്രയുടെ വില കുറയുന്നതിനും അതു വഴി കൃഷിക്കാരന്റെ വരുമാനം കുറയുന്നതിനും ആ മേഖലയിൽ ഒരു ദുരവസ്ഥ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്നതിനും ഇടയായത്. അതുതന്നെയാണ് റബ്ബറിന്റെ കാര്യത്തിലും ഉണ്ടായത്. റബ്ബറിന്റെ കാര്യത്തിൽ കേരള ഗവൺമെന്റ് വളരെ ശക്തമായ നിലപാട് സ്വീകരിച്ചതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് റബ്ബറിന്റെ ഇറക്കുമതി തൽക്കാലം നിറുത്തിവച്ചു. എങ്കിലും കേരള ഗവൺമെന്റിന് കിട്ടിയിടത്തോളം വിവരങ്ങൾ വച്ച് സ്വാഭാവിക റബ്ബർ അഡ്വാൻസ് ഏജൻസികൾ വഴി ഇറക്കുമതി ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇപ്പോഴും തുടരുകയാണ്. അതുപോലെതന്നെ മറ്റ് റബ്ബർ ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ഇപ്പോഴും തുടരുന്നു. നമ്മുടെ ഗവൺമെന്റ് വളരെ ശക്തമായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്നാണ് ഇങ്ങനെയൊരു നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. അഡ്വാൻസ്ഡ് ലൈസൻസിക്ക് ആവശ്യമായ റബ്ബർ അവർ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത് കൊച്ചി തുറമുഖത്തേയ്ക്ക് വരുമ്പോൾ ഒരു കിലോഗ്രാമിന് എന്തു വില വരുമോ ആ വിലയ്ക്ക് ആർ.എസ്.എസ്.4 ശേഖരിച്ച് അവർക്കു നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് എസ്.റ്റി.സി.-യെ ചുമതലപ്പെടുത്തി. എസ്.റ്റി.സി.ക്ക് ഈ വകയിൽ വരുന്ന റബ്ബർ എത്രയാണോ അത് 'റബ്കോ'യും മാർക്കറ്റിംഗ് ഫെഡറേഷനും കൊടുക്കാൻ തയ്യാറാണ്. ഇറക്കുമതി ചെയ്യേണ്ട ഒരു പ്രശ്നവും ഇവിടെ ഉണ്ടാകുന്നില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ ഫലമായി അത് ഇറക്കുമതി ചെയ്യുന്ന അവസ്ഥയിലാണ് പോകുന്നത്. ഈ രംഗത്ത് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് മാർക്കറ്റിൽ സർപ്ലസുള്ള റബ്ബറിന്റെ ഒരു ഭാഗം ശേഖരിച്ചു വയ്ക്കുക എന്നുള്ളതാണ്. അതിന് 'റബ്കോ' മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ ഏജൻസികൾ വഴിയും കൂടാതെ വെയർ ഹൗസിംഗ് കോർപ്പറേഷൻ , സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ തുടങ്ങിയ മറ്റ് ഏജൻസികൾ വഴിയും ഒരു കിലോഗ്രാം റബ്ബറിന് 50 പൈസ അധികം സംസ്ഥാന ഗവൺമെന്റ് നൽകി റബ്ബർ ശേഖരിക്കാനുള്ള സംവിധാനമുണ്ടാക്കി, റബ്ബർ ശേഖരിച്ചുവരികയാണ്. അങ്ങനെ ശേഖരിക്കുന്ന റബ്ബറിൽ 15,000 ടൺ റബ്ബർ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിനു റബ്കോയ്ക്ക് ഉത്തരവു കൊടുത്തു. അങ്ങനെ കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സംസ്ഥാനസർക്കാർ വഹിക്കാൻ തയ്യാറാണെന്ന് മന്ത്രിസഭായോഗം തീരുമാനിച്ച്, അതിന് ഉത്തരവിറക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 'റബ്കോ' 15,000 ടൺ റബ്ബർ വിദേശത്തേക്ക് കയറ്റി അയയ്ക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനകംതന്നെ ഏകദേശം 6,000 ടൺ റബ്ബർ കയറ്റി അയച്ചിട്ടുണ്ട്. അവശേഷിക്കുന്ന 9,000 ടൺ കയറ്റി അയയ്ക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. റബ്ബറിന്റെ ഉപയോഗം വർദ്ധിപ്പിക്കാ

LIBRARY ARCHIVES Kerala Legislative Assembly

നാവശ്യമായ റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ മുൻകൈയെടുത്ത് റബ്ബർ പാർക്കിന് രൂപം നൽകുകയും അതിനാവശ്യമായ മറ്റു നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചു വരികയുമാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയവും പുതിയ സാമ്പത്തിക നയവുമായി ബന്ധപ്പെട്ടാണ് ഈ മേഖലയിൽ റബ്ബർ കൃഷിക്കാരുടെ മേഖലയിലുണ്ടായ പ്രധാനപ്പെട്ട പ്രതിസന്ധി പരിഹരിക്കുന്നതിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഏറെ ചർച്ച ചെയ്യേണ്ട മറ്റൊന്നാണ് തേയിലയുടെ കാര്യം. കഴിഞ്ഞ 11-ാം തീയതിയാണ് ഏകദേശം പതിനൊന്ന് ലക്ഷത്തോളം വരുന്ന ദക്ഷിണേന്ത്യയിലെ തോട്ടം തൊഴിലാളികൾ ഒന്നിച്ച് ഈ ഇറക്കുമതി നയത്തിനെതിരായി, ഈ സാമ്പത്തികനയത്തിനെതിരായി, ജീവിക്കാനുള്ള സാഹചര്യത്തിനുവേണ്ടി ഒരു വലിയ പോരാട്ടത്തിലേക്ക് നീങ്ങിയത്. തൊഴിലാളികളും മറ്റു സ്റ്റാഫും ഒന്നിച്ചുള്ള സമരമായിരുന്നു അത്. അത് 11-ാം തീയതി നടത്തിയെങ്കിൽ 12-ാം തീയതി തോട്ടമുടമകൾ മറ്റൊരു സമരം നടത്തി. അതും കേന്ദ്രഗവൺമെന്റിന്റെ നയത്തിനെതിരായിട്ടുള്ളതായിരുന്നു. തേയില, കാപ്പി, റബ്ബർ എന്നിവയുടെ ഇറക്കുമതി പൂർണ്ണമായും നിരോധിക്കണമെന്നുപറഞ്ഞായിരുന്നു അവരുടെ സമരം. അവരുടെ പ്രധാനപ്പെട്ട മുദ്രാവാക്യം അതുതന്നെയായിരുന്നു. 'ഗാട്ട്' കരാറിനുള്ളിൽ നിന്നുകൊണ്ട് ഇത് നല്ലൊരളവിൽ കേന്ദ്രഗവൺമെന്റിന് പരിഹരിക്കാൻ സാധിക്കും: കാപ്പിയുടെയും തേയിലുടെയും, റബ്ബറിന്റെയും ഇറക്കുമതി ചുങ്കം 180 ശതമാനം വരെയായി ഉയർത്താൻ കഴിയും. അങ്ങനെ ഉയർത്തണം. അങ്ങനെ ഉയർത്തുമ്പോൾ തേയില, കാപ്പി, റബ്ബർ എന്നിവയെ കാർഷിക ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണം. ഈ ആവശ്യം ചരിത്രത്തിലാദ്യമായി കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിച്ചത് ഈ സംസ്ഥാന ഗവൺമെന്റാണ്. റബ്ബർ വ്യാവസായിക ഉൽപ്പന്നങ്ങളുടെ പട്ടികയിലാണ്. അതിൽനിന്നുമാറ്റി കാർഷിക ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തണം. അതുപോലെതന്നെ തേയിലയും കാപ്പിയും. എന്നിട്ട് അതിനു മിനിമം സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കണം. മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ താഴെയാണ് മാർക്കറ്റ് വിലയെങ്കിൽ കേന്ദ്രഗവൺമെന്റ് ഏജൻസികൾ വഴി സപ്പോർട്ട് പ്രൈസിനു ഈ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ സംസ്ഥാന ഗവൺമെന്റാണ് ആദ്യമായി കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ ഈ പ്രശ്നം ഉന്നയിക്കുന്നതും അതിനാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതും. ഈ ആവശ്യങ്ങളാണ് പതിനൊന്ന് ലക്ഷത്തോളം വരുന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ തോട്ടം തൊഴിലാളികൾ കഴിഞ്ഞ 11-ാം തീയതി നടത്തിയ പോരാട്ടത്തിൽ പറയുന്നത്. തോട്ടമുടമകളുടെ സമരത്തിലും ഇതു തന്നെയാണ് ഉന്നയിക്കുന്നത്. ആന്ധ്രായിലെയും കേരളത്തിലെയും, കർണാടകയിലെയും തമിഴ്നാട്ടിലെയും തൊഴിലാളികളുടെ സമരം ഒരു ദിവസം. തോട്ടമുടമകളുടെ സമരം മറ്റൊരു ദിവസം. അതാണ് നടന്നത്. ഇവിടെ ഇൻഡ്യൻ-ശ്രീലങ്കൻ കരാറനുസരിച്ച് കൊച്ചിയിലെ ഓക്ഷൻ മാർക്കറ്റിലേക്ക് തേയില വരികയാണ്. അവിടെ ഒരു കിലോ തേയിലക്ക് 30 രൂപ വരെയാണ് വില. ഒരു കിലോ തളിരിന് (കൊളുന്ത്) 18 രൂപവരെ കഴിഞ്ഞ വർഷം

LIBRARY ARCHIVES Kerala Legislative Assembly

വിലയുണ്ടായിരുന്നു. മൂന്നാറിലും ഇടുക്കി ജില്ലയിലെ പല പ്രദേശങ്ങളിലെയും, വയനാട് ജില്ലയിലെ ചില പ്രദേശങ്ങളിലെയും ചെറുകിട തേയില തോട്ടകൃഷിക്കാർ കൊളുന്ത് നുള്ളി ഫാക്ടറികളിൽ കൊടുത്താൽ ഒരു കിലോയ്ക്ക് 18 രൂപ കിട്ടുമായിരുന്നു. ഇപ്പോൾ നാലുരൂപ പോലും കിട്ടാനില്ല. പീരുമേട് തുടങ്ങിയ പ്രദേശങ്ങളിൽ.....ശ്രീ. എ. കെ. മണി പറയുന്നത് ശരിയാണ്, ഇപ്പോൾ അത് വാങ്ങാൻ ആളില്ല. നാലുരൂപപോലും കിട്ടുകയുമില്ല. ഇപ്പോൾ തളിര് എടുക്കുന്നില്ല. കാര്യം കൊച്ചി മാർക്കറ്റിൽ 30 രൂപയ്ക്ക് ഒരു കിലോ തേയില കിട്ടുന്നു. ആ തേയിലയാണ് ഇൻഡ്യയിലെ കുത്തക കമ്പനികൾ മനോഹരമായ പാക്കറ്റുകളിൽ നിറച്ച് നമ്മുടെ മാർക്കറ്റിൽ 100 രൂപയ്ക്കും 125 രൂപയ്ക്കും വിൽക്കുന്നത്. ആരാണ് ഇൻഡ്യാ-ശ്രീലങ്കൻ കരാറിൽ ഒപ്പുവെച്ചത്. ഇത് തേയിലയുടെ കാര്യം. ഇതൊക്കെ കേരളത്തോട് ചോദിച്ചിട്ടാണോ ? അല്ലെങ്കിൽ തേയില ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളുമായി ചർച്ച ചെയ്തിട്ടാണോ ? ഇതിന് കേരള ഗവൺമെന്റാണോ മറുപടി പറയേണ്ടത്. ആ കരാറാണ് തേയിലകൃഷിക്കാരെ പാപ്പരീകരിക്കാൻ കാരണം. അതുതന്നെയാണ് കാപ്പി കർഷകരുടെയും സ്ഥിതി. അതിന്റെ വില 50 ശതമാനമായി കുറഞ്ഞു. വയനാട്ടിലെ കാപ്പികൃഷിക്കാർ വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ പുതിയ സാമ്പത്തിക നയവും, ഇറക്കുമതി നയവുമാണ് അതിന് കാരണം. നമ്മുടെ കുരുമുളക് കൃഷിക്കാർക്ക് നല്ല വരുമാനം ഉണ്ടായിരുന്നു. അതിന്റെ ഇറക്കുമതി ചുങ്കം കേന്ദ്രഗവൺമെന്റ് കുറച്ചു. ആവശ്യത്തിലധികം അടയ്ക്കയും, ഉണക്ക അടയ്ക്കയും മറ്റും ഇറക്കുമതി ചെയ്തശേഷം ചുങ്കം 100 ശതമാനമായി ഉയർത്താൻ തയ്യാറായ നമ്മുടെ ആഭ്യന്തര കമ്പോളത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അടയ്ക്ക ഇഷ്ടംപോലെ ഇവിടെയുണ്ട്. അതു കൊണ്ട് അടയ്ക്ക കർഷകരുടെയും വരുമാനം കുറഞ്ഞു. കുരുമുളകിന്റെ വില 50 ശതമാനമായി കുറഞ്ഞു. ലോകത്ത് ഏറ്റവും നല്ല കുരുമുളക് ഉണ്ടാക്കുന്നവർ കേരളീയരാണ്. ഈ ഇറക്കുമതി നയത്തിന്റെ ഫലമായി അവിടെയും വില കുറയുകയാണ്. കേരളത്തിലെ നാണ്യവിളകളുടെ വിലയിടിവിന് ഒരു വലിയ സാഹചര്യമുണ്ടാക്കിയതിന്റെ പ്രധാന കാരണം കേന്ദ്ര ഗവൺമെന്റിന്റെ വിവേചനരഹിതമായ ഉദാരവൽക്കരണത്തിന്റെ സമീപനമാണ്. അതാണ് നമ്മെ തകർച്ചയിലേക്ക് നയിച്ചത്. ഒരു സംസ്ഥാനത്തിന്റെ പരിധിയിൽനിന്നുകൊണ്ട്, കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നാളികേരത്തിന്റെയും റബ്ബറിന്റെയും കാര്യത്തിൽ സ്വീകരിച്ച നിലപാടിന്റെ ഫലമായി പച്ചത്തേങ്ങ വാങ്ങാൻ തീരുമാനിച്ചു. സീസൺ ആരംഭിക്കുകയാണ്. മഴക്കാലത്താണ് തീരുമാനം എടുത്തത്. പടിപടിയായിട്ടാണ് ആ തീരുമാനം നടപ്പാക്കേണ്ടത്. ഇതിനകം 49 സഹകരണസംഘങ്ങൾ വഴി കേരളത്തിൽ പച്ചത്തേങ്ങ പുതുതായി ശേഖരിക്കുവാൻ തുടങ്ങി. സീസൺ ആകുമ്പോൾ ഇതിന്റെ എണ്ണം വർദ്ധിപ്പിക്കുവാൻ കഴിയും. 49 സഹകരണ സംഘങ്ങൾ വഴി ഇതിനകംതന്നെ 16 ലക്ഷം നാളികേരം കർഷകരിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ചിരിക്കുന്നു. അതിന്റെ കണക്കൊക്കെയുണ്ട്. അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് പറയുവാനുള്ളത്, നിങ്ങളുടെ ഒക്കെ രാഷ്ട്രീയ നേതൃത്വമുള്ള സംഘങ്ങളുമുണ്ട്. ഗവൺമെന്റ് പറയുന്ന തീരുമാനം അനുസരിച്ച് നാളികേരം എടുക്കുവാൻ ആ സംഘങ്ങളെ പ്രേരിപ്പിക്കുന്നതിന് അപ്പുറത്തുള്ള ബഹുമാന്യനായ ആര്യാടൻ ഉൾപ്പെടെയുള്ളവർക്ക് ചുമതലയുണ്ട്. ആ ചുമതലയും നിങ്ങൾ വഹിക്കണം. നമ്മുടെ കേരളത്തിൽ നമ്മൾ ഒന്നാണ്.

ശ്രീ. ടി. എം. ജേക്കബ് : ആര് ക്യാഷ് കൊടുക്കും ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സംസ്ഥാന ഗവൺമെന്റ് കൊടുക്കും. ഇവിടെ ക്യാഷിന്റെ പ്രശ്നം ഇല്ല. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുമായും സംസ്ഥാന കൃഷി വികസന ബാങ്കുമായും ഗവൺമെന്റ് ചർച്ച ചെയ്തു. ചർച്ചയുടെ അടിസ്ഥാനത്തിൽ നാളികേരം എടുക്കുന്നതിനു അവർ നിശ്ചയിച്ച വില, വെട്ടിത്തൂക്കി എടുക്കുമ്പോൾ ഒരു കിലോ നാളികേരത്തിനു എന്തായിരിക്കും വില ? ജില്ലാ സഹകരണ ബാങ്ക് നിശ്ചയിച്ച വിലയാണ് നമ്മൾ തീരുമാനിച്ചത്. എന്നാലും കൃഷിക്കാർക്ക് ഉയർന്ന വില കിട്ടും. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇതിനു വായ്പ കൊടുക്കുവാൻ തയ്യാറാണ്. നാളികേരം വാങ്ങി കൊപ്രയാക്കി നാഫെഡിന് കൊടുക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സംസ്ഥാന സർക്കാർ സഹിക്കും. ആ ഒരു നിലപാടാണ് സ്വീകരിച്ചത്. ആ നിലപാട് മുൻപ് ഒരിക്കലും കേരളത്തിൽ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ അടിയന്തിരപ്രമേയത്തിനു നോട്ടീസ് തന്നിരിക്കുന്ന ബഹുമാനപ്പെട്ട പി.പി.തങ്കച്ചൻ കേരളത്തിൽ ഒരു വർഷം കൃഷിവകുപ്പു മന്ത്രി ആയിരുന്ന ആളാണ്. അദ്ദേഹം കൃഷിവകുപ്പുമന്ത്രി ആയിരുന്നപ്പോൾ ആണ് ഇന്നത്തെപ്പോലെ നാളികേര കൃഷിക്കാർക്ക് തകർച്ച ഉണ്ടായത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അന്ന് ആറേമുക്കാൽ രൂപയ്ക്ക് വാങ്ങാമായിരുന്നു. അത്രയും ഉയർത്തിയിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എങ്ങനെ വാങ്ങി എന്ന് നമുക്ക് അറിയാം. ഇനി സംസാരിക്കുവാൻ അവസരമുണ്ട്. ആ അവസരത്തിൽ ഞാൻ വസ്തുതകൾ നിരത്തിവയ്ക്കാൻ തയ്യാറാണ്. എനിക്കു പറയുവാനുള്ളത്, ഇതു അടിയന്തിരപ്രമേയമായി കൊണ്ടുവന്ന് ചർച്ച ചെയ്യേണ്ട വിഷയം ആയിരുന്നില്ല. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും പൊതുവായ പ്രശ്നമാണ്. ഇന്ന് ചർച്ച ചെയ്താൽതന്നെ നമുക്ക് ഒരു പ്രമേയം അംഗീകരിക്കുന്നതിനു അടിയന്തരിയപ്രമേയത്തിന് അവകാശമില്ല. ചട്ടങ്ങളും കീഴ് വഴക്കങ്ങളും അതാണ്. അങ്ങേയ്ക്ക് അറിയാമല്ലോ, ഒരു സംസ്ഥാനത്തിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിനു ചെയ്യാൻ കഴിയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം തിരുത്തുന്നതിനു ആവശ്യമായി കൂട്ടായ സമ്മർദ്ദം ചെലുത്തണം. കേരളത്തിൽ കൂട്ടായപോരാട്ടം ആവശ്യമാണ് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ചർച്ച ഉണ്ടോ ? അപ്പോൾ ചർച്ച നടക്കുമല്ലോ ?

മി. സ്പീക്കർ : അതു പറയും. ഇനി അദ്ദേഹം സംസാരിച്ചതിനു ശേഷമാണ് തീരുമാനിക്കേണ്ടത്.

ശ്രീ. ടി. എം. ജേക്കബ് : ഇനി അല്ലല്ലോ പറയേണ്ടത് ; ആദ്യം വേണ്ടേ പറയുവാൻ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ സഭയുടെ കീഴ്വഴക്കം അതാണ്. അതു പറയാത്തതുകൊണ്ട് ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അടിയന്തിരപ്രമേയത്തിലൂടെ ചർച്ച ചെയ്യേണ്ട വിഷയമല്ല ഇത്. അങ്ങനെ ഒരു നിലപാടല്ല സ്വീകരിക്കേണ്ടിയിരുന്നത്. അതുകൊണ്ട് സഭാനടപടി നിർത്തിവെച്ച് ചർച്ച ചെയ്യേണ്ടതില്ല, എന്നാണ് ഗവൺമെന്റ് പറയുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നത്, ഇത് അടിയന്തിരപ്രമേയത്തിൽ കൊണ്ടുവന്നാൽ ഒരു മോഷൻ മൂവ് ചെയ്യാൻ കഴിയുകയില്ല എന്നാണ്. അതുകൊണ്ട് ഇതു ചർച്ച ചെയ്യേണ്ട എന്നാണ് ഇപ്പോൾ പറഞ്ഞത്. അങ്ങയുടെ അദ്ധ്യക്ഷതയിൽ തന്നെ സബ്മിഷൻപോലും ഇവിടെ പ്രമേയമാക്കി കേന്ദ്ര ഗവൺമെന്റിനു അയച്ച പാരമ്പര്യമുള്ള സഭയാണ് ഇത്. അങ്ങും ഈ സഭയും തീരുമാനിച്ചാൽ സംസ്ഥാന ഗവൺമെന്റിനോടും കേന്ദ്രഗവൺമെന്റിനോടും ഇന്ന കാര്യം ചെയ്യണം എന്നുള്ള മോഷൻ പാസ്സാക്കുവാനുള്ള അവകാശം ഉണ്ട്. അതു കൊണ്ട് അദ്ദേഹം അവസാനമായി പറഞ്ഞ കാര്യം വച്ചുകൊണ്ടുതന്നെ ചർച്ച ആകാവുന്നതാണ്. ഗവൺമെന്റ് എതിരല്ല.

മി. സ്പീക്കർ : അത് ആലോചിക്കാം.

ശ്രീ. ടി. എം. ജേക്കബ് : അങ്ങയേയും സഭയേയും തെറ്റിദ്ധരിപ്പിക്കരുത് എന്നേയുള്ളൂ.

മി. സ്പീക്കർ : അവതാരകൻ നില്ക്കുന്നതേയുള്ളൂ. അദ്ദേഹത്തിന് അവസരം കൊടുക്കണം.

ശ്രീ. പി. പി. തങ്കച്ചൻ : സർ, കേരള നിയമസഭ പല നല്ല കീഴ്വഴക്കങ്ങളും സൃഷ്ടിച്ച സഭയാണ്. ഇന്നും എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. കൃഷ്ണൻ പണിയാംപറമ്പിൽ ഒരു നല്ല കീഴ്വഴക്കം സൃഷ്ടിച്ചിരിക്കുകയാണ്. ഞാൻ നോട്ടീസ് കൊടുത്ത അടിയന്തിര പ്രമേയം അദ്ദേഹം അവതരിപ്പിച്ച് ഒരു പുതിയ കീഴ്വഴക്കം ഉണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട്തന്നെ ആ അടിയന്തിരപ്രമേയവും അതിൽ ഉൾക്കൊണ്ടിട്ടുള്ള വിഷയവും വളരെ ഗൗരവമുള്ളതാണെന്ന് നമുക്ക് മനസ്സിലാക്കാം. മാത്രമല്ല അദ്ദേഹം തുടക്കത്തിൽതന്നെ ഇതു വളരെ ഗൗരവമുള്ള പ്രശ്നമാണ് എന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തിനേയും സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്ന മാണെന്ന് അദ്ദേഹം സമ്മതിക്കുകയുണ്ടായി. ഞങ്ങളുടെ പ്രതീക്ഷ, ഇനി മറുപടി പറയുന്ന സന്ദർഭത്തിൽ ഇതു വളരെ ഗൗരവമുള്ള പ്രശ്നമായതു കൊണ്ട് സഭ നിർത്തിവെച്ച് ചർച്ച ചെയ്യുവാൻ മന്ത്രി സമ്മതിക്കും എന്നുള്ള പ്രതീക്ഷയിലാണ് ഞങ്ങളൊക്കെ ഇരിക്കുന്നത്. നമ്മുടെ സംസ്ഥാനം ഒരു കാർഷിക പ്രാധാന്യമുള്ള സംസ്ഥാനമാണ്. കേരളത്തിലെ ഏതാണ്ട് 80 ശതമാനത്തോളമുള്ള സാധാരണ ജനങ്ങൾ കാർഷിക ഉല്പന്നങ്ങളിൽ നിന്ന് കിട്ടുന്ന വരുമാനംകൊണ്ട് ഉപജീവനം കഴിക്കുന്ന ഇടത്തരക്കാരാണ്. നമ്മുടെ കാർഷിക മേഖല ഇന്ന് തകർന്ന് തരിപ്പണമായിരിക്കുകയാണ്. കാർഷിക പ്രാധാന്യമുള്ള പ്രദേശത്ത് ചെന്നാൽ അവിടെ ശ്മശാന മൂകത നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ കുറെ നാളുകളായി നമ്മുടെ സംസ്ഥാനം കർഷകരുടെ ശവപ്പറമ്പായി മാറി എന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും അതിന്റെ കെഡ്രിറ്റ് എൽ. ഡി. എഫ്. ഗവൺമെന്റിനും പ്രത്യേകിച്ച്, കൃഷിവകുപ്പ് കൈകാര്യം ചെയ്യുന്ന എന്റെ സുഹൃത്ത് ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിനും എന്നും ഉണ്ടായിരിക്കും. ഇവിടത്തെ കൃഷിക്കാർ എന്നും നിങ്ങളെ ഓർക്കും എന്നുള്ളതിനു യാതൊരു സംശയവുമില്ല. വിലത്തകർച്ച കാരണം നാളികേരം, റബ്ബർ, കാപ്പി, കുരുമുളക്, തേയില തുടങ്ങിയ എല്ലാ വിളകളും ഇന്ന് കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഈ തകർച്ച മറ്റു മേഖലകളെയും പ്രതികൂലമായി ബാധിക്കുകയാണ്. നാണ്യവിളകളുടെ-വില്പന കുത്തനെ ഇടിഞ്ഞതിനാൽ അതിൽ മാത്രം കേരളത്തിലെ കൃഷിക്കാർക്ക് ഈ വർഷം ചുരുങ്ങിയത് ആറായിരം കോടി രൂപയുടെ നഷ്ടം വന്നിട്ടുണ്ട് എന്നാണ് പ്രൈസസ് ബോർഡ് കണക്കാക്കിയിരിക്കുന്നത്. ഞാൻ പറയുന്ന കണക്കുകൾ പ്ലാനിംഗ് ബോർഡിന്റെയും പ്രൈസസ് ബോർഡിന്റെയും ആധികാരികമായ കണക്കുകളാണ്. കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടം കൊണ്ട് വിൽപ്പന നികുതിയിൽ മാത്രമായി ഈ വർഷം സർക്കാരിന് 250

10 A.M.] കോടിയിൽപ്പരം രൂപ കുറവു വരുമെന്ന് പ്രൈസസ് ബോർഡിന്റെ കണക്കിൽ പറയുന്നു. കാർഷികമേഖലയുടെ നഷ്ടം വ്യാപാര മേഖലയെയും മൊത്തത്തിൽ തളർത്തിയിരിക്കുകയാണ്. വ്യാപാരമാന്ദ്യംമൂലം നികുതി നഷ്ടം വേറെയും ഉണ്ടാകുന്നുണ്ട്. തേയില തോട്ടങ്ങൾ പലതും അടച്ചുപൂട്ടൽ ഭീഷണിയിലാണ്. പലയിടത്തും ഇല നുള്ളുന്നുപോലുമില്ല. റബ്ബർ, തേയില, കാപ്പി എന്നീ തോട്ടങ്ങളിൽ മാത്രമായി നമ്മുടെ സംസ്ഥാനത്ത് മുന്നര ലക്ഷത്തിൽപ്പരം തൊഴിലാളികളാണ് പണിയെടുക്കുന്നത്. ഓരോ ദിവസം ചെല്ലുംതോറും ഇവരിൽ ഭൂരിപക്ഷം പേർക്കും തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ നാട്ടിൽ കാണാൻ കഴിയുന്നത്. നാൽപ്പതു ലക്ഷത്തോളം കുടുംബങ്ങളാണ് നാളികേരത്തെ ആശ്രയിച്ച് നമ്മുടെ സംസ്ഥാനത്തിലുള്ളത്. നാളികേരത്തിന്റെ വിലയിടിവ് ആണ് ഏറ്റവും ഭയങ്കരമായിട്ടുള്ള സാമ്പത്തിക തകർച്ചയിൽ നമ്മുടെ സംസ്ഥാനത്തെ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നത്. പ്രൈസസ് ബോർഡ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കനുസരിച്ച് ഈ വർഷം ജനുവരി മാസത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

തേങ്ങയ്ക്ക് അഞ്ചേമുക്കാൽ രൂപ വില കിട്ടിയിരുന്നുവെങ്കിൽ ഇന്ന് അത് രണ്ട് രൂപയായി കുറഞ്ഞിരിക്കുന്നു എന്നാണ് മനസ്സിലാകുന്നത്. ജനുവരിയിൽ കിന്റലിന് 5339 രൂപയുണ്ടായിരുന്ന വെളിച്ചെണ്ണയ്ക്ക് ഇപ്പോൾ 3000 രൂപയോളമായി കുറഞ്ഞിരിക്കുന്നു. ഇക്കണോമിക് റിവ്യൂവിലെ കണക്കനുസരിച്ച്, (പ്ലാനിംഗ് ബോർഡ്) ഒരാണ്ടിൽ 667 കോടി നാളീകേരമാണ് നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. എന്നാൽ ഈ വർഷം കാറ്റുവീഴ്ച, മണ്ഡരിബാധ എന്നിവയെത്തുടർന്ന് 20 ശതമാനം വരെ ഉൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി ഉൽപ്പാദനം 667 കോടിയിൽ നിന്ന് 534 കോടിയായി കുറഞ്ഞിട്ടുണ്ട്. ഒരു തേങ്ങയ്ക്ക് മൂന്നേമുക്കാൽ രൂപ വിലക്കുറവു വന്നിട്ടുള്ളത് കണക്കാക്കുമ്പോൾ 534 കോടി തേങ്ങയ്ക്ക് മൊത്തമുണ്ടായിട്ടുള്ള വിലനഷ്ടമെന്നു പറയുന്നത് ഒരാണ്ടിൽ 2023 കോടി രൂപയാണ്. ഇത് ഒരു വർഷത്തെ നഷ്ടമാണ്. ഒരു വർഷം കൊണ്ട് തേങ്ങയുടെ വില മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുന്നു എന്നാണ് ഇതിന്റെയർത്ഥം. തേങ്ങയുടെവിലക്കുറവു കാരണം വെളിച്ചെണ്ണ മില്ലുകളും ഇന്നു പ്രതിസന്ധിയിലാണ്. ഏതാണ്ട് ആയിരത്തോളം ചെറുകിട മില്ലുകളാണ് ഈ കാരണത്താൽ അടച്ചുപൂട്ടിയിട്ടുള്ളത്. നാളികേരം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആളുകൾ ആശ്രയിക്കുന്ന വിളയാണ് റബ്ബർ. ഇൻഡ്യയിലെ റബ്ബറുൽപ്പാദനത്തിന്റെ 94 ശതമാനം നമ്മുടെ കേരളത്തിലാണ്. പ്രതിവർഷം 5.84 ലക്ഷം ടൺ ആണ് നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. 1995-ൽ ഒരു കിലോ റബ്ബറിന് 51 രൂപയായിരുന്നു വില. ഇപ്പോൾ ഒന്നാം തരം റബ്ബറിന് ആർ. എസ്. എസ്. ഗ്രേഡ്-4-ന് ഇന്നത്തെ മാർക്കറ്റിലെ വില 27 രൂപ 50 പൈസയാണ്. എന്നാൽ സാധാരണ റബ്ബറിന് 22 രൂപ മാത്രമാണ് വില. ഈ ഒരു വർഷം കൊണ്ട് വില മൂന്നിലൊന്നായി ചുരുങ്ങിയിരിക്കുന്നു. പലയിടത്തും റബ്ബർ കൃഷിക്കാർ ഇന്ന് ടാപ്പിംഗ് നിർത്തിയിരിക്കുകയാണ്. ലാഭകരമല്ല. നഷ്ടം വരുന്നുവെന്നുള്ളതുകൊണ്ട് റബ്ബർ, കാപ്പി എന്നീ കൃഷികൾ പല സ്ഥലങ്ങളിലും നിർത്തിയിരിക്കുകയാണ്. റബ്ബറിന്റെ വിലക്കുറവിനെ തുടർന്ന് ഒരു വർഷം ഏറ്റവും ചുരുങ്ങിയത് 1340 കോടിരൂപയാണ് ഒരു കൊല്ലത്തെ വരുമാനത്തിൽ കൃഷിക്കാർക്കുണ്ടായ നഷ്ടം. 1998 ഡിസംബറിലുണ്ടാക്കിയ ഇൻഡ്യാ-ശ്രീലങ്കൻ കരാറിനെത്തുടർന്ന് വൻതോതിൽ തേയില നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുന്നുണ്ട്. നമ്മുടെ നാട്ടിൽ തേയിലയുടെ വിലയിൽ ഒരു വർഷക്കാലം കൊണ്ട് ഒരു കിലോഗ്രാമിന് 11 രൂപയുടെ കുറവാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം ഒരു കിലോ തേയിലയ്ക്ക് 16 രൂപയായിരുന്നുവെങ്കിൽ ഈ വർഷം അത് അഞ്ചിലൊന്നായി, നാലു രൂപയായി ചുരുങ്ങിയിരിക്കുകയാണ്. ഒരാണ്ടിൽ 67,000 ടൺ തേയിലയാണ് ഉൽപ്പാദിപ്പിക്കുന്നത്. വിലക്കുറവിനെത്തുടർന്ന് ഒരു വർഷം ഈയിനത്തിൽ കൃഷിക്കാർക്കുണ്ടായിട്ടുള്ള നഷ്ടം 74 കോടി രൂപയാണ് . കുരുമുളകിന്റെ വിലയും പകുതിയായി കുറഞ്ഞിരിക്കുകയാണ്. മൊത്തം നമ്മുടെ ഉൽപ്പാദനം ഒരു വർഷം 64,000 ടൺ ആണ്. വിലക്കുറവ് ഒരു കിലോഗ്രാമിന് 150 രൂപയും. അങ്ങനെ വരുമ്പോൾ ഒരു വർഷം കൊണ്ടുണ്ടായിട്ടുള്ള കുരുമുളക് കൃഷിക്കാരുടെ നഷ്ടം 960 കോടി രൂപയാണ്. കഴിഞ്ഞ വർഷം കിന്റലിന് 27,000

LIBRARY ARCHIVES Kerala Legislative Assembly

രൂപയായിരുന്നുവെങ്കിൽ ഈ വർഷം 10,500 രൂപ മുതൽ 12,500 രൂപ വരെയാണ് വില. കുരുമുളകിന്റെ വില മൂന്നിലൊന്നായി ചുരുങ്ങി. അടയ്ക്കയുടെ കാര്യത്തിൽ, കഴിഞ്ഞ വർഷം ഒരു കിലോഗ്രാമിന് 125 രൂപ മുതൽ 150രൂപ വരെയായിരുന്നു വില. എന്നാൽ ഇന്ന് അത് നാലിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. 30 രൂപ മുതൽ 45 രൂപവരെയാണ് വില. 92,000 ടൺ ആണ് ഈ വർഷത്തെ ഉൽപ്പാദനം അങ്ങനെ വരുമ്പോൾ മൊത്തം വിലയിൽ 936 കോടി രൂപയാണ് കൃഷിക്കാർക്ക് ആ മേഖലയിൽ വന്നിട്ടുള്ള നഷ്ടം. ഏലം, ഇഞ്ചി മുതലായ നാണ്യവിളകളുടെയും വില ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട നാണ്യവിളകളുടെ വില തകർച്ചയാണ് ആദ്യം സൂചിപ്പിച്ചതുപോലെ, ഒരു വർഷം ആറായിരം കോടി രൂപയിൽക്കൂടുതലാണ് കാർഷികമേഖലയിൽ കൃഷിക്കാർക്ക് നഷ്ടം വന്നിരിക്കുന്നത്. ഈ വിലത്തകർച്ചയ്ക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒരുപോലെ ഉത്തരവാദികളാണ്. ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി തീരുവ വെട്ടിക്കുറച്ചതു കാരണം ഇറക്കുമതി ഇപ്പോൾ ധാരാളമായി നടക്കുകയാണ്. രണ്ടര ലക്ഷം ടൺ ഭക്ഷ്യ എണ്ണ 1994-95-ൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് അതിന്റെ 20 ഇരട്ടിയായി. 42 ലക്ഷം ടൺ ആണ് ഇപ്പോൾ ഇറക്കുമതി ചെയ്തിട്ടുള്ളത്. രണ്ടര ലക്ഷത്തിന്റെ സ്ഥാനത്ത് 42 ലക്ഷം ടൺ ആണ് ഭക്ഷ്യഎണ്ണ ഇറക്കുമതി ചെയ്തിരിക്കുന്നത്. വേൾഡ് ട്രേഡ് ഓർഗനൈസേഷനിൽ അംഗമാണെങ്കിൽക്കൂടി ഇറക്കുമതി തീരുവ 300 ശതമാനം ആയി വർദ്ധപ്പിക്കാൻ കേന്ദ്രഗവൺമെന്റിന് അവകാശമുണ്ട്. പക്ഷേ ഇപ്പോൾ 27 ശതമാനം റിഫൈൻഡ് ഓയിലിനും പതിനാറര ശതമാനം അൺ-റീഫൈൻഡ് ഓയിലിനുമാണ് ചുമത്തുന്നത്. 300 ശതമാനം വരെ ഇറക്കുമതി തീരുവ ചുമത്താൻ അവകാശമുള്ള സ്ഥാനത്ത് 27 ശതമാനവും പതിനാറര ശതമാനവുമാണ് ചുമത്തുന്നത്. 1997-ൽ 4209 ടൺ വെളിച്ചെണ്ണയാണ് ഇറക്കുമതി ചെയ്തത്. ആ സ്ഥാനത്ത് അഞ്ചിരിട്ടിയാണ് ഈ വർഷം ഇറക്കുമതി ചെയ്തിട്ടുള്ളത്. 22,439 ടൺ ആണ് ഇറക്കുമതി ചെയ്തത്. പാമോയിൽ ഉൾപ്പെടെ 30 ലക്ഷം ടൺ എഡിബിൾ ഓയിലും ഇറക്കുമതി ചെയ്തിട്ടുണ്ട്. 30 ലക്ഷം ടണ്ണിൽ 60 ശതമാനം പാമോയിലാണ്. വിലത്തകർച്ചയ്ക്ക് ഇതൊരു കാരണം തന്നെയാണ്. 1999-2000 ആണ്ടിൽ 16,436 ടൺ റബ്ബറാണ് ഇറക്കുമതി ചെയ്തത്. അന്ന് ബാൻ ഉണ്ടായിരുന്നു. പക്ഷേ ബാൻ വകവയ്ക്കാതെ മറ്റു ചിലർ പഴുതുകൾ കണ്ടുപിടിച്ചുകൊണ്ടാണ് 16,436 ടൺ ഇറക്കുമതി ചെയ്തത്. റബ്ബറിനെ ഒരു കാർഷിക വിളയായി വേൾഡ് ട്രേഡ് ഓർഗനൈസേഷനോ കേന്ദ്ര സർക്കാരോ കാണുന്നില്ല എന്നുള്ളതാണ് പ്രധാനപ്പെട്ട ഒരു പോരായ്മ. ഇതൊരു വ്യവസായോൽപ്പന്നമായിട്ടാണ് അവർ കാണുന്നത്. ആ നിലയിൽ 24 ശതമാനം മാത്രമാണ് ഇറക്കുമതി തീരുവ ചുമത്തിയിട്ടുള്ളത്. റബ്ബർ ഒരു കാർഷികോൽപ്പന്നമായി കണ്ട് റബ്ബറിനു 300 ശതമാനം വരെ നികുതി അസസ് ചെയ്യാവുന്നതാണ്. കേന്ദ്രസർക്കാർ റബ്ബറിന്റെയും വെളിച്ചെണ്ണയുടെയും ഇറക്കുമതി കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഇറക്കുമതി തീരുവ ഗണ്യമായി ഉയർത്തേണ്ടതാണ്. നമ്മുടെ നാട്ടിൽ റബ്ബർ ധാരാളം ഇപ്പോൾ വീണ്ടും ഇറക്കുമതി ചെയ്യുന്നത് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുകയില്ല. അതുപോലെ അടുത്ത കാലത്തുണ്ടാക്കിയ ഇൻഡ്യാ-ശ്രീലങ്കാ കരാർ

LIBRARY ARCHIVES Kerala Legislative Assembly

തൽക്കാലം മരവിപ്പിക്കേണ്ടതാണ്. കേന്ദ്രസർക്കാരിൽ ഈ കാര്യങ്ങളിൽ സമ്മർദ്ദം ചെലുത്താൻ കേരള സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ഇല്ലയോ എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള പ്രധാനപ്പെട്ട പ്രശ്നം. കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ നിർഭാഗ്യകരമായ ഒരു കാര്യമാണ്. ഈ പ്രശ്നം സംസ്ഥാന ഗവൺമെന്റ് ഗൗരവമായി എടുത്തിട്ടുപോലുമില്ല എന്നതാണ് ഒരു സത്യാവസ്ഥ. നമ്മുടെ മന്ത്രിമാർക്ക് വിദേശത്തേയ്ക്ക് പോകാൻ ഒരു മടിയുമില്ല. അഞ്ചും ആറും തവണ നമ്മുടെ മന്ത്രിമാർ എത്രയോ പണം ചെലവാക്കി വിദേശത്തേയ്ക്ക് പോകുന്നു. ഒരു പ്രയോജനവുമില്ല. എല്ലാ പാർട്ടിയിലുംപ്പെട്ടവരെ കൂട്ടി, ഇവിടെയുള്ള കർഷക സംഘടകളുമായി ആലോചിച്ച്, നിയസഭയിൽ, പ്രാതിനിധ്യമുള്ള എല്ലാവരെയും കൂട്ടി ഒരു അഖിലകക്ഷി നിവേദക സംഘത്തെ ഡൽഹിയിൽ കൊണ്ടുപോയി അവിടെ വച്ച് നമ്മുടെ എം.പി.മാരെയും ഒരുമിച്ചുകൂട്ടി ഈ പ്രശ്നത്തിന്റെ ഗൗരവം കേന്ദ്ര ഗവൺമെന്റിനെയോ പ്രധാനമന്ത്രിയെയോ ബോദ്ധ്യപ്പെടുത്താൻ നമ്മുടെ മുഖ്യമന്ത്രിക്കോ മന്ത്രിസഭയ്ക്കോ കഴിയാതെ പോയി എന്നുള്ളത് വളരെ സങ്കടകരമായ ഒരു കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട പല കാര്യങ്ങളും ചെയ്യുന്നില്ല എന്നു മാത്രമല്ല, ഈ വർഷത്തെ ബഡ്ജറ്റിൽ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പുതിയ നികുതി നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. നികുതി ഏകീകരണത്തിന്റെ പേരു പറഞ്ഞിട്ട് ജനുവരിമാസം ഒന്നാം തീയതി മുതൽ നമ്മുടെ സംസ്ഥാനത്ത് വെളിച്ചെണ്ണയ്ക്ക് 2.5% നികുതിയുണ്ടായിരുന്നത് 4% ആക്കി വർദ്ധിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. കാപ്പിക്ക് 4% നികുതിയായിരുന്നത് 8% ആക്കി വർദ്ധിപ്പിച്ചു; റബ്ബറിന് 10% നികുതിയുണ്ടായിരുന്നത് 11% ആക്കി വർദ്ധിപ്പിച്ചു; അതും പോരാഞ്ഞിട്ട് യൂറിയ ഉൾപ്പെടെയുള്ള 27 ഇനം രാസവളങ്ങൾക്ക് 2.5% നികുതിയായിരുന്നത് 4% ആക്കി കൂട്ടുകയും ചെയ്തു. അതേസമയം നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളായ കർണാടകയിലും തമിഴ്നാട്ടിലുമൊക്കെ കൃഷിക്കാരെ സഹായിക്കാൻവേണ്ടി ഈ നികുതികൾ വേണ്ടായെന്ന് വയ്ക്കുകയാണ് അവിടുത്തെ സംസ്ഥാന ഗവൺമെന്റുകൾ ചെയ്തിട്ടുള്ളത്. അതാണ് കർണാടകയിലും തമിഴ്നാട്ടിലും ചെയ്തതെങ്കിൽ ഉള്ള നികുതി എടുത്തുകളഞ്ഞില്ലായെന്നു മാത്രമല്ല, നേരെ ഇരട്ടിയായി വർദ്ധിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. കേരള ഗവൺമെന്റ് ചെയ്യേണ്ട പ്രധാനപ്പെട്ട പല കാര്യങ്ങളും ഗവൺമെന്റ് ചെയ്തില്ലായെന്നുള്ളതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട പരാതി. ഇവിടെത്തന്നെ പലപ്പോഴും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങളിലെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിന് അല്ലെങ്കിൽ വകുപ്പുമന്ത്രിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ കാര്യങ്ങൾ നടപ്പിലാക്കി ഈ സംസ്ഥാനത്തെ, കാർഷികമേഖലയുടെ തകർച്ചയെ ഒരു പരിധിവരെ നമുക്ക് രക്ഷിക്കാൻ കഴിയും. അത് നടപ്പിലാക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. വളത്തിന്റെ വർദ്ധിപ്പിച്ച ടാക്സ് ഇവിടെ സൂചിപ്പിച്ചല്ലോ, കർണാടക ഗവൺമെന്റും തമിഴ്നാട് ഗവൺമെന്റും ആന്ധ്രാ ഗവൺമെന്റുമൊക്കെ ചെയ്തതുപോലെ ഇത്തരമൊരു ബുദ്ധിമുട്ടനുഭവിക്കുന്ന കാലഘട്ടത്തിൽ എന്തുകൊണ്ട് നമുക്കത് വേണ്ടെന്നു വച്ചുകൂടാ? അതു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടായെന്നുവയ്ക്കാൻ ഗവൺമെന്റ് തയ്യാറാണോ ? അത് വേണ്ടെന്നു വയ്ക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതുപോലെതന്നെ സൊസൈറ്റിവഴി, പ്രൊക്യൂവർമെന്റിന്റെ കാര്യങ്ങളെക്കുറിച്ച് പ്രഖ്യാപിച്ചു. 667 കോടി നാളികേരം ഉല്പാദിപ്പിക്കുന്ന സ്ഥലത്തുനിന്നും നാലഞ്ചു ലക്ഷം നാളികേരം പ്രൊക്യൂവർ ചെയ്തുവെന്ന് ഇപ്പോൾത്തന്നെ പറഞ്ഞല്ലോ ? നമുക്കത് പറയാൻതന്നെ നാണമാണ്. അതാണോ ശരിയായ പ്രൊക്യൂവർമെന്റ് ? അതാണോ ഗവൺമെന്റുദ്ദേശിക്കുന്നത് ? അതുകൊണ്ട് ആരെയെങ്കിലും സഹായിക്കാൻ കഴിയുമോ ? ഞങ്ങളിവിടെ പലപ്പോഴും പറഞ്ഞിട്ടുള്ളത് നമ്മുടെ പ്രാഥമിക സഹകരണസംഘങ്ങൾ വഴി അവർക്ക് പണം കടം കൊടുത്ത്, അതിനുവേണ്ടി ഒരു കോടി രൂപയെങ്കിലും മാറ്റിവച്ചിട്ട്, ആ പ്രാഥമിക സഹകരണസംഘങ്ങൾ വഴി ഇത് പ്രൊക്യൂവർ ചെയ്യണമെന്നുള്ള ഡിമാന്റാണ്. നിങ്ങളതിന് തയ്യാറാണോ ? രണ്ട് ഹെക്ടറോ മൂന്നു ഹെക്ടറോ ഉള്ള പാവപ്പെട്ട കൃഷിക്കാർക്ക് ഇന്ന് മാർക്കറ്റിൽ കിട്ടുന്ന വിലയേക്കാൾ ഒരു രൂപയെങ്കിലും കൂട്ടിക്കൊടുത്തിട്ട് നാളികേരം ശേഖരിക്കാൻ നിങ്ങൾക്ക് കഴിയുമോ ? സബ്സിഡി കൊടുത്ത് അത് പ്രൊക്യൂവർ ചെയ്യാൻ നിങ്ങളെക്കൊണ്ട് കഴിയുമോ ? 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുന്നുവെന്ന് ഇവിടെ പറഞ്ഞു. ഞാൻ ചോദിക്കട്ടെ, നിങ്ങളെക്കൊണ്ട് ചെയ്യാൻ കഴിഞ്ഞില്ല, ഗവൺമെന്റ് അതിലൊരു ആത്മാർത്ഥത കാണിച്ചില്ല. റബ്കോയാണെങ്കിലും വെയർഹൗസിംഗ് കോർപ്പറേഷനാണെങ്കിലും മാർക്കറ്റിംഗ് ഫെഡറേഷനാണെങ്കിലും ഒരു ചെറിയ ശ്രമം നടത്തി, പക്ഷേ അവർക്കത് ചെയ്യാനുള്ള ഫണ്ട് ഇതുവരെ ഗവൺമെന്റിൽ നിന്നും കൊടുത്തിട്ടില്ല. ഇപ്പോൾ ആ ശ്രമം നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് 25,000 ടൺ റബ്ബർ കയറ്റി അയയ്ക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ മന്ത്രി പറഞ്ഞത് 6,000 ടൺ എല്ലാംകൂടി കയറ്റി അയയ്ക്കാൻ കഴിഞ്ഞു എന്നാണ്. അത് വളരെ കഷ്ടമല്ലേ ? അവരെ വിളിച്ചുകൂട്ടി അവർക്കാവശ്യമുള്ള പണം കൊടുത്ത് അത് കയറ്റി അയയ്ക്കാമെന്ന് ഈ നിയമസഭയിൽ എത്രയോ തവണ ഉറപ്പു കൊടുത്തതാണ്. ഏറ്റവും ചുരുങ്ങിയത് 50,000 ടൺ റബ്ബർ എങ്കിലും ഇന്ന് കൃഷിക്കാരുടെ കൈവശമുള്ളത് പ്രൊക്യൂവർ ചെയ്ത് കയറ്റി അയയ്ക്കണമെന്നാണ് പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ളത്. അങ്ങനെ പ്രൊക്യൂവർ ചെയ്യുമ്പോൾ നിശ്ചയിച്ചിട്ടുള്ള തറവില കിട്ടത്തക്ക നിലയിലാകണം. 34 രൂപ 5 പൈസയാണ് ഇന്ന് ബെഞ്ച്മാർക്ക് പ്രൈസ്. ഒരു കിലോ റബ്ബറിന് 34.05 രൂപ കിട്ടത്തക്ക നിലയിൽ സബ്സിഡൈസ് ചെയ്ത് സഹായിച്ച് ഈ 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കാൻ കഴിഞ്ഞാൽ അത് ഇവിടെയുള്ള റബ്ബർ കൃഷിക്കാരെ ഒരു പരിധിവരെ സഹായിക്കാൻ കഴിയും. അതിനുപറ്റിയ ഒരവസരം ഇതാണ്. കാരണം വേൾഡ് മാർക്കറ്റിൽ, ഇന്റർനാഷണൽ പ്രൈസ്, ഇവിടുത്തെ പ്രൈസിനേക്കാളും വളരെ കൂടുതലാണ്. അതുകൊണ്ട് നമ്മുടെ റബ്ബർ വിദേശത്തേക്ക് കയറ്റി അയയ്ക്കാൻ കിട്ടിയ ഏറ്റവും നല്ല സന്ദർഭമാണിത് എന്നുള്ളതുകൊണ്ട് ഈ 50,000 ടൺ റബ്ബറെങ്കിലും കയറ്റി അയയ്ക്കാൻ കഴിഞ്ഞാൽ ആ മേഖലയിലും കുറെയൊക്കെ സഹായിക്കാൻ കഴിയും. അതുപോലെ അടയ്ക്കയുടെയും കാപ്പിയുടേയും വെളിച്ചെണ്ണയുടേയും നികുതി

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകളയാൻ കഴിയണം. ഒരു നിർദ്ദേശം കൂടി ഈ കാര്യത്തിൽ ഞങ്ങൾക്കുണ്ട്. അതായത് ഈ പാവപ്പെട്ട കൃഷിക്കാർ ഇങ്ങനെ കഷ്ടപ്പെടുന്ന അവസരത്തിൽ അവരുടെ കടങ്ങൾക്ക് ഒരു മോറട്ടോറിയം ഏർപ്പെടുത്തണ്ടേ ? മോറട്ടോറിയം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പ്രതിപക്ഷവും സംസ്ഥാനത്തെ വിവിധ കാർഷിക സംഘടനകളും നിരന്തരമായി ആവശ്യപ്പെടുന്നതാണ്. അതുപോലെ അവർ ബാങ്കുകാർക്ക് കൊടുക്കേണ്ട പലിശ, ഒന്നുകിൽ ആ ബാങ്കുകാരെ വിളിച്ചുകൂട്ടി അവരെക്കൊണ്ട് അത് വേണ്ടായെന്ന് വയ്പിക്കുകയോ അല്ലെങ്കിൽ ഗവൺമെന്റ് ബാങ്കുകൾക്ക് ആ പലിശകൊടുത്ത് കൃഷിക്കാരെ പലിശയിൽ നിന്നും ഒഴിവാക്കുകയോ ചെയ്യണ്ടേ? ഇത് എത്രയോ തവണ ആവശ്യപ്പെട്ടതാണ് ? എത്രയോ തവണ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് പറഞ്ഞതാണ് ? എന്നിട്ട് ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തോ ? നിങ്ങൾ അബ്കാരി കോൺട്രാക്ടർമാർക്ക്, മണിച്ചനും അതുപോലുള്ളവർക്കും പലിശ ഇളവു ചെയ്ത് കൊടുത്തില്ലേ ? കോടികൾ അതിനുവേണ്ടി ഇളവുചെയ്തുകൊടുത്തുവെന്ന് ഇന്നലെ ശ്രീ. ടി. ശിവദാസൻമോനാൻ തന്നെ സമ്മതിച്ചല്ലോ ? അബ്കാരികൾക്ക് പലിശ ഇളവുചെയ്ത് കൊടുക്കാമെന്നുണ്ടെങ്കിൽ ഈ പാവപ്പെട്ട കൃഷിക്കാർക്ക് അവരെടുത്തിട്ടുള്ള കടത്തിന് പലിശ ഇളവുചെയ്തു കൊടുക്കാൻ കഴിയില്ലേ ? അപ്പോൾ ഇത്തരം കാര്യങ്ങൾ ചെയ്യാമെന്നു പറഞ്ഞു എന്നുള്ളതല്ലാതെ ചെയ്യാൻ ഈ ഗവൺമെന്റ് ഒരിക്കലും മുൻപോട്ടു വന്നിട്ടില്ല. പ്രഖ്യാപനങ്ങൾ മാത്രം പോരല്ലോ, എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ പ്രഖ്യാപനങ്ങൾ നടത്താൻ മിടുക്കനാണ്. എത്രയോ പ്രഖ്യാപനങ്ങളാണ് അങ്ങ് നടത്തിയിട്ടുള്ളത് ? അങ്ങ് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ മാത്രം വായിച്ചാൽ കേരളത്തിലെ കൃഷിക്കാർ എന്ത് സമ്പന്നരായിയെന്ന് അറിയാമോ ? ഇവിടെ ഉല്പാദനം എത്രയോ വർദ്ധിപ്പിച്ചു, വേണമെങ്കിൽ നമുക്ക് വിദേശത്തേയ്ക്ക്കൂടി കയറ്റുമതി ചെയ്യാനുള്ള നെല്ലും പച്ചക്കറിയും അതുപോലെയുള്ളതുമൊക്കെ അങ്ങയുടെ കാലത്ത് ഇവിടെ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നാണ് അങ്ങയുടെ പ്രഖ്യാപനങ്ങൾ . പൊൻമണി വർഷം തുടങ്ങി എത്രയെല്ലാം വർഷങ്ങൾ. സത്യത്തിൽ എന്തെങ്കിലും ഈ സംസ്ഥാനത്ത് നടന്നിട്ടുണ്ടോ ? സംസ്ഥാനത്തെ കൃഷിക്കാർ ഓരോ ദിവസവും ദുരിതത്തിലേക്ക്, ബുദ്ധിമുട്ടിലേക്ക്, കഷ്ടപ്പാടിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ജനതയുടെ ബഹുഭൂരിപക്ഷവും 80%-വും വരുന്നത് കൃഷിക്കാരാണ്. ഈ പാവപ്പെട്ടവരുടെ കണ്ണീർ കണ്ടിട്ട് നിങ്ങൾക്ക് മനസ്സ് അലിയുന്നില്ലല്ലോ ? ഇത് ഗൗരവമായ ഒരു പ്രശ്നമാണ്. 6,000 കോടി രൂപ പ്രതിവർഷം വരുമാന നഷ്ടമുണ്ടാക്കുന്ന ഇത്തരം ഗൗരവമുള്ള പ്രശ്നം ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തിട്ട് നമുക്ക് അതിനുയോജിച്ച ഒരു ഫോർമുല കണ്ടു പിടിച്ച് കേന്ദ്ര ഗവൺമെന്റിൽ പോകാനോ, പ്രധാനമന്ത്രിയെ കാണാനോ ഈ കാര്യത്തിൽ കൂട്ടായിട്ട്, രാഷ്ട്രീയത്തിനതീതമായി സമ്മർദ്ദം ചെലുത്താനോ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള, ഒരു ചെറിയ ശ്രമത്തിനുപോലും നിങ്ങൾ അനുകൂലമല്ലല്ലോ ? ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്, ഈ സഭ നിർത്തിവയ്ക്കണം. ഇത് ഗൗരവമായിത്തന്നെ ചർച്ച ചെയ്യണം, കേന്ദ്ര ഗവൺമെന്റിൽ കൂട്ടായി, നമ്മൾ ഒരുമിച്ചുനിന്നുകൊണ്ട്, രാഷ്ട്രീയത്തിനതീതമായി പാവപ്പെട്ട കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിത്തരാൻ നമുക്ക് കൂട്ടായി ആവശ്യപ്പെടാൻ വേണ്ടി ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ വീണ്ടും ആവശ്യപ്പെടുകയാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അദ്ദേഹം തന്നെ എനിക്ക് വേണ്ടി ഇവിടെ സംസാരിച്ചിട്ടുണ്ട്. എനിക്കു പറയാനുള്ളതും പ്രൈസസ് ബോർഡിന്റെ കണക്കുകൾ തന്നെയാണ്. അതാണ് അദ്ദേഹം ദേശാഭിമാനി പത്രത്തിൽ നിന്നും വായിച്ചത്, പത്രത്തിന്റെ പേരു പറഞ്ഞില്ല, അതു പറയേണ്ട ഉത്തരവാദിത്വം അദ്ദേഹത്തിനുണ്ടായിരുന്നു.

ശ്രീ. പി. പി. തങ്കച്ചൻ : സർ, പ്രൈസസ് ബോർഡിന്റെ കണക്ക് പറയാൻ ഇക്കണോമിക് റിവ്യൂവിലെ ഇംഗ്ലീഷൊക്കെ വായിക്കാനറിയാവുന്ന ഒരാളാണ് ഞാൻ.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഉവ്വുവ്വ്, ഞങ്ങൾക്ക് ഇന്നലെ പ്രസിദ്ധീകരിച്ച കണക്കുണ്ട്. അതിൽ എനിക്ക് ഒറ്റ കാര്യം മാത്രമേ പറയാനുള്ളൂ. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. എസ്.ടി.സി. സംഭരിക്കുന്ന റബ്ബറിന്റെ 11% പ്രൊവിഷൻ ടാക്സ് ഈ സംസ്ഥാന ഗവൺമെന്റ് വേണ്ടന്നുവച്ചതാണ്. അതുപോലെതന്നെ കൊപ്രായ്ക്ക് 4% ടാക്സുണ്ടായിരുന്നത് ഗവൺമെന്റ് വേണ്ടെന്നുവച്ചു..... (ബഹളം).....ചായയ്ക്ക് 8% ടാക്സുണ്ടായിരുന്നത് 4% ആക്കി. കാപ്പിക്കുണ്ടായിരുന്ന ടാക്സ് 4% ആക്കി. അതുപോലെ അഞ്ചു ഹെക്ടർ വരെയുള്ള തോട്ടങ്ങളെ കാർഷികാദായനികുതിയിൽ നിന്ന് ഒഴിവാക്കി. നികുതി കാര്യങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പു സാമ്പത്തിക വർഷത്തിൽ വിവിധ കർഷകർക്കു ചെയ്ത ആനുകൂല്യങ്ങളാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. ബഹുമാന്യനായ പി.പി. തങ്കച്ചൻ ഒന്നും ചെയ്തില്ലെന്നു പറഞ്ഞപ്പോൾ സൂചിപ്പിച്ചതാണ്. മറ്റൊരു കാര്യം കൂടി പറയട്ടെ, ഇവിടെ നാളികേരം വാങ്ങാൻ കാശില്ലെന്നു പറഞ്ഞു. സംസ്ഥാന ഗവൺമെന്റിന്റെ ഗ്യാരന്റിയിൽ, സംസ്ഥാന കാർഷിക വികസന ബാങ്ക് നബാർഡിൽ നിന്നു വാങ്ങിയിട്ടുള്ള 350 കോടി രൂപയുണ്ട്, ആ പണമത്രയും തമിഴ്നാട്ടിൽ കൊണ്ടുപോയി സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുകയാണ്. ആ പണം തിരിച്ചു കൊണ്ടു വരുന്നതിന് സംസ്ഥാന ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ പണം ഉപയോഗിച്ച് നാളികേരം ശേഖരിച്ച് സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കും. നാളികേര കൃഷിക്കാർക്ക് ഒരു പുനർവായ്പ എടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ഇതുവരെയുള്ള ഹ്രസ്വകാല വായ്പ മധ്യകാല വായ്പയാക്കി മാറ്റുകയും അങ്ങനെ ഒരു പുനർവായ്പ കൂടി

LIBRARY ARCHIVES Kerala Legislative Assembly

കർഷകന് ലഭിക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയുമുണ്ടായിട്ടുണ്ട്. എനിക്ക് പറയാനുള്ളത് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായിട്ട് ഉണ്ടാകുന്ന ദുരിതങ്ങൾ മുഴുവൻ ഒരു സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ പരിഹരിക്കാൻ സാധ്യമല്ല. അതുകൊണ്ടാണല്ലോ ആന്ധ്രയിലെ പുകയില കൃഷിക്കാരും അവിടത്തെ പരുത്തിക്കൃഷിക്കാരും കൂട്ട ആത്മഹത്യ ചെയ്യുന്നത്. അങ്ങ് വായിച്ചിട്ടുണ്ടായിരിക്കുമല്ലോ ? ആന്ധ്രയിലെ കൃഷിക്കാർ ജീവിക്കുവാൻ വഴിയില്ലാതെ കിഡ്നി വിൽക്കുകയാണ്. അങ്ങയുടെ പാർട്ടി ഭരിക്കുന്ന കർണാടകത്തിൽ നിലക്കടല കൃഷിക്കാർ കൂട്ട ആത്മഹത്യ ചെയ്യുകയാണ്. ശ്രീ.കാർത്തികേയൻ, അങ്ങ് അങ്ങനെയാകരുത്. ഹരിത വിപ്ളവത്തിന് നേതൃത്വം കൊടുത്ത പഞ്ചാബിലെ കർഷക തലമുറ ഇന്ന് കൂട്ട ആത്മഹത്യ ചെയ്യുകയാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടാകുന്ന ദുരിതങ്ങൾ ഒരു സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പരിഹരിക്കുവാൻ കഴിയുകയില്ല എന്നാണ്. എനിക്ക് ശ്രീ. പി. പി. തങ്കച്ചനോട് ചോദിക്കുവാനുള്ളത്, ഈ പുത്തൻ സാമ്പത്തിക നയം തിരുത്തുവാൻ നിങ്ങൾ തയ്യാറുണ്ടോ എന്നാണ്. ഈ പുത്തൻ സാമ്പത്തിക നയം ആവിഷ്ക്കരിച്ചത് അങ്ങയുടെ പാർട്ടിയാണ്. പത്ത് വർഷം കഴിഞ്ഞില്ലേ? ആ നയം ആവിഷ്ക്കരിച്ച ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയ്ക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്(ഐ) ഈ നയം തിരുത്താൻ തീരുമാനിക്കുമോ? അതാണ് വേണ്ടത്. അങ്ങയുടെ പ്രസിഡന്റ്, പ്രതിപക്ഷ നേതാവ്, ബഹുമാന്യനായ സോണിയാഗാന്ധി ഫിക്കി സമ്മേളനത്തിൽ പോയി പറഞ്ഞതെന്താണ്? അത് ഉത്ഘാടനം ചെയ്തത്. നമ്മുടെ പ്രധാനമന്ത്രിയാണ്. ആ സമ്മേളനത്തിൽ അഭിസംബോധന ചെയ്ത് സംസാരിച്ചത് പാർലമെന്റിലെ പ്രതിപക്ഷനേതാവായ കോൺഗ്രസ്സിന്റെ പ്രസിഡന്റാണ്. അവർ പറഞ്ഞതെന്താണ്? ഈ സാമ്പത്തികനയം തുടരാനാണ് കോൺഗ്രസ്സ് (ഐ) ആഗ്രഹിക്കുന്നതെന്നാണ്. ആ നയം മുറുകെ പിടിച്ചുകൊണ്ട് എങ്ങനെയാണ് കൃഷിക്കാരെ സഹായിക്കാൻ കഴിയുക? 'അമ്മയുടെ മടിയിലിരിക്കുകയും വേണം അച്ഛനോടൊപ്പം ഉത്സവം കാണാൻ പോകുകയും വേണം' എന്ന നയം സ്വീകരിച്ചാൽ നടക്കില്ല. ഈ നയം തിരുത്താൻ ബഹുമാന്യനായ സുഹൃത്ത് പി. പി. തങ്കച്ചന്റെ പാർട്ടി തയ്യാറാകണം. എന്നാലേ ഇന്ത്യ രക്ഷപ്പെടൂ. ഇന്ത്യയിലെ കർഷകസമൂഹം രക്ഷപ്പെടുകയുള്ളൂ. അവിടെ നിന്നുകൊണ്ട് എന്തും പറഞ്ഞിട്ട് കാര്യമില്ല. എനിക്ക് മറ്റൊരു കാര്യം കൂടി പറയാനുണ്ട്. അങ്ങയുടെ അനുമതിയും ഈ സഭയും അംഗീകരിക്കുകയാണെങ്കിൽ ഈ സഭ പിരിയുന്നതിനുമുൻപ് ചട്ടം 130 അനുസരിച്ച് ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രമേയം ഗവൺമെന്റ് ഈ സഭയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുണ്ട്. അതിന് അങ്ങയുടെ അനുമതിയും സഭയുടെ അംഗീകാരവും അത്യാവശ്യമാണ്. അത് ലഭിക്കുകയാണെങ്കിൽ ഞാൻ അതിന് തയ്യാറാണ്. അതാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ ചോദിച്ചു, എന്താണ് ഭരണകക്ഷിയും പ്രതിപക്ഷവും യോജിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പോകാതിരുന്നതെന്ന് ; എന്തുകൊണ്ട് അതിന് ഭരണകക്ഷി കൂട്ടാക്കിയില്ല എന്ന്. ഇതാണ് ശ്രീ.പി. പി. തങ്കച്ചൻ പ്രധാനമായും ഉന്നയിച്ച കാര്യങ്ങൾ. ശ്രീ.പി.പി.തങ്കച്ചൻ ഡൽഹിയിൽ നടന്ന ജാഥയിൽ വന്നിട്ടില്ലായിരിക്കാം. പക്ഷേ ഞങ്ങളെല്ലാം ഒന്നിച്ചാണ് പോയത്. ശ്രീ. എ. കെ. ആന്റണിയും, ശ്രീ.കെ.കരുണാകരനും, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുമൊക്കെ ഉണ്ടായിരുന്നില്ലേ ? രണ്ടായിരാമാണ്ട് ഏപ്രിൽ മാസം ഡൽഹിയിൽ ജാഥയായിപ്പോയി, ധർണ്ണ നടത്തി, പ്രധാനമന്ത്രിക്ക് ഞങ്ങൾ മെമ്മോറാണ്ടം കൊടുത്തു. ശ്രീ. പി. പി. തങ്കച്ചൻ ചോദിക്കുകയാണ് എന്താണ് പോകാത്തതെന്ന്. നിങ്ങൾ ഇല്ലായിരിക്കാം, ബാക്കിയുള്ളവർ ഉണ്ടായിരുന്നു. ശ്രീ. തങ്കച്ചന് ഓർമ്മയില്ലെങ്കിൽ ആ ഓർമ്മ പുതുക്കാൻ മറ്റുള്ളവരോടെങ്കിലും രണ്ട് വാക്ക് ചോദിക്കാമായിരുന്നല്ലോ. ഞങ്ങൾ ഒന്നായിട്ടാണ് പോയത്. ഒന്നായിട്ടാണ് പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം കൊടുത്തത്. കൃഷിക്കാരുടെ പ്രശ്നത്തിനാണ് പോയത്. കേരളത്തിലെ കർഷകരുടെ പ്രശ്നത്തിനാണ് മെമ്മോറാണ്ടം കൊടുത്തത്. കാർഷിക പ്രശ്നം ഉൾപ്പെടെ നിവേദനം കൊടുത്തു. അതിന് നിങ്ങൾ എതിരാണോ ? എല്ലാവരും ചേർന്നാണ് കൊടുത്തത്. ഇന്ത്യാ രാജ്യത്തിന്റെ സാമ്പത്തിക നയത്തെപ്പറ്റി ഒരക്ഷരം ഇവിടെ മിണ്ടിയിട്ടില്ല. എന്തുകൊണ്ട് കാർഷിക പ്രശ്നം ഇത്ര രൂക്ഷമായി? എന്തുകൊണ്ട് ആന്ധ്രയിൽ രൂക്ഷമായി ? എന്തുകൊണ്ട് കോൺഗ്രസ്സ് ഭരിക്കുന്ന മഹാരാഷ്ട്രയിൽ രൂക്ഷമായി ? ഒരു അക്ഷരം മിണ്ടിയില്ല. ഈ ഗവൺമെന്റിന്റെ നയത്തെപ്പറ്റി വിമർശിച്ചു. വിമർശനം നല്ലതാണ്. കേന്ദ്ര ഗവൺമെന്റിന്റെ 1991 മുതൽ കൊണ്ടു വന്ന നയത്തെപ്പറ്റി പറയേണ്ടതായിരുന്നു. അതിനു നിങ്ങൾ തയ്യാറുണ്ടോ ? ഈ തരത്തിലുള്ള രാഷ്ട്രീയ പ്രചരണം കൊണ്ട് മുതലാകുമോ ? ഈ കേരളത്തെ മുതലാക്കാൻ കഴിയുമോ ? കഴിയുകയില്ല. എന്താണ് അതിനു കാരണം ? സാർക്ക് രാജ്യങ്ങളുമായി, പ്രത്യേകിച്ച് ശ്രീലങ്കയുമായി ഉണ്ടാക്കിയ സ്വതന്ത്ര ഇറക്കുമതി കരാർ, അമേരിക്കയുമായി ഉണ്ടാക്കിയ ഉടമ്പടി, ഇതിന്റെ ഭാഗമായിട്ടാണ് ഇന്ത്യയിലേക്ക് സ്വതന്ത്ര ഇറക്കുമതി നയം അനുവദിച്ചത്. 2001 ഏപ്രിൽ മുതൽ എല്ലാ ഉല്പന്നങ്ങളുടെയും മേലുള്ള എല്ലാ നികുതിയേതര ഇറക്കുമതി നിയന്ത്രണങ്ങളും എടുത്തു കളയാൻ തീരുമാനിച്ചതുവഴി കേരളത്തിലേയ്ക്ക് വിദേശ ഉല്പന്നങ്ങളുടെ കുത്തൊഴുക്ക് ആരംഭിച്ചു കഴിഞ്ഞു. ടൈറ്റാനിയം ഉല്പന്നങ്ങൾ, നാളികേരം, വെളിച്ചെണ്ണ, റബ്ബർ തുടങ്ങി തേങ്ങാപ്പിണാക്കുവരെ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ടു. ഈ നയത്തിന്റെ ഫലമായി കേരളത്തിന്റെ സമസ്ത മേഖലകളിലും പ്രതിസന്ധിയുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതാണ് ശ്രീ. തങ്കച്ചൻ ഇവിടെ പറഞ്ഞത്. നരസിംഹറാവു ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ഉദാരവൽക്കരണ നടപടികൾ കൂടുതൽ ശക്തമായി ബി.ജെ.പി. സർക്കാർ തുടരുകയാണ്. അതിന്റെ അനന്തരഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. ഈ നയങ്ങൾ നടപ്പിലാക്കുകവഴി സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ ശക്തമായ നടപടികൾ നാം സ്വീകരിച്ചിട്ടുണ്ട്. 1996 ഒക്ടോബർ 31-ന് മന്ത്രിസഭാ തലത്തിൽ തന്നെ മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് നൽകുകയുണ്ടായി. ഈ മെമ്മോറാണ്ടത്തിൽ സംസ്ഥാനത്തെ കാർഷിക മേഖല നേരിടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ വിശദമായിത്തന്നെ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിക്ക് കൊടുത്ത മെമ്മോറാണ്ടം എന്റെ കൈയിലുണ്ട്. ഇതിനകത്ത് അഗ്രിക്കൾച്ചറൽ പ്രോഡക്ടിന്റെ മുഴുവൻ സംഗതികളും ഉണ്ട്. രണ്ട് മെമ്മോറാണ്ടം എന്റെ കൈയിലുണ്ട്. തുടർന്ന് ഓരോ പ്രശ്നത്തിന്റെയും ഗുരുതരാവസ്ഥ ബോധ്യപ്പെടുത്തി പ്രധാനമന്ത്രിക്കും മറ്റു മന്ത്രിമാർക്കും മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. 27-4-2000-ൽ മന്ത്രിസഭാംഗങ്ങൾ നേരിട്ട് പ്രധാനമന്ത്രിക്ക് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. നിയമസഭയിലെ കക്ഷി നേതാക്കൾ മുഴുവൻ പങ്കെടുത്തുകൊണ്ട് പ്രധാനമന്ത്രിക്ക് നിവേദനം നൽകുകയും കേരളത്തിന്റെ പ്രതിഷേധസൂചകമായി ഡൽഹിയിൽ ധർണ്ണ നടത്തുകയും ചെയ്തു. .....(ബഹളം).....നിങ്ങളുടെ കൈയിലും ഉണ്ടാകണം. ഇല്ലാതിരിക്കാൻ പറ്റില്ലല്ലോ. ശ്രീ.പി. പി. തങ്കച്ചൻ പറഞ്ഞതൊക്കെ ഇതിനകത്തുണ്ട്. കൃഷിക്കാരും. മറ്റു ബഹുജന പ്രസ്ഥാനങ്ങളും ചേർന്ന് നിരവധി പ്രക്ഷോഭപരിപാടികൾ നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കഴിവിന്റെ പരമാവധി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ രാജ്യത്ത് കേന്ദ്ര സർക്കാർ നടപ്പാക്കിയ സാമ്പത്തിക നയത്തിന്റെ ഫലമായി കാർഷിക മേഖലയെ കടുത്ത പ്രതിസന്ധിയിലേക്ക് എത്തിക്കുകയാണ് ചെയ്യുന്നത്. ഇതു ഇവിടെ മാത്രമല്ല, മഹാരാഷ്ട്രയിലെ പരുത്തിക്കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ആന്ധ്രയിലെ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ഈ സംഭവങ്ങളൊക്കെ ഇൻഡ്യാരാജ്യത്ത് നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന സാമ്പത്തിക നയത്തിന്റെ ഭാഗമായി കാർഷിക മേഖലയെ കടുത്ത പ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെയാകെ പ്രശ്നമാണ്. ഒരു കക്ഷിയുടെ മാത്രം പ്രശ്നമല്ല. കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി തകർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ കാർഷിക പ്രശ്നം ഒരു കക്ഷിയുടെ മാത്രം പ്രശ്നമല്ല. എല്ലാ കക്ഷികളുടേയും പ്രശ്നമാണ്. ഇത് കേരളത്തിന്റെയാകെ പ്രശ്നമാണ്. ഇതിന് കാരണം കേന്ദ്ര ഗവൺമെന്റിന്റെ പുത്തൻ സാമ്പത്തിക നയമാണ്. ആ നയം തിരുത്താതെ പ്രതിസന്ധി പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് അതിനാവശ്യമായ രീതിയിൽ ജനങ്ങളുടെ കൂട്ടായ പ്രവർത്തനം വരേണ്ടതായിട്ടുണ്ട്. കക്ഷി-രാഷ്ട്രീയ പ്രവർത്തനങ്ങൾക്കതീതമായി യോജിച്ച പ്രസ്ഥാനം ഉയർന്നു വരണം. അങ്ങനെയുള്ള പ്രസ്ഥാനം ഉയർന്നുവന്നുകൊണ്ട് കേരളത്തിന്റെ കാർഷിക മേഖലയേയും സാമ്പത്തിക ഘടനയേയും തകർച്ചയിലേക്ക് നയിക്കുന്ന പുത്തൻ സാമ്പത്തിക നയം തിരുത്തുന്നതിനു വേണ്ടി ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച പ്രക്ഷോഭം ഇനിയും തുടരണം. മുൻപ് നിവേദനം കൊടുത്തതുകൊണ്ടുമാത്രം ശ്രീ. വാജ്പേയി ഇത് കേട്ടിട്ടില്ല. അന്ന് ശ്രീ.എ.കെ.ആന്റണിയും ശ്രീ.കെ.കരുണാകരനും എല്ലാപേരും കൂടിയാണ് മെമ്മോറാണ്ടം കൊടുത്തത്. ശ്രീ.വാജ്പേയി കേട്ടിട്ടില്ല. ഇനിയും യോജിച്ച പ്രക്ഷോഭം വളർന്നുവരണം. വേണമെങ്കിൽ 130 അനുസരിച്ച് പിന്നെ ചർച്ച ചെയ്യാവുന്നതാണ്. ഇപ്പോൾ ഇത് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : സർ, കോൺഗ്രസ്സ് കൊണ്ടുവന്ന ഉദാരവൽക്കരണത്തിന്റെ ഫലമാണ് ഇതിന്റെയൊക്കെ അടിസ്ഥാനമെന്ന് അങ്ങ് പറഞ്ഞല്ലോ. നരസിംഹറാവു അധികാരത്തിലിരുന്ന കാലത്ത് അതായത് 1991-96 കാലഘട്ടത്തിൽ ഈ പറയുന്ന നാണ്യവിളകളിൽ ഒന്നിന്റേയും വില കുറഞ്ഞില്ല എന്നുമാത്രമല്ല എല്ലാം കൂടുകയാണ് ചെയ്തത്.

ശ്രീ. ഇ. കെ. നായനാർ : ഉദാരവൽക്കരണവും ആഗോളവൽക്കരണവും കൂടിയാണ് ഇത് പൊളിച്ചത്. ശ്രീ. മൻമോഹൻസിംഗ് ആണ് അതിന്റെ ആള്. .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്.....രണ്ട് ഭാഗത്തുനിന്നുമുണ്ടായ അഭിപ്രായങ്ങളും വികാര പ്രകടനങ്ങളും വച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പ്രതിപക്ഷനേതാവിനോടും ചോദിക്കുന്നത് നമുക്ക് ചട്ടം 130 അനുസരിച്ച് എന്തുകൊണ്ട് ഒരു ചർച്ച ആയിക്കൂടാ. ചർച്ചയാകാമെങ്കിൽ അതിനുള്ള സമയവും സന്ദർഭവും കണ്ടെത്താം. അതിന് ബുദ്ധിമുട്ടില്ല.

ശ്രീ. എ. കെ. ആന്റണി : ഇപ്പോൾ എല്ലാ നടപടികളും നിർത്തിവച്ചുകൊണ്ട് നമ്മുടെ സഭയിലെ അജണ്ടയിലുള്ളത് സ്പോർട്സ് ബിൽ മാത്രമാണ്. അത് പാസ്സാക്കിത്തരാൻ ഞങ്ങൾ സഹകരിക്കാം. പക്ഷേ ഇപ്പോൾ എല്ലാ നടപടികളും നിർത്തിവച്ചു നമുക്ക് ആദ്യം കാർഷിക പ്രശ്നം ചർച്ച ചെയ്യാം. ആ ചർച്ച കഴിഞ്ഞതിനുശേഷം സ്പോർട്സ് ബിൽ പാസ്സാക്കാൻ ഞങ്ങൾ സഹകരിക്കാം. ആദ്യം കേരളത്തിലെ കൃഷിക്കാർ കൂട്ട ആത്മഹത്യയിലേക്ക് പോകാനുള്ള സാഹചര്യമൊഴിവാക്കാൻ വേണ്ടി കാർഷിക പ്രശ്നം ചർച്ച ചെയ്തതിനുശേഷം സ്പോർട്സ് ബില്ല് പാസ്സാക്കാൻ ഞങ്ങൾ സഹകരിക്കാം.....(ബഹളം).....

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : വെറും സാങ്കേതിക കാര്യത്തിൽ പിടിച്ചുകൊണ്ട് പ്രശ്നത്തിൽ നിന്നും ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റിന് അതിൽ വലിയ ആശങ്കയുണ്ട്. അതുകൊണ്ട് സെക്ഷൻ 130 അനുസരിച്ചുള്ള ഡിസ്കഷൻ ആകാം. അല്ലാതെ ഇതിന്റെ മുകളിൽ രാഷ്ട്രീയ മുതലെടുപ്പ് അനുവദിക്കാൻ പറ്റുകയില്ല.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞു ഗവൺമെന്റിന് ആശങ്കയുണ്ട്, അടിയന്തിരപ്രശ്നമാണെന്ന്. ഈ സഭ തുടങ്ങിയിട്ട് ഈ സഭയുടെ ബിസ്സിനസ്സിൽ ഇങ്ങനെയൊരു വിഷയം ചർച്ചയ്ക്ക് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായില്ല. ഗവൺമെന്റിന് ഈ കാര്യത്തിൽ യാതൊരു താല്പര്യവും ഇല്ല, ഗവൺമെന്റിന് ആത്മാർത്ഥതയുമില്ല. ഗവൺമെന്റിന് താല്പര്യമുണ്ടായിരുന്നുവെങ്കിൽ ഈ സഭയുടെ ബിസിനസ്സ് നിശ്ചയിച്ചപ്പോൾ ഇന്ന് കേരളത്തിലെ ഏറ്റവും വലിയ

പ്രശ്നമായ കാർഷിക പ്രശ്നം നിങ്ങൾ ഈ സഭയുടെ ബിസിനസ്സ് തയ്യാറാക്കിയപ്പോൾ ചർച്ച ചെയ്യാൻ സമയം കണ്ടെത്തുമായിരുന്നു. അതിനൊരു പ്രമേയം കൊണ്ടുവരണമായിരുന്നു. നിങ്ങൾ പരാജയപ്പെട്ടിടത്ത് നിങ്ങൾ മുൻകൈയെടുക്കാത്ത സാഹചര്യത്തിലാണ് ഞങ്ങൾ അടിയന്തിര പ്രമേയം കൊണ്ടുവന്നത്. അതുകൊണ്ട് ഞാൻ ഒരു കാര്യം പറയാം. ഈ സഭയിൽ ആകെയുള്ള ബിസിനസ്സ് ഭരണഘടനാപരമായ കടമ നിർവഹിക്കാൻ വേണ്ടി മാത്രമുള്ള; ഈ സഭയുടെ ഏക ബിസിനസ്സ് സ്പോർട്സ് ബില്ലാണ്. അത് പാസ്സാക്കി തരാൻ പ്രതിപക്ഷം കലവറയില്ലാതെ സഹകരിക്കാം. പക്ഷേ ആദ്യം മറ്റെല്ലാ നടപടിയും നിർത്തിവച്ച് നമുക്ക് കാർഷിക പ്രശ്നം ചർച്ച ചെയ്യാം. അതാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. ടി. ശിവദാസമേനോൻ : കേന്ദ്രത്തിന്റെ വികൃതമായ ഇറക്കുമതി നയത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള ദുരിതത്തെ സംബന്ധിച്ചു കേരളം ഇന്നലെ തിളച്ചുമറിയുകയായിരുന്നു. ഇവർ എവിടെ ആയിരുന്നു ? ഇന്നലെ' കേരളം തിളച്ച് മറിയുകയായിരുന്നു. ഇപ്പോൾ കുറെ രോഷവുമായിട്ട് വന്നിരിക്കുന്നു. നമുക്ക് എല്ലാപേർക്കും കൂടി കേരളത്തിന്റെ വികാരം കേന്ദ്രത്തെ അറിയിക്കാം. നമുക്ക് ഒരുമിച്ച് പോകാം. അല്ലാതെ ഇതിന്റെ ഉത്തരവാദിത്വം കേരളാ ഗവൺമെന്റിനാണെന്ന് വരുത്തിത്തീർക്കാനാണ് ഭാവമെങ്കിൽ അത് നടക്കില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഇവിടെ ഞങ്ങൾ റൂൾ 50 അനുസരിച്ച് ഇന്ന് നോട്ടീസ് തന്നിരിക്കുകയാണ്. റൂൾ 50-ൽ പറയുന്നത് ഇന്നത്തെ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നുള്ളതാണ്. അതിനകത്താണ് ഏറ്റവും കൂടുതൽ അടിയന്തിരപ്രാധാന്യമുള്ളത്. ഇന്നലെ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടിയപ്പോൾ പോലും 130 അനുസരിച്ചുള്ള വിഷയങ്ങളെ സംബന്ധിച്ചു പരാമർശിച്ചപ്പോൾതന്നെ ഗവൺമെന്റിന് ബിൽ പാസ്സാക്കാനും ഓർഡിനൻസ് പാസ്സാക്കാൻ പോലും സമയമില്ല എന്നു പറഞ്ഞു. ഞങ്ങൾ ഇന്ന് റൂൾ 50 അനുസരിച്ച് നോട്ടീസ് തന്നപ്പോൾ മാത്രമാണ് ഇപ്പോൾ re-thinking വന്നിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾതന്നെ ഈ പ്രശ്നം ചർച്ച ചെയ്തിട്ട് സ്പോർട്സ് ബിൽ പാസ്സാക്കാം, അതിന് ഞങ്ങൾ സഹകരിക്കാം.....(ബഹളം).....

മി. സ്പീക്കർ : ഈ പ്രശ്നത്തിന്റെ അതീവ ഗൗരവം കണക്കിലെടുത്തു കൊണ്ട് തന്നെയാണ് ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ വന്നത്. അതിന് ചട്ടങ്ങളും കാര്യങ്ങളുമൊക്കെ അവിടെ ഇരിക്കട്ടെ. മുഖ്യമന്ത്രി ചർച്ചയ്ക്ക് സന്നദ്ധമാണെന്ന് പറഞ്ഞു. ബിൽ പാസ്സാക്കിയിട്ട് ചർച്ച ചെയ്യാമെന്നാണ്. ഒരു യോജിപ്പിൽ എത്താൻ ആലോചിക്കുക. എങ്ങനെവേണമെങ്കിലും ചർച്ചയ്ക്ക് എടുക്കാം. പ്രതിപക്ഷ നേതാവ് ഒരു അഭിപ്രായ പ്രകടനം നടത്തി. ഇപ്പോൾതന്നെ ചർച്ച ചെയ്യണമെന്ന്. അതും സഭയുടെ മുന്നിലുണ്ട്. ഇപ്പോൾ ചർച്ച ചെയ്യാൻ കഴിയുമെങ്കിൽ അങ്ങനെയാകുന്നതിനും വിരോധമില്ല. അല്ലെങ്കിൽ സ്പോർട്സ് ബിൽ കഴിഞ്ഞിട്ട് നാളെ 21-ാം തീയതി അപ്രോപ്രിയേഷൻ മാത്രമേയുള്ളൂ. അന്ന് ഒരു മണിക്കൂർ മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

ബിസിനസ്സുള്ളത് അതുകഴിഞ്ഞ് സമയമുണ്ട്. രണ്ടുമാകാം ..... (ബഹളം).....ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണ് ?

ശ്രീ. ഇ. കെ. നായനാർ : സ്പോർട്സ് ബിൽ പാസ്സാക്കിയതിനുശേഷം ചർച്ചയാകാം.

ശ്രീ. എ. കെ. ആന്റണി : സർ, ഞങ്ങളുടെ നിലപാട് വളരെ വ്യക്തമാണ്. ഈ സമ്മേളനം ആരംഭിക്കുന്ന സമയത്ത് കേരളത്തിന്റെ ഏറ്റവും വലിയ പ്രശ്നമായ കാർഷിക പ്രശ്നം ചർച്ച ചെയ്യണമെന്നുണ്ടായിരുന്നുവെങ്കിൽ ഗവൺമെന്റിന് ഒരു പ്രമേയം കൊണ്ടുവരാമായിരുന്നു. ഗവൺമെന്റ് അതിന് തയ്യാറായില്ല. അതുകൊണ്ട് ഞങ്ങൾ അടിയന്തിരപ്രമേയം കൊണ്ടുവന്നു. ഇത് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും രൂക്ഷമായ ഒരു പ്രശ്നമാണ്. അതുകൊണ്ട് ആദ്യം ഈ പ്രശ്നം ചർച്ച ചെയ്യുക. അതിനുശേഷം ഇന്നുതന്നെ സ്പോർട്സ് ബിൽ പാസ്സാക്കാൻ സഹകരിക്കാം.

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഈ പ്രശ്നം കയ്യോടെ ചർച്ച ചെയ്തിട്ട് ഇന്നു തന്നെ സ്പോർട്സ് ബില്ലിലെ ബഹുഭൂരിപക്ഷം ഭേദഗതികളും ഒഴിവാക്കിക്കൊണ്ട് പാസ്സാക്കിത്തരാം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും വ്യക്തമായ അഭിപ്രായങ്ങൾ പറഞ്ഞുകഴിഞ്ഞു. ചർച്ച ഇന്നുതന്നെ വേണമെന്ന് പ്രതിപക്ഷനേതാവും ഇന്നു സ്പോർട്സ് ബിൽ പാസ്സാക്കി കഴിഞ്ഞിട്ട് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞുകഴിഞ്ഞു. രണ്ടുപേരുടെയും അഭിപ്രായത്തിൽ ഒരു മീറ്റിംഗ് പോയിന്റ് ഇല്ല. ഈ വിഷയം അടിയന്തിരപ്രമേയമായി ചർച്ച ചെയ്യാൻ കഴിയുകയില്ല. അടിയന്തിരപ്രമേയമായി ഇങ്ങനെയൊരു വിഷയം ചർച്ചചെയ്ത ചരിത്രം സഭയിൽ ഉണ്ടായിട്ടില്ല. അതേ സമയം മറ്റൊരു റൂൾ പ്രകാരം ചർച്ച ചെയ്തിട്ടുണ്ട്.....(ബഹളം) ..... ഈ വിഷയം റൂൾ 50 പ്രകാരം ചർച്ച ചെയ്യാൻ ചില തടസ്സങ്ങളുണ്ട്. റൂൾ 50 പ്രകാരമല്ലാതെ ഇപ്പോൾത്തന്നെ ചർച്ച ചെയ്യാം. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിച്ചപ്പോൾ ഒരു മീറ്റിംഗ് പോയിന്റിൽ എത്താത്തതുകൊണ്ട് ചെയറിന് ഒരു തീരുമാനമെടുക്കാൻ നിർവ്വാഹമില്ലായെന്നുള്ള കാര്യം അറിയിക്കുകയാണ്. ഇക്കാര്യത്തെ സംബന്ധിച്ച് പഴയ പാരമ്പര്യം പറയേണ്ട കാര്യമില്ല. ഈ സഭയിൽത്തന്നെ ചർച്ച ചെയ്ത പാരമ്പര്യമുണ്ട്. ..... (ബഹളം).....ഇക്കാര്യത്തിൽ ഈ സഭയ്ക്കകത്തുതന്നെ ഒരു പ്രീസിഡന്റ് ഉണ്ട്. പത്താം കേരള നിയമസഭയിൽ 2000 മാർച്ച് 23 വ്യാഴാഴ്ച സമാനസ്വഭാവമുള്ള ഒരു വിഷയം അടിയന്തിരപ്രമേയമായിട്ട് വന്നു. പാചകവാതകത്തിന്റേയും മണ്ണെണ്ണയുടെയും വിലവർദ്ധനവാണ് വിഷയം. റൂൾ 50 പ്രകാരം കൊണ്ടുവന്ന ആ വിഷയം ഞാൻ ചെയറിലുണ്ടായിരുന്ന സമയത്ത്, ചർച്ചകൾക്കുശേഷം, നാമെല്ലാം അംഗീകരിച്ചുകൊണ്ട് അത് റൂൾ 130 പ്രകാരമാക്കി ചർച്ച ചെയ്തു. .....(ബഹളം)..... ഈ വിഷയം ഇപ്പോൾ ചർച്ച ചെയ്യാമെന്ന് പറയുന്നു. പക്ഷേ സമയത്തിന്റെ കാര്യത്തിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് ആ ഡിബേറ്റ് ഇവിടെ ക്ലോസ് ചെയ്യുന്നു. ഇവിടെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി ചെയർ നിഷേധിക്കുന്നു..... (ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു).

ശ്രീ. എ. കെ. ആന്റണി : സർ, കേരളത്തിലെ ജനങ്ങളെ ഒട്ടാകെ ബാധിക്കുന്ന കാർഷിക മേഖലയിലെ വിലയിടിവിന്റെ പ്രശ്നം ഇന്ന് കേരളത്തിനുമുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. സഭയുടെ ഈ സമ്മേളനത്തിൽ ജനങ്ങളുടെ പൊതുവികാരം മാനിച്ച് കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഗവൺമെന്റ് ഒരു അവസരം സൃഷ്ടിക്കുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ ഈ സമ്മേളനത്തിന്റെ ബിസിനസ്സ് തയ്യാറാക്കിയ ഘട്ടത്തിൽ കാർഷിക മേഖലയിലെ വിലത്തകർച്ചയും കൃഷിക്കാരുടെ ബുദ്ധിമുട്ടുകളുമെല്ലാം ഈ സഭയിൽ ചർച്ച ചെയ്യേണ്ടിയിരുന്ന ഒരു കാര്യമായി ഈ സർക്കാർ കണ്ടില്ല. അതിനാൽ ഈ വിഷയം ഈ സമ്മേളനത്തിന്റെ അജണ്ടയിൽ വന്നില്ല. അതുകൊണ്ടാണ് പ്രതിപക്ഷം ഈ വിഷയം അടിയന്തിരപ്രമേയമായി കൊണ്ടുവന്നത്. ഈ ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാരോട് എനിക്കൊരു കാര്യം പറയാനുണ്ട്. ശ്രീ. എ. ബി. വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവൺമെന്റ് കാണിക്കുന്ന മര്യാദപോലും നിങ്ങൾ കാണിക്കുന്നില്ല.....(ബഹളം).....ലോകസഭയിൽ പ്രതിപക്ഷനേതാവ് ശ്രീമതി സോണിയ ഗാന്ധി കാർഷിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ചുള്ള അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് നവംബർ മാസം 22-ാം തീയതി നടത്തിയ പ്രസംഗത്തിന്റെ കോപ്പിയാണ് എന്റെ കയ്യിലുള്ളത്. നവംബർ മാസം 20-ാം തീയതി പാർലമെന്റ് സമ്മേളനം തുടങ്ങിയ അവസരത്തിൽ ആദ്യത്തെ ചർച്ച ഇൻഡ്യയിലെ കൃഷിക്കാരുടെ പ്രശ്നം ആയിരിക്കണമെന്നു പറഞ്ഞുകൊണ്ട് അടിയന്തിരപ്രമേയം അവതരിപ്പിച്ചു. വാജ്പേയി ഗവൺമെന്റ് ആ അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്ന കാര്യത്തെ എതിർത്തു. ചർച്ച നടന്നില്ല. പക്ഷേ രണ്ടുദിവസം കഴിഞ്ഞപ്പോൾ പാർലമെന്റിലെ പ്രതിപക്ഷകക്ഷികളായ കോൺഗ്രസ്സിന്റേയും ഇടതുപക്ഷകക്ഷികളുടെയും മുസ്ലീംലീഗിന്റേയും കേരളാ കോൺഗ്രസ്സിന്റേയും മറ്റ് പാർലമെന്റിലുള്ള മുഴുവൻ കക്ഷികളുടെയും കൂട്ടായ സമ്മർദ്ദം വന്നപ്പോൾ കാർഷിക പ്രശ്നത്തെക്കുറിച്ചുള്ള അടിയന്തിരപ്രമേയം ചർച്ചയ്ക്കില്ല എന്നു പറഞ്ഞ വാജ്പേയി ഒടുവിൽ മുട്ടുകുത്തി. ഒടുവിൽ 22-ാം തീയതി സോണിയ ഗാന്ധി കാർഷിക പ്രശ്നത്തെക്കുറിച്ചുള്ള അടിയന്തിരപ്രമേയം ലോക്സഭയിൽ അവതരിപ്പിച്ചു. അതാണ് അവിടെ ഉണ്ടായത്. പ്രതിപക്ഷത്തിന്റെ കൂട്ടായ സമ്മർദ്ദത്തിന്റെ ഫലമായി കാർഷിക പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യാൻ വാജ്പേയി ഗവൺമെന്റ് തയ്യാറാകേണ്ടിവന്നു. കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി മുതലക്കണ്ണീർ ഒഴുക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ; ഞങ്ങൾ പറഞ്ഞു ഞങ്ങൾ സ്പോർട്സ് ബിൽ പാസ്സാക്കി തരാമെന്ന്. പക്ഷേ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം കാർഷിക പ്രശ്നമാണ്. അത് ചർച്ച ചെയ്യണമെന്ന് പറഞ്ഞപ്പോൾ ചർച്ച ചെയ്യാൻ തയ്യാറായില്ല. ഞങ്ങൾക്കാർക്കും കേന്ദ്ര ഗവൺമെന്റിന്റെ വക്കാലത്തില്ല. ഞങ്ങൾ ഈ പ്രശ്നത്തിനുവേണ്ടി, കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി..... (ബഹളം) .....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്..... പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. എ. കെ. ആന്റണി : ഇൻഡ്യൻ പാർലമെന്റിൽ ഇൻഡ്യയിലെ കൃഷിക്കാരുടെ വേദനകളും പ്രയാസങ്ങളും ഏറ്റെടുത്തുകൊണ്ട് ഈ പ്രശ്നം ഉന്നയിച്ചപ്പോൾ ലോക്സഭയിൽ അടിയന്തിരപ്രമേയം അവതരിപ്പിച്ചത് പ്രതിപക്ഷനേതാവ് ശ്രീമതി സോണിയാഗാന്ധിയാണ്. കേരളത്തിലെ പ്രതിപക്ഷം ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിക്കുകയല്ല ആദ്യം ചെയ്തത്. ഈ അസംബ്ളി കൂടുന്നതിനുമുൻപ് ഞങ്ങൾ യു.ഡി.എഫ്. നേതാക്കൾ എല്ലാം കൂടി ഡൽഹിയിൽ പോയി പ്രധാനമന്ത്രി ശ്രീ. വാജ്പേയിയെ കണ്ട് കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ മെമ്മോറാണ്ടത്തിന്റെ കോപ്പിയാണ് ഇത്. അല്ലാതെ കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നങ്ങൾ മുഴുവൻ സംസ്ഥാന ഗവൺമെന്റിന്റെ ചുമലിൽ ഏൽപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇന്ന് ഇൻഡ്യ ഒട്ടുക്കും കേരളത്തിലെ കാർഷിക മേഖലയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലത്തകർച്ചയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനുള്ള പ്രധാനപ്പെട്ട പങ്കിനെക്കുറിച്ചു ഞങ്ങൾ ഈ മെമ്മോറാണ്ടത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് 1999 ഡിസംബർ മാസത്തിൽ അമേരിക്കയുമായി ഉണ്ടാക്കിയ, പ്രസിഡന്റ് ക്ലിന്റന്റെ ഇൻഡ്യാ സന്ദർശനത്തിനുമുൻപ് കേന്ദ്ര ഗവൺമെന്റ് അമേരിക്കയുമായി ഉണ്ടാക്കിയ, കരാറിന്റെ ഫലമായി 714 കാർഷികോൽപ്പന്നങ്ങൾ ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യേണ്ട സാഹചര്യം ഉണ്ടായി. ആ കരാറിന്റെ ഫലമായി കേരളത്തിലെ മിക്കവാറും എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും വില തകർച്ചയ്ക്കുള്ള സാഹചര്യം വർദ്ധിച്ചു. ഞങ്ങൾ അതിനെക്കുറിച്ച് പ്രധാനമന്ത്രിക്ക് കൊടുത്ത മെമ്മോറാണ്ടത്തിൽ വളരെ വ്യക്തമായി പറഞ്ഞു As per the trade agreement executed between India and U.S.A, in December 1999, the restriction on import of 714 products was exempted from April 2000. ഞങ്ങൾ അതിനെ എതിർക്കുകയാണ്. അത് പുന: പരിശോധിക്കാൻ ഞങ്ങൾ ആവശ്യപ്പെടുകയാണ് ചെയ്തത്. അതുപോലെ തന്നെ ഏപ്രിൽ 1-ാം തീയതി മുതൽ വീണ്ടും 715 കാർഷികോൽപ്പന്നങ്ങൾ ഈ രാജ്യത്തേയ്ക്ക് അടിയന്തിരമായി ഇറക്കുമതി ചെയ്യാനുള്ള കേന്ദ്രനീക്കത്തെ ഞങ്ങൾ എതിർക്കുകയാണ്. പ്രധാനമന്ത്രിക്ക് ഞങ്ങൾ കൊടുത്ത മെമ്മോറാണ്ടത്തിൽ പറഞ്ഞു. നിലവിലുള്ള നിയമം അനുസരിച്ച് തന്നെ പാമോയിൽ ഉൾപ്പെടെയുള്ള എണ്ണകൾ ഇറക്കണം. 300 ശതമാനം വരെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാൻ വ്യവസ്ഥയുണ്ട്. അതുകൊണ്ട് പാമോയിൽ ഉൾപ്പെടെയുള്ള എണ്ണകളുടെ ഇറക്കുമതി ചുങ്കം 300 ശതമാനമായി

LIBRARY ARCHIVES Kerala.Legislative Assembly

വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ, യു.ഡി.എഫ് നേതാക്കൾ, പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ ഞങ്ങൾ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുകയാണ്, The Central Governemnt should also introduce a scheme to give one rupee as production bonus for one coconut. ഒരു നാളികേരത്തിന് കേന്ദ്ര ഗവൺമെന്റ് ഒരു രൂപ വീതം പ്രൊഡക്ഷൻ ബോണസ് നൽകണമെന്നാണ് ഞങ്ങൾ മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ചങ്കൂറ്റത്തോടുകൂടി പ്രധാനമന്ത്രിയെ കണ്ട് പറഞ്ഞിട്ടാണ് ഞങ്ങൾ മടങ്ങിയിരിക്കുന്നത്. ഒരു ഹെക്ടർ നാളികേര കൃഷിക്കാർക്ക് ആറായിരം രൂപ വീതം സബ്സിഡി കൊടുക്കണമെന്ന് ഞങ്ങൾ ഈ മെമ്മോറണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുകയാണ്. നാളികേര കൃഷിക്കാരെ സഹായിക്കാൻവേണ്ടി 'നാഫെഡ് ' വഴി നാളികേരം സംഭരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ റബ്ബറിന്റേയും വെളിച്ചെണ്ണയുടേയും ഇറക്കുമതി പൂർണ്ണമായും നിരോധിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞു. ചരിത്രത്തിൽ ആദ്യമായി ഈ സർക്കാർ ആണ് റബ്ബറിനെ കാർഷികോൽപ്പന്നം ആക്കണമെന്ന് ആവശ്യപ്പെട്ടതെന്ന്. ഞങ്ങളുടെ മെമ്മോറാണ്ടം വായിക്കട്ടെ Rubber is ultimately an agricultural product and hence the income from natural rubber can only be considered as agricultural income. ഇത് ഞങ്ങളുടെ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുകയാണ്. അതുപോലെ സെൻട്രൽ ഗവൺമെന്റ് 50,000 ടൺ കാപ്പി സംഭരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപോലെ തേയില. കേരളത്തിലെ തേയില കൃഷിക്കാർ എല്ലാം തകരാറിലാണ്. തേയില തോട്ടങ്ങൾ പൂട്ടാൻ പോവുകയാണ്. ഇൻഡ്യയിലേയ്ക്കുള്ള തേയില ഇറക്കുമതി പൂർണ്ണമായും നിരോധിക്കണമെന്ന് ഞങ്ങൾ കേന്ദ്രത്തോടു ആവശ്യപ്പെട്ടിരിക്കുകയാണ്. കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രി ശ്രീ. വാജ്പേയിയെ കണ്ട് കേരളത്തിലെ നാളികേര കൃഷിക്കാരുടേയും റബ്ബർ കൃഷിക്കാരുടേയും തേയില കൃഷിക്കാരുടേയും കാപ്പി കൃഷിക്കാരുടേയും അടയ്ക്കാ കൃഷിക്കാരുടേയും കൊക്കോ കൃഷിക്കാരുടേയും എല്ലാം പ്രശ്നങ്ങൾ ഞങ്ങൾ അവരോട് പറഞ്ഞു. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ യു.ഡി.എഫ്..... (ബഹളം).....

മി. സ്പീക്കർ : Please don't interfere ..... ചെയറിന്റെ അനുവാദത്തോടുകൂടിയാണ് പ്രതിപക്ഷനേതാവ് ഇപ്പോൾ സഭയിൽ സംസാരിക്കുന്നത്. തടസ്സം ചെയ്യരുത്. പ്ലീസ്.....പ്ലീസ്.....

ശ്രീ. എ. കെ. ആന്റണി : ഈ ഡിസംബർ 13-ാം തീയതി കേരളത്തിലെ യു.ഡി.എഫ്. നേതാക്കൻമാർ ഒരുമിച്ച് പ്രധാനമന്ത്രിയെ കണ്ട് നാളികേര കൃഷിക്കാരുടേയും കാപ്പി കൃഷിക്കാരുടേയും റബ്ബർ കൃഷിക്കാരുടേയും അടയ്ക്കാ കൃഷിക്കാരുടേയും കൊക്കോ കൃഷിക്കാരുടേയും എല്ലാം പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും അതിന് പരിഹാരമുണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ട് ആവശ്യ

11A.M.]

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ടുകൊണ്ട് പ്രധാനമന്ത്രിയെ കണ്ട് നേരിട്ട് മെമ്മോറാണ്ടം കൊടുക്കുകയും ചെയ്തതിനുശേഷമാണ് ഞങ്ങൾ ഈ അസംബ്ലിയിലേക്ക് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് പെട്രോളിനും, ഡീസലിനും റേഷനരിക്കും വില വർദ്ധിപ്പിച്ചപ്പോൾ ഒരു വർഷം മുൻപ് നമ്മൾ പോയി കൊടുത്ത സംയുക്ത നിവേദനത്തെക്കുറിച്ചാണ്. ഞാൻ പറയുന്നത് ഈ മാസം 13-ാം തീയതി കേരളത്തിലെ യു.ഡി.എഫ്. നേതാക്കൻമാർ പ്രധാനമന്ത്രിയെക്കണ്ട് കേന്ദ്രത്തിലെ നയം തിരുത്തണം, കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക നയങ്ങൾ തിരുത്തണം, കേരളത്തിലെ കൃഷിക്കാരുടെ പ്രയാസങ്ങൾക്ക് പരിഹാരം ഉണ്ടാക്കണം എന്ന് ഞങ്ങൾ വ്യക്തമായി ആവശ്യപ്പെട്ടതിനെക്കുറിച്ചാണ്. കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം എന്നുപറഞ്ഞതിനുശേഷം എല്ലാം കേന്ദ്രത്തിന്റെ തലയിൽ മാത്രം വച്ചിട്ട് നിങ്ങൾക്ക് ഉത്തരവാദിത്വമില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറേണ്ട. നിങ്ങൾ ചെയ്യേണ്ട കാര്യമാണ് ഞങ്ങൾ പറഞ്ഞത്. ഒന്നാമതായി ഞങ്ങൾ പറഞ്ഞത് എന്താ, ശ്രീ തങ്കച്ചൻ പറഞ്ഞത് എന്താണ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി പാവപ്പെട്ട, കഞ്ഞിക്കുടിക്കാൻ വകയില്ലാത്ത മദ്യലോബിക്കാരെ അവർ നികുതി കൊടുക്കാൻ മടിച്ചപ്പോൾ അവർക്ക് പിഴപ്പലിശ ഒഴിവാക്കിക്കൊടുത്തില്ലേ? പലിശ ഒഴിവാക്കി കൊടുത്തില്ലേ? പലിശ അടയ്ക്കാൻ കാലാവധി നീട്ടിക്കൊടുത്തില്ലേ, കിസ്ത് അടയ്ക്കാൻ കാലാവധി നീട്ടിക്കൊടുത്തില്ലേ? അങ്ങനെ മദ്യക്കച്ചവടക്കാരോട്, മദ്യലോബിയോട് കാണിച്ച ഔദാര്യം ഈ പാവപ്പെട്ട കർഷകരോട് ഒന്ന് കാണിക്കില്ലേ? .....(ബഹളം)..... എഴുതിതള്ളി എന്ന് ഞാൻ പറഞ്ഞില്ലല്ലോ, മദ്യലോബിക്ക് അവരുടെ പണം അടയ്ക്കാൻ കാലാവധി നീട്ടിക്കൊടുത്തു. പലിശ അടയ്ക്കാൻ കാലാവധി നീട്ടിക്കൊടുത്തു. പിഴപ്പലിശ ഒഴിവാക്കി. ഞങ്ങൾ പറയുന്നത് കാർഷിക കടക്കാർക്ക് തൽക്കാലത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തണം.

ശ്രീ. ടി. ശിവദാസമേനോൻ : അങ്ങയുടെ സ്ഥാനപരവുമായ പൊസിഷന് അത് എതിരാണ്. ഈ ജാതി പറയരുത്, ഞാൻ നിഷേധിച്ചതാണ്.

ശ്രീ. ജി. കാർത്തികേയൻ : അത് ചെയ്യാമോ, പറയുന്നതാണ് കുഴപ്പം. ചെയ്യാം അല്ലേ?

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ചെയ്തിട്ടില്ല.

.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, പ്ലീസ് .....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : ഞങ്ങൾ കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ അക്കമിട്ട് പ്രധാനമന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിന്റെ കാർഷിക നയങ്ങൾ തിരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ തന്നെ ഡബ്ലിയു.റ്റി.ഒ.യുമായുള്ള ചർച്ചയിൽ ഇന്ത്യയിലെ കൃഷിക്കാരുടെ രക്ഷയ്ക്കുവേണ്ടി ഗവൺമെന്റ് ശക്തമായ നിലപാടുകൾ സ്വീകരിക്കണം. ഡബ്ലിയു.റ്റി.ഒ.യുമായുള്ള ചർച്ച വീണ്ടും ആരംഭിക്കാൻ പോകുകയാണ്. ആ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയിൽ ഇന്ത്യയിലെ കാർഷിക സമ്പത്തിലുള്ള തകർച്ച പരിഗണിച്ച് കൃഷിക്കാർക്കു വേണ്ടി ഉറച്ച നിലപാട് സ്വീകരിക്കണമെന്ന് ഞങ്ങൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതോടൊപ്പം കേരളത്തിലെ കാർഷിക മേഖലയുടെ തകർച്ച ഒഴിവാക്കാൻ റബ്ബർ കൃഷിക്കാർക്കും, ഇവിടത്തെ നാളികേരകൃഷിക്കാർക്കും, കാപ്പി കൃഷിക്കാർക്കും, കുരുമുളക് കൃഷിക്കാർക്കും, കൊക്കോ കൃഷിക്കാർക്കും, നെൽ കൃഷിക്കാർക്കും ചെയ്യേണ്ട സഹായങ്ങളെക്കുറിച്ചും പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി എന്നുള്ള നിലയിൽ എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത് കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾ നമുക്ക് ഒരുമിച്ച് ആവശ്യപ്പെടാം. സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങൾ കൃഷിക്കാരുടെ തൽക്കാലത്തെ പ്രയാസം മനസ്സിലാക്കിക്കൊണ്ട് കാർഷിക കടങ്ങൾക്ക് തൽക്കാലം മോറട്ടോറിയം ഏർപ്പെടുത്തണം. കൃഷിക്കാരുടെ മേലുള്ള എല്ലാ ജപ്തിനടപടികളും നിർത്തിവയ്ക്കണം. ഇതാണ് ഒന്നാമതായി, എനിക്ക് പറയാനുള്ളത്. രണ്ടാമത് പറയാനുള്ളത് ഇവിടെ കൊപ്രാസംഭരണം തകർന്നിരിക്കുകയാണ്. കൊപ്രാസംഭരണം ഗവൺമെന്റ് വാഗ്ദാനം ചെയ്തതു പോലെ നടക്കണം. പച്ചതേങ്ങ ഉൾപ്പെടെ എടുക്കുമെന്നാണ് പറഞ്ഞത്. മന്ത്രി സഭയുടെ യോഗത്തിനുശേഷം ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഉൾപ്പെടെ പറഞ്ഞു മൂന്നര രൂപ, നാലര രൂപയ്ക്ക് പച്ചതേങ്ങ എടുക്കുമെന്ന്. ഞാൻ ടെലിവിഷനിൽകൂടി ക്യാബിനിറ്റ് ബ്രീഫിംഗിൽ നിങ്ങൾ പറയുന്നത് കേട്ട ആളാണ്. പക്ഷേ ഇപ്പോൾ എന്താ സ്ഥിതി, ഇപ്പോൾ പച്ചത്തേങ്ങയും എടുക്കുന്നില്ല. കൊപ്രയും എടുക്കുന്നില്ല അതാണ് സ്ഥിതി. അതുകൊണ്ട് കൊപ്ര സംഭരണം പുനഃസ്ഥാപിക്കണം. ഇപ്പോൾ അങ്ങിങ്ങ് ഒറ്റപ്പെട്ട ചില സംഘങ്ങൾ എടുക്കുന്ന കൊപ്ര ആരുടേത് എന്നറിയാമോ, ഒന്നുകിൽ തമിഴ്നാട്ടുകാരുടെ കൊപ്രാ, അല്ലെങ്കിൽ ഇടത്തട്ടുകാരുടെ കൊപ്ര. ഇവിടത്തെ കൃഷിക്കാർക്ക് ആശ്വാസം ഉണ്ടാക്കുന്ന നിലയിൽ കൊപ്ര സംഭരിക്കണം. മന്ത്രിസഭാ യോഗത്തിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയും, കൃഷിവകുപ്പുമന്ത്രിയും പറഞ്ഞതുപോലെ മൂന്നര രൂപയ്ക്കും, നാലര രൂപയ്ക്കും നിങ്ങൾ പച്ചതേങ്ങ എടുക്കണം. കൊപ്ര സംഭരണം നടക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് വെളിച്ചെണ്ണയുടേയും, കാപ്പിയുടേയും, യൂറിയ ഉൾപ്പെടെയുള്ള 27 ഇനം രാസവളങ്ങളുടേയും, റബ്ബറിന്റെയും ടാക്സ് ഈ സർക്കാർ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. ആ ടാക്സ് എല്ലാം പഴയപടി പുനഃസ്ഥാപിക്കണം. വർദ്ധിപ്പിച്ച ടാക്സ് വെട്ടിക്കുറയ്ക്കണം. ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് കാർഷിക മേഖലയിൽ ഈ സർക്കാർ വന്നതിനുശേഷം നിങ്ങൾ കഴിഞ്ഞവർഷം വർദ്ധിപ്പിച്ച എല്ലാ ടാക്സുകളും, രാസവളങ്ങളുടേതടക്കം വെട്ടിക്കുറച്ച് പഴയനിലയിൽ പുനഃസ്ഥാപിക്കണം. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോടാണ് അവസാനം ഒരു കാര്യം പറയാനുള്ളത്. ഇന്നെന്താ സ്ഥിതി ? ശമ്പളം കൊടുക്കാൻ പണമില്ല. ആ ബുദ്ധിമുട്ട് എനിക്ക് മനസ്സിലാകുന്നുണ്ട്, ശമ്പളം കൊടുക്കാൻ പ്രയാസമുള്ളതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ കർഷകരെ സഹായിക്കാൻ വേണ്ടി നബാർഡ് ഉൾപ്പെടെയുള്ളവർ കൊടുത്ത പണംപോലും വകമാറി ചെലവാക്കിയിരിക്കുന്നു. പ്രൈമറി ബാങ്കിൽവരെ ഉണ്ടായിരുന്ന ഡെപ്പോസിറ്റ് നിങ്ങൾ നിർബന്ധമായി ട്രഷറിയിൽ അടിപ്പിച്ചു. അങ്ങനെ ട്രഷറിയിൽ അടച്ച പണം നിങ്ങൾ വകമാറി ചെലവാക്കി, ഇന്ന് ആ പണം ബാങ്കുകൾ ചോദിച്ചപ്പോൾ നിങ്ങൾ തിരിച്ചുകൊടുക്കുന്നില്ല. ഇതിന്റെ ഫലമായി ഇന്ന് കേരളത്തിൽ ഒട്ടാകെ കാർഷികവായ്പ നൽകൽ സ്തംഭിച്ചിരിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, പ്ലീസ് .....

ശ്രീ. എ. കെ. ആന്റണി : എനിക്ക് വ്യക്തിപരമായി ബഹുമാനപ്പെട്ട ശിവദാസമേനോനോട് യാതൊരു വിരോധവുമില്ല. പക്ഷേ അങ്ങ് അസംബ്ലിയിൽ കയറിയിരുന്ന് കൂടുതൽ കൂടുതൽ അവാസ്തവ പ്രസ്താവന നടത്തരുത്. ഇപ്പോൾ കേരളത്തിൽ ട്രഷറി നിരോധനം ഇല്ലെന്ന് ഈ മന്ത്രിയല്ലാതെ ആരെങ്കിലും പറഞ്ഞാൽ വിശ്വസിക്കുമോ? അദ്ദേഹം പറഞ്ഞു ട്രഷറി നിരോധനം ഇല്ലെന്ന് . ഏതെങ്കിലും ട്രഷറിയിൽ കാശ് മാറാൻ പറ്റുമോ ? .....(ബഹളം).....

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇരുപതാം തീയതി തൊട്ട് ശമ്പളം കൊടുക്കുകയാണ്. ക്രിസ്തുമസ്സിനും റംസാനും വേണ്ടി ഡിസംബറിലെ ശമ്പളം മുൻകൂട്ടി കൊടുക്കുകയാണ്. ശമ്പളം കൊടുക്കുന്ന ആ കാലഘട്ടത്തിൽ വേറെ ഒരു പേമെന്റും നടത്താറില്ല എന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാം. പണ്ടേ നടത്താറില്ല. ശമ്പളം കൊടുക്കുമ്പോൾ വേറെ ഒരു ഇടപാടും നടത്താറില്ല. ഇന്നല്ല, ഇന്നലെയല്ല, വർഷങ്ങളായുള്ള സ്റ്റാൻഡിംഗ് ഓർഡറാണ്. അത് ഞാനാണോ പറയുക.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. എ. കെ. ആന്റണി : ഞാൻ ചുരുക്കാം. പക്ഷേ അദ്ദേഹം പറഞ്ഞതു കൊണ്ട് ഞാൻ പറയുകയാണ്. മാർക്സിസ്റ്റ് പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെ ജനകീയാസൂത്രണത്തിന്റെ ചെക്ക് മാറാൻ ട്രഷറിയിൽ പോകാൻവേണ്ടി നടന്നു നടന്നു കാൽ കുഴഞ്ഞു. അതാണ് സത്യം.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്, ക്ലോസ് ചെയ്യാം. ഒരു ചർച്ചയല്ല, പ്രതിപക്ഷ നേതാവ് ചോദിച്ചപ്പോൾ അദ്ദേഹം ഉത്തരം പറഞ്ഞു, അത്രയേയുള്ളൂ.

ശ്രീ. എ. കെ. ആന്റണി : എനിക്ക് അങ്ങയോട് വളരെ ബഹുമാനമുണ്ട്. പാവപ്പെട്ട കൃഷിക്കാർക്ക് കൊടുക്കാനുള്ള 30 കോടി രൂപ ആണല്ലോ സഹകരണ സംഘത്തിൽ നിന്ന് കടം വാങ്ങി ക്രിസ്തുമസ്സിന്റെയും അതു പോലെ റംസാന്റെയും ചന്ത നടത്താമെന്നു പറഞ്ഞത്. എന്തിനാണ്, കൃഷിക്കാർക്കു കൊടുക്കേണ്ട പണം എടുത്ത് ക്രിസ്തുമസ്സിനും

LIBRARY ARCHIVES Kerala Legislative Assembly

പെരുനാളിനുമുള്ള ചന്ത നടത്താൻ പോകുന്നത് ? ഇതല്ലേ സത്യം ? ഇതിന്റെയൊക്കെ നടുവിലും മാനവീയം നടത്താൻ യാതൊരു കുഴപ്പവുമില്ല. ഞാൻ നീട്ടുന്നില്ല. ഏതായാലും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വീണ്ടും ആവർത്തിക്കുന്നു വേണമെങ്കിൽ ഇന്ന് ഉച്ചയ്ക്ക് ശേഷം ഇരുന്നു കൊണ്ട് ഈ സ്പോർട്സ് ബിൽ പാസ്സാക്കിത്തരാൻ പ്രതിപക്ഷം സഹകരിക്കാം. പക്ഷേ ഈ അടിയന്തിര പ്രമേയം ചർച്ച ചെയ്യാൻ ഇന്നുതന്നെ ഗവൺമെന്റ് തയ്യാറാകണം. ഇത് എന്റെ അവസാനത്തെ അഭ്യർത്ഥനയാണ്. ഇന്നുതന്നെ ഈ അടിയന്തിര പ്രമേയം ചർച്ച ചെയ്യാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിന് തയ്യാറില്ല, മുഖ്യമന്ത്രി ഇപ്പോഴും വളരെ ബോധപൂർവമായി മൗനം അവലംബിക്കുകയാണ്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഇവിടെ കേരളത്തിലെ കൃഷിക്കാരുടെ വളരെ ദയനീയമായ സ്ഥിതി ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് റൂൾ 50 അനുസരിച്ച് പ്രതിപക്ഷത്തു നിന്ന് കൊണ്ടുവന്ന അടിയന്തിര പ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചാണ് ഇവിടെ പ്രതിപക്ഷത്തുനിന്ന് അഭിപ്രായം പറയുന്നത്. ഇവിടെ നിലവിലുള്ള ഈ പ്രമേയം ചർച്ചയ്ക്ക് എടുക്കുകയെന്ന ഒരു ഉദാരമനസ്കത ഗവൺമെന്റ് കാണിച്ചിരുന്നുവെങ്കിൽ നമ്മൾ തമ്മിലുള്ള പ്രശ്നം എന്നതിൽനിന്ന് മാറി കൃഷിക്കാരുടെ പ്രശ്നം ഇപ്പോൾ ഇവിടെ കൃഷി വകുപ്പുമന്ത്രി പറഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ നയവൈകല്യം എന്നുള്ളതിലേക്ക് തിരിഞ്ഞ് ഏറ്റവും ഗൗരവമായ ചർച്ച നടത്താമായിരുന്നു. ദയനീയ സ്ഥിതിയിലുള്ള കൃഷിക്കാരുടെ പ്രശ്നത്തിലേക്ക് നമുക്ക് ശ്രദ്ധ ചെലുത്താൻ ഇന്ന് കഴിയുന്നില്ല. ഇപ്പോഴും കാഷ്വൽ ആയിട്ട് എടുക്കുന്നു, ഗൗരവമായി എടുക്കുന്നില്ല എന്നുള്ളതിന്റെ തെളിവ് തന്നെയാണിത്. ഇവിടെ കൃഷിവകുപ്പു മന്ത്രി ഗാട്ട് കരാറിൽ ഒപ്പുവച്ചതും അതുപോലെതന്നെ കേന്ദ്ര ഗവൺമെൻറിന്റെ നയത്തെക്കുറിച്ചുമാണ് പരാതി പറഞ്ഞത്. കൃഷി വകുപ്പു മന്ത്രി സംസാരിച്ചപ്പോൾ അവസാനം ഒരു നിസ്സാഹായവസ്ഥ, ഇനി ഇപ്പോൾ എന്താണ് ചെയ്യുക, ഇതിൽ അധികം ഒന്നും ചെയ്യാൻ പറ്റുകയില്ല എന്നുള്ള നിലപാടാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ എടുത്തത്. ഗാട്ട് കരാറിൽ ഒപ്പ് വയ്ക്കാത്ത രാജ്യങ്ങൾ ഇപ്പോൾ ഏതാണ് ഉള്ളത്, ഇറക്കുമതി നയം നമുക്ക് അനുകൂലമല്ല, കേരളത്തെയാണ് ഇത് ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് എന്നുള്ളതിൽ യാതൊരു സംശയവുമില്ല. പക്ഷേ ഇത്രയും പ്രതികൂലമായി ബാധിക്കുന്ന ഒരു സ്റ്റേറ്റിന്റെ കൃഷിമന്ത്രിയെന്നുള്ള നിലയിൽ നമ്മുടെ ഇക്കോണമിയുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം കൃഷിയാണ്. വ്യവസായമല്ല. നമ്മുടെ നട്ടെല്ല് കൃഷിയാണ്. അതും ഇവിടെയുള്ള മണി ക്രോപ്സിന്റെ അടിസ്ഥാനത്തിലാണ് നാം നില നിൽക്കുന്നത്, അതുകൊണ്ട് കുറച്ചുകൂടി ഗൗരവമായി ഈ സാഹചര്യത്തിൽ എന്തു ചെയ്യാൻ പറ്റും എന്നുള്ളതിനെക്കുറിച്ച് ഒന്നു പഠിക്കുകയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

വേണം. അവസാനം ഗാട്ട് കരാറിലേക്ക് ചൈനയും വന്നു. ചൈനയിൽ കൃഷി പ്രധാനമായ പ്രവിശ്യകൾ ഉണ്ട്. മറ്റ് രാജ്യങ്ങളിലും ഉണ്ട്. ആ പ്രവിശ്യകളിലെ ലോക്കൽ ഗവൺമെന്റുകൾ എന്താണ് ചെയ്തതെന്നുള്ള കാര്യം കൃഷിവകുപ്പുമന്ത്രി നോക്കേണ്ടതാണ്. ഈ ഗവൺമെന്റിന്റെ എല്ലാ വകുപ്പുകളുടേയും പ്രവർത്തനങ്ങൾ സാധാരണപോലെ നടക്കുന്നുണ്ട്. അതിനെല്ലാം പണച്ചെലവുണ്ട്. എന്നാൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതി തകർന്ന സാഹചര്യത്തിൽ കൃഷി വകുപ്പുമന്ത്രിക്ക് ഒരു പ്രാധാന്യം കിട്ടേണ്ടതാണ്. കൃഷി വകുപ്പുമന്ത്രി എല്ലാം നിറുത്തിവച്ച് ഇവിടെ ചെയ്യേണ്ടതെന്താണെന്നു വച്ചാൽ-തേങ്ങയുടെ വില നാമമാത്രം, ചായയുടെ വില-തൊഴിലാളികൾ ആത്മഹത്യ ചെയ്യേണ്ട സ്ഥിതിയാണുള്ളത്. എന്തിനാണ് മഹാരാഷ്ട്രയിലും ആന്ധ്രയിലും പോകുന്നത്, ഇവിടെത്തന്നെ എത്ര പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്തു. അതുപോലെതന്നെ ചായയുടെ വില ചായത്തോട്ടത്തിലെ തൊഴിലാളികളെ ബാധിച്ചിരിക്കുന്നു. മുതലാളിമാർ തോട്ടം ഇട്ടിട്ടു പോയിരിക്കുകയാണ്, തൊഴിൽ വകുപ്പിന്റെ ഏത് നിയമത്തിൽ ഇത് വരുമെന്ന് പറയാൻ കഴിയില്ല. അവർ ഇട്ടിട്ടു പോയിരിക്കുകയാണ്. ബോണക്കാട്ടെ പ്രശ്നം അതാണ്. ഒന്നും ചെയ്യാൻ വയ്യ. നിങ്ങൾ വേണമെങ്കിൽ എടുത്തോ, തൊഴിലാളികൾ തേയിലത്തോട്ടങ്ങൾ കൈയേറിയിരിക്കുന്നു, കൈയേറുന്നതിലും തോട്ടം ഉടമകൾക്ക് വിരോധമില്ല. അതാണ് സ്ഥിതി, കുരുമുളകിന്റെ സ്ഥിതിയും അതാണ്. എല്ലാ കൃഷി ഉൽപ്പന്നങ്ങൾക്കും ഇങ്ങനെ ഒരുമിച്ച് വിലയിടിഞ്ഞ് തകറാറിലായ ഒരു കാലം ഉണ്ടായിട്ടില്ല. രണ്ടു ഉറുപ്പിക കിട്ടിയാൽ തേങ്ങ കൊടുക്കാൻ മലബാറിലെ ആളുകൾ തയ്യാറാണ്. രണ്ട് ഉറുപ്പിക കിട്ടാത്തതുകൊണ്ട് കൃഷിക്കാർ കാത്തിരിക്കുകയാണ്. അവർ ഒരു ഉറുപ്പികയ്ക്ക് തേങ്ങ വിൽക്കുന്നു. ഇതിനേക്കാൾ ഗുരുതരമായ അവസ്ഥ എന്താണുള്ളത്. വാസ്തവത്തിൽ ഇതിനുള്ള മറുപടി ശ്രീ.കൃഷ്ണൻ കണിയാം പറമ്പിൽ ഇങ്ങനെ ചിരിച്ചുകൊണ്ട് പറയാൻ പാടില്ല. അദ്ദേഹം സാധാരണയിൽ കവിഞ്ഞ ഗൗരവം ഉൾക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഈ ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലേയ്ക്കുള്ള പ്രയോറിറ്റി മാറ്റി കൃഷിക്ക് പ്രയോറിറ്റി കൊടുത്തുകൊണ്ട് ചെയ്യാൻ കഴിയുന്നതു മുഴുവൻ ചെയ്യണം, വകുപ്പുകൾ യോജിപ്പിച്ചുകൊണ്ടു ചെയ്യാൻ കഴിയുന്നത്— ഇപ്പോൾ ഗാട്ട് കരാറിനേയും ഇറക്കുമതിയേയും കുറിച്ചു പറഞ്ഞുകൊണ്ടിരുന്നാൽ കാര്യമുണ്ടോ ? പ്രധാനപ്പെട്ട വിഷയം ഇറക്കുമതി തന്നെയാണ്, സംശയമില്ല, ആ ഇറക്കുമതിയിൽ നിന്ന് രക്ഷപ്പെടാൻ ചൈനയുൾപ്പെടെ ഒരു രാജ്യത്തിനും കഴിഞ്ഞില്ല. ആ യാഥാർത്ഥ്യം നമ്മൾ ഉൾക്കൊള്ളണം. ഇൻഡ്യ ഗാട്ടു കരാറിൽ ആയിപ്പോയി. കൃഷി വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ തന്നെ വന്നല്ലോ, ഗാട്ട് കരാറിന്റെ ഉള്ളിൽ നിന്നുകൊണ്ട് പല നടപടികളും എടുക്കാവുന്നതാണെന്ന്. ആ നടപടികൾ ഇൻഡ്യാ ഗവൺമെന്റ് എടുക്കുന്നില്ല. അതാണ് ശരി. ഇൻഡ്യാ ഗവൺമെൻറിനെക്കൊണ്ട് നടപടിയെടുപ്പിക്കേണ്ട സ്റ്റേറ്റുകളിൽ ഒന്നാം സ്ഥാനത്താണ് കേരളം. അതിന് എന്തു ചെയ്യണമെന്ന് ഞാൻ പറയട്ടെ, ആന്ധ്രയെ അഫക്ട് ചെയ്തിരിക്കുന്നു. നായിഡു, ബി.ജെ.പി. ഗവൺമെന്റിന്റെ പാർട്ണർ ആണ്. അവർ ഇതിന്റെ ഗൗരവം വേണ്ട മാതിരി ചിന്തിച്ചിട്ടില്ലായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അവരെ ചിന്തിപ്പിക്കാനുള്ള ഇനിഷ്യേറ്റീവ് കേരളം എടുക്കണം. അവർ സഹകരിക്കും, അതുപോലെതന്നെ മഹാരാഷ്ട്ര, തമാശയല്ല പറയുന്നത്, അങ്ങനെ രാഷ്ട്രീയം പറയേണ്ട സംഗതിയല്ല മിസ്റ്റർ കണിയാംപറമ്പിൽ. കേരളം ഇനിഷ്യേറ്റീവ് എടുക്കണം. കേരളം ഇനിഷ്യേറ്റീവ് എടുത്തിട്ട് ആന്ധ്രയേയും, മഹാരാഷ്ട്രയേയും, അതുപോലെതന്നെ തമിഴ്നാടിനേയും സംഘടിപ്പിക്കണം. വൻകിട രാജ്യങ്ങളൊക്കെ കൃഷിക്ക് സബ്സിഡി കൊടുക്കുന്നുണ്ട്, വളത്തിന് സബ്സിഡി കൊടുക്കുന്നുണ്ട്. അതിലൊന്നും ആരും പുറകിലല്ല, അതുകൊണ്ട് നിങ്ങൾ പഠിച്ച ഈ ഇനിഷ്യേറ്റീവ് നമ്മുടെ ഭാഗത്തു നിന്ന് ഉണ്ടാകണം. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. അങ്ങനെ ഇനിഷ്യേറ്റീവ് എടുത്തുകൊണ്ട് ഇത് അഫക്ട് ചെയ്തിരിക്കുന്ന ബി.ജെ.പി. പാർട്ണർ ഭരിക്കുന്ന സംസ്ഥാനങ്ങളെയും അതുപോലെയുള്ള മറ്റ് സംസ്ഥാനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് നമുക്ക് ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കഴിയണം. നമ്മൾ പോയി മെമ്മോറാണ്ടം കൊടുക്കണം. ശ്രീ. വാജ്പേയിയുടെ തിരക്കിനിടയിൽ 5 മിനിട്ട് കിട്ടാൻതന്നെ വലിയ ബുദ്ധിമുട്ടാണ്. കഴിഞ്ഞ ദിവസം ഞങ്ങൾ പോയി. അദ്ദേഹത്തെ കാണാൻ സമയം കിട്ടിയെന്നുള്ളതുതന്നെ വലിയ കാര്യമാണ്. ഞങ്ങൾ അന്ന് പോയപ്പോൾ ശ്രീ. വാജ്പേയി തലയാട്ടി. ഞങ്ങൾ തമാശയായി പറഞ്ഞു എന്ത് ആട്ടാണ് ആട്ടിയെന്ന് നമുക്ക് തിരിയുന്നില്ല. ഒരക്ഷരം പിടികിട്ടിയില്ല. തലയാട്ടിയെന്നു പറഞ്ഞാൽ അദ്ദേഹം കേട്ടു എന്ന് പറഞ്ഞതാണോ, പറ്റില്ലെന്ന് പറഞ്ഞതാണോയെന്ന് നമുക്കറിയില്ല. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പോയി മെമ്മോറാണ്ടം കൊടുത്തപ്പോഴുള്ള സ്ഥിതിയായിരുന്നു അത്. പക്ഷേ നമ്മൾ അന്ന് പ്രാധാന്യം കൊടുത്തത് റേഷൻ അരിയുടെ കാര്യമായിരുന്നു. അന്ന് പ്രധാന്യം കൊടുത്തത് ഇതായിരുന്നില്ല. ഇപ്പോൾ പ്രശ്നം കൂടുതൽ ഗൗരവമായിരിക്കുകയാണ്. വളരെ വളരെ ഗൗരവമാണ്. ആ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നില്ല എന്നുള്ളതാണ് എന്റെ ആരോപണം. ഏതെല്ലാം നിലയിൽ നമുക്ക് ചെയ്യാം. 1. കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് നയം തിരുത്തുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കൂടി സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകണം. വിയറ്റ്നാമിൽ ഉണ്ടായ പ്രശ്നം കണ്ടില്ലേ. വിയറ്റ്നാം കൃഷിക്കാർ അത് വേണ്ട പ്രശ്നമായി മാറ്റിയില്ലേ? എവിടെ എത്തി നമ്മുടെ കാര്യം. വിയറ്റ്നാം കൃഷിക്കാരുടെ അതേ സ്ഥിതിയിൽ എത്തി. ആ ഗൗരവം നിങ്ങൾ ഉൾക്കൊള്ളുന്നുണ്ടോ? അതുകൊണ്ട് ആ കരാറിനകത്ത് നിന്നുകൊണ്ടു തന്നെ ചെയ്യാവുന്ന ആയിരം നടപടികളുണ്ട്. കരാറിൽ ഒപ്പുവച്ച മറ്റു രാജ്യങ്ങളിലെ പല പ്രവിശ്യകളും മറ്റു രാജ്യങ്ങളും ചെയ്ത നൂറ്നൂറ് നടപടികളുണ്ട്. അതിൽ ഒന്നു പോലും നമ്മൾ ചെയ്തിട്ടില്ല, ചിന്തിച്ചിട്ടില്ല. പിന്നെ ഇവിടത്തെ കാര്യം ഞാൻ പറഞ്ഞല്ലോ. ഗവൺമെന്റിന്റെ എല്ലാ ഫംഗ്ഷനും നേരായി നടക്കുന്നുണ്ട്. കുറേ പണം എടുത്തുകൊണ്ട് കൃഷിക്കാരെ അടിയന്തിരമായി സഹായിക്കേണ്ട സ്ഥിതി വന്നിരിക്കുന്നു. അതു പോലെ തന്നെ മറ്റു വകുപ്പുകളിൽ, തൊഴിൽ വകുപ്പ് രംഗത്ത് മാറ്റം വരുത്തേണ്ട സമയം കഴിഞ്ഞിരിക്കുന്നു. തൊഴിൽ വകുപ്പിന്റെ നിസ്സംഗത തോട്ടം തൊഴിലാളികളെ അഫക്റ്റ് ചെയ്യുന്നുണ്ട്. അശാസ്ത്രീയമായ വേജസ്

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങളും മറ്റു പ്രശ്നങ്ങളും ഒക്കെ റിവ്യൂ ചെയ്യണം. അല്ലെങ്കിൽ അവർക്കൊന്നും ഇല്ല. പട്ടിണി മരണത്തെക്കാൾ നല്ലതല്ലേ കൂലിയിൽ പരിഷ്ക്കരണം ഉണ്ടാകുന്നത്. ഇപ്പോൾ ഇങ്ങനെയുള്ള ചർച്ചകൾ ഒന്നും ഇവിടെ നടന്നിട്ടില്ല. അതുകൊണ്ട് കൃഷിക്കാരെ ബാധിക്കുന്ന ഈ വിഷയങ്ങളെ സംബന്ധിച്ച് യാതൊരു ഗൗരവതരമായ ചർച്ചയും ഇവിടെ നടന്നിട്ടില്ല എന്നുള്ളതാണ് എന്റെ ആരോപണം. കൃഷിവകുപ്പുമന്ത്രി ഈ കാര്യം വളരെ കാഷ്വലായിട്ട് എടുത്ത് സാധാരണ പോലെ ഒരു മറുപടി പറഞ്ഞു. ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്നും കൂടുതൽ പണം പിടിച്ചു വാങ്ങാൻ കൃഷി വകുപ്പുമന്ത്രി ഫൈറ്റ് ചെയ്യണം. അങ്ങനെ ഫൈറ്റ് ചെയ്തിട്ടില്ല, പ്രതിപക്ഷ നേതാവ് പറഞ്ഞ മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യത്തിൽ അങ്ങ് ഫൈറ്റ് ചെയ്യണം. ധനകാര്യവകുപ്പുമന്ത്രിക്ക് പല പ്രയോറിറ്റിയും ഉണ്ട്. ക്രിസ്തുമസിന് മുൻപ് ശമ്പളം കൊടുക്കുന്നത് പ്രയോറിറ്റി അല്ലേ ? അതുപോലെ ബാക്കിയുള്ളതും, അങ്ങയുടെ പ്രയോറിറ്റി കൃഷിവകുപ്പുമന്ത്രി ഓർക്കുന്നില്ല. നമുക്ക് വ്യവസായം ഇല്ല. കൃഷിയേ ഉള്ളൂ. കൃഷിയും ഈ സ്ഥിതിയിൽ ആയിക്കഴിഞ്ഞാൽ ഈ സംസ്ഥാനത്തിന്റെ സ്ഥിതി പറയേണ്ട ആവശ്യമില്ല.

ശ്രീ. ടി. ശിവദാസമേനോൻ : ചൈന ഗാട്ട് കരാറിൽ ഒപ്പുവച്ചത് സിംഹവും സിംഹവും തമ്മിൽ ഉള്ള കരാറായിരുന്നു. ഇത് സിംഹവും ചുണ്ടെലിയും തമ്മിലുള്ള കരാർ പാടില്ല എന്നാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഞാൻ പറഞ്ഞത് ഈ സിംഹത്തിന്റെ വായിൽ നിന്നും രക്ഷപ്പെടാൻ ഒരു രാജ്യത്തിനും പറ്റിയിട്ടില്ല. ഇഷ്ടപ്പെടാതെ തന്നെ ഗാട്ട് കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ചൈനയ്ക്കും ഒപ്പു വയക്കേണ്ടി വന്നിട്ടുണ്ട്. ഈ കൂട്ടത്തിൽ നിന്ന് രക്ഷപ്പെടാൻ പലർക്കും കഴിയുന്നില്ല. കാരണം അതങ്ങനെയാണ് ലോകത്ത് വന്നിരിക്കുന്നത്. അതുകൊണ്ട് എന്റെ ആരോപണം കേരള ഗവൺമെന്റ് ഈ വിഷയം അതിന്റെ ഗൗരവത്തിൽ ഇതുവരെ എടുത്തിട്ടില്ല എന്നാണ്. ആന്ധ്രാപ്രദേശിലെ പുകയില കൃഷിക്കാരുടെയും മഹാരാഷ്ട്രയിലെ പരുത്തി കൃഷിക്കാരുടെയും സ്ഥിതിയിലേക്ക് നമ്മുടെ കൃഷിക്കാരും പോകുകയാണ് എന്ന് കൃഷി വകുപ്പുമന്ത്രി തന്നെ ഇവിടെ പറഞ്ഞു. നമ്മൾ ഇവിടെ ഇങ്ങനെ നിസ്സംഗരായി ഇരിക്കുകയാണെന്ന് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി വർത്തമാനം പറഞ്ഞിട്ട് കാര്യമൊന്നുമില്ല. കേരളം എന്നത് രാഷ്ട്രീയ ശ്മശാനമായി മാറുന്നു. അതുകൊണ്ട് ഗവൺമെന്റ് ഇത് ഗൗരവമായി എടുക്കണം. ഈ ചർച്ച ഇവിടെ ഇപ്പോൾ പ്രതിപക്ഷം പറഞ്ഞതുകൊണ്ടല്ല, എല്ലാ കീഴ്വഴക്കങ്ങളും എല്ലാ നിയമവും ലംഘിച്ചുകൊണ്ട് ഇന്ന് കാലത്ത് ഞങ്ങൾ റെഡിയാണെന്ന് നിങ്ങൾ പറയേണ്ടതായിരുന്നു. അത് പറയാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ ആന്ധ്രാപ്രദേശിലും, കർണ്ണാടകയിലും, പഞ്ചാബിലും ഉള്ള കൃഷിക്കാർ കൂട്ട ആത്മഹത്യ ചെയ്യുന്നു എന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിൽ കഴിഞ്ഞ മാസം 22-ാം തീയതി തൃശൂരിൽ വച്ച് നടത്തിയ പ്രസംഗത്തിൽ കാർഷിക മേഖലയിലെ പ്രതിസന്ധി തുടർന്നാൽ കൃഷിക്കാർ ആത്മഹത്യചെയ്യേണ്ട സ്ഥിതിവിശേഷം ഉണ്ടാകുമെന്ന് പറയുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിനോട് ചോദിക്കുന്നത് അങ്ങയുടെ പ്രധാനപ്പെട്ട ഉത്തരവാദിത്വം അല്ലേ വാസ്തവത്തിൽ ഈ അടിയന്തിര പ്രമേയം ചർച്ചചെയ്യുക എന്നത്. കേരളത്തിലെ കൃഷിക്കാർ ആത്മഹത്യയുടെ വക്കത്ത് എത്തിയിരിക്കുന്നു എന്നുള്ള വിശ്വാസം അങ്ങേയ്ക്ക് ഉണ്ടെങ്കിൽ ഇന്ന് ഈ അടിയന്തിരപ്രമേയം ഇവിടെ അനുവദിക്കുന്നതിനും ഇവിടെ ഒരു ഫുൾ ചർച്ച നടത്താനും തീർച്ചയായും മുൻകൈ എടുക്കേണ്ടത് അങ്ങായിരുന്നു. കാരണം കേരളത്തിലെ കൃഷിക്കാരുടെ നട്ടെല്ല് തകർന്നാൽ കൃഷി വകുപ്പുമന്ത്രിയുടെയും നട്ടെല്ല് തകരും എന്നുള്ളത്തിൽ സംശയമുണ്ടോ ? ഇപ്പോൾ ഇവിടത്തെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം നിങ്ങൾ ഈ കാർഷിക പ്രശ്നങ്ങളെ സംബന്ധിച്ച് കൊടുക്കേണ്ട ഗൗരവം കൊടുത്തിട്ടില്ല. "കുരുടൻ ആനയെ കാണുന്നതു പോലെയാണ്" ഇവിടത്തെ ഗവൺമെന്റ് കാർഷിക പ്രശ്നത്തെ സമീപിക്കുന്നത്. വ്യത്യസ്ത കാരണങ്ങളാൽ കാർഷിക ഉൽപ്പന്നങ്ങളുടെ വില ഇടിയാം. ഇവിടെ എല്ലാ കാർഷികോൽപ്പന്നങ്ങളുടേയും വില ഇടിഞ്ഞിരിക്കുന്നു. വ്യത്യസ്തങ്ങളായ കാരണങ്ങളുണ്ടാകാം. ഈ ഒരു പ്രത്യേക പരിതസ്ഥിതി ഉണ്ടായാൽ ഗവൺമെന്റ് ആ പ്രത്യേക പരിതസ്ഥിതിയിൽ എന്തു ചെയ്യുന്നു എന്നുള്ളതാണ് പ്രധാനകാര്യം. കാർഷികോൽപ്പന്നങ്ങളുടെ വില ഇടിവിന് കേന്ദ്രത്തിന്റെ നയത്തെക്കുറിച്ച് പറയുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ചെയ്യണം ; സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ചെയ്യണം. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട വിഷയങ്ങളെക്കുറിച്ച് യു.ഡി.എഫ്. ഒരു മെമ്മോറാണ്ടം കൊടുത്തു. കൂട്ടായ ഒരു മെമ്മോറാണ്ടം കൊടുക്കാൻ മുഖ്യമന്ത്രിയോ ഗവൺമെന്റോ മുൻകൈ എടുത്തില്ല. പക്ഷേ ഞങ്ങൾ പ്രതിപക്ഷം എന്നുള്ള നിലയിൽ ഞങ്ങളുടെ ചുമതല നിറവേറ്റാൻ കേന്ദ്രത്തിന് മെമ്മോറാണ്ടം കൊടുത്തു. പക്ഷേ ഇന്ന് ഞങ്ങളെ സംബന്ധിച്ചിടത്തോളം അവശേഷിക്കുന്നത് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിൽ കൃത്യവിലോപം വരുത്തിയിരിക്കുന്നു എന്നുള്ളതാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ നായരോടും ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനോടും ശ്രീ. ശിവദാസമേനോനോടും ഒരു കാര്യം പറയാനുണ്ട്. എല്ലാ വിഷയങ്ങൾക്കും ആഗോളവൽക്കരണം, ഗാട്ടു കരാർ, ഉദാരവൽക്കരണം എന്ന് പറഞ്ഞുകൊണ്ട് മാത്രം ഇരുന്നിട്ട് കാര്യമില്ല. ആഗോളവൽക്കരണത്തിന് ഭീഷണിയുണ്ട്. ഉദാരവൽക്കരണത്തിന്റെയും സാമ്പത്തികനയത്തിന്റെയും ഭീഷണിയുണ്ട്. സാമ്പത്തികനയത്തിലുള്ള പിശകുകൾ നമ്മൾ തിരുത്തണം. കൂട്ടായി നമുക്ക് തിരുത്താം. ആഗോളവൽക്കരണത്തിന് ഭീഷണിയുണ്ട്. ഭീഷണി എന്താണ്? ഒരു കാര്യം ഞാൻ പറയട്ടെ. നിങ്ങൾ ആലോചിക്കണം.

എല്ലാം കണ്ണടച്ച് ഇരുട്ടാക്കരുത്. റബ്ബറിന്റെ വിലക്കുറവിനെ സംബന്ധിച്ച് ഞാൻ വെല്ലുവിളിക്കുന്നു. റബ്ബറിന്റെ വിലക്കുറവ് ആഗോളവൽക്കരണത്തിന്റെ ഫലമായിട്ടാണോ ? അല്ല. ഇന്ന് റബ്ബറിന്റെ രാജ്യാന്തരവില എത്രയാണെന്നറിയാമോ ? ആർ.എസ്.എസ്.3 എന്ന് പറയുന്നത് നമ്മുടെ ആർ.എസ്.എസ്.4-ന് തുല്യമായിട്ടുള്ളതാണ്. ആർ.എസ്.എസ്.3-യുടെ രാജ്യാന്തര വില 29.85 രൂപയാണ്. നമ്മുടെ ആഭ്യന്തര വില 29.50 രൂപയാണ്. രാജ്യാന്തരവില ഉയർന്നു നിൽക്കുന്ന റബ്ബറിന് ആഭ്യന്തരവില ഇടിഞ്ഞു നിൽക്കുന്നു. ആഗോളവൽക്കരണത്തിന്റെ ഫലമായിട്ടല്ല കേരളത്തിൽ റബ്ബറിന്റെ വില ഇടിഞ്ഞതെന്ന് ഇപ്പോഴെങ്കിലും ഇവിടത്തെ കൃഷിക്കാർ മനസ്സിലാക്കിയാൽ കൊള്ളാം. ഞാൻ ഇന്നത്തെ വിലയാണ് പറയുന്നത്. ഇവിടത്തെ പ്രശ്നം എന്താണ്? ഓവർ പ്രൊഡക്ഷനാണ്. 170,000 മെട്രിക് ടൺ റബ്ബർ ഇന്ന് മാർക്കറ്റിൽ കെട്ടിക്കിടക്കുകയാണ്. അക്യൂമിലേറ്റഡ് സ്റ്റോക്കിന്റെ ഓപ്പൺ മാർക്കറ്റ് 170,000 ടണ്ണാണ്. അങ്ങനെ 170,000 ടൺ മാർക്കറ്റിൽ കെട്ടിക്കിടക്കുമ്പോൾ നിങ്ങൾ എന്ത് ചെയ്തു എന്നുള്ളതാണ്. നിങ്ങളുടെ പ്രൊക്യുവർമെന്റ് പരാജയപ്പെട്ടു. നിങ്ങൾ പ്രൊക്യുവർ ചെയ്തില്ല. നിങ്ങൾ സഫിഷ്യന്റ് ക്വാണ്ടിറ്റി പ്രൊക്യുവർ ചെയ്തില്ല. അതാണ് ഏറ്റവും വലിയ പരാജയം. അതു കൊണ്ട് നിങ്ങൾ ചെയ്യേണ്ടത് സഫിഷ്യന്റ് ക്വാണ്ടിറ്റി പ്രൊക്യുവർ ചെയ്യണം. ഇവിടെ നിങ്ങൾ വില കൂട്ടി ഒരു കിലോഗ്രാം റബ്ബറിന് 50 പൈസ കൂട്ടി. 50 പൈസ എന്നു പറയുന്നത് എത്രയാണ് ? ഒരു ടണ്ണിന് 500 രൂപയുടെ നഷ്ടം ഗവൺമെന്റ് സഹിക്കുന്നു. ഇവിടത്തെ കൃഷിക്കാർക്ക് ആവശ്യമായിട്ടുള്ളത് എന്താണ് ? അവർ ആവശ്യമായിട്ടുള്ള ബെഞ്ച് മാർക്ക് പ്രൈസ് 34 രൂപയായി ഫിക്സ് ചെയ്തു കഴിഞ്ഞാൽ അതിന്റെ അർത്ഥം എന്താണ് ? റബ്ബറിന്റെ വില ബെഞ്ച് മാർക്ക് പ്രൈസിനെക്കാൾ താഴോട്ട് പോയാൽ ബെഞ്ച് മാർക്ക് പ്രൈസ് അഷ്വർ ചെയ്യണം. അല്ലെങ്കിൽ ബെഞ്ച് മാർക്ക് പ്രൈസ് പ്രഖ്യാപനം കൊണ്ടെന്താണ് പ്രയോജനം? അതുകൊണ്ട് നിങ്ങൾ ചെയ്യേണ്ടിയിരുന്നത് 34.05 രൂപയ്ക്ക് കേന്ദ്ര ഗവൺമെന്റ് എടുക്കണം. അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് എടുക്കണം. പഞ്ചാബ് ഗവൺമെന്റും മഹാരാഷ്ട്ര ഗവൺമെന്റും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച താങ്ങ് വിലയെക്കാൾ കൂടുതൽ വിലയ്ക്ക് പരുത്തി ഓപ്പൺ മാർക്കറ്റിൽ നിന്നും വാങ്ങി. കേന്ദ്ര ഗവൺമെന്റ് അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾ ചെയ്യേണ്ടത് താങ്ങു വില നൽകിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ നിന്നും ഒരു ലക്ഷത്തി എഴുപതിനായിരം ടൺ റബ്ബർ പ്രൊക്യുവർ ചെയ്തിരുന്നു എങ്കിൽ എത്രയോ സഹായം ഇവിടത്തെ കൃഷിക്കാർക്കുണ്ടാകുമായിരുന്നു. റബ്ബറിന്റെ ഇംപോർട്ട് ബാൻ ചെയ്തിരിക്കുന്നു .....(ബഹളം).....നിങ്ങൾ ബഹളമുണ്ടാക്കിയാൽ പ്രയോജനമുണ്ടോ ? ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി തന്നെ അദ്ദേഹത്തിന്റെ ഡിസ്കഷനിൽ പറഞ്ഞു, റബ്ബറിന്റെ ഇറക്കുമതി ബാൻ ചെയ്തിരിക്കുന്നു.....(ബഹളം) .....എന്നാൽ അഡ്വാൻസ് ലൈസൻസ് അനുസരിച്ചുള്ള നോമിനൽ ഇംപോർട്ടേ ഇപ്പോൾ നടക്കുന്നുള്ളൂവെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രിയാണ് ഇവിടെ പറഞ്ഞത്. റബ്ബറിന്റെ പ്രശ്നം, ഇന്ന് ഓവർ പ്രൊഡക്ഷനാണ്. സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത് 34 രൂപ 5 പൈസ റബ്ബർ കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുവരത്തക്കവണ്ണം പ്രൊക്യുവർമെന്റ് ശക്തമാക്കേണ്ടതായിരുന്നു. 100 കോടി രൂപ നിങ്ങൾക്ക് കൃഷിക്കാർക്കുവേണ്ടി മാറ്റിവയ്ക്കാമോ ? പറ്റുകയില്ല, ഇതാണ് ഇവിടത്തെ പ്രശ്നം. നിങ്ങൾക്ക് കൃഷിക്കാരെ സഹായിക്കാൻ പരിപാടിയില്ല. അതാണ് ഇവിടത്തെ പ്രശ്നം. ഇപ്പോൾ കയറ്റുമതി ചെയ്താൽ സംസ്ഥാന ഗവൺമെന്റിന് നഷ്ടമൊന്നുമില്ല. രാജ്യാന്തര മാർക്കറ്റ് വില കൂടി നിൽക്കുന്നതുകൊണ്ട് ഇപ്പോൾ വേണമെങ്കിൽ നമുക്ക് കയറ്റുമതി കൂടുതലാക്കാം. 6,000 ടൺ ആണ്. രണ്ട് വർഷമായി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ അവിടെയിരുന്ന് ഘോരഘോരം കയറ്റുമതിയെപ്പറ്റി പ്രസംഗിക്കാൻ തുടങ്ങിയിട്ട്, "മല എലിയെ പ്രസവിച്ച" രീതിയാണ്. രാജ്യാന്തര മാർക്കറ്റിൽ വില കൂടി നിൽക്കുമ്പോൾ നിങ്ങൾ ചെയ്യേണ്ടത് ഒരു 50,000 ടൺ റബ്ബർ എങ്കിലും ഉടനടി കയറ്റുമതി ചെയ്യണം. നിങ്ങൾ ചെയ്യേണ്ട കാര്യം, നിങ്ങൾ പ്രൊക്യുവർമെന്റിനെ ശക്തമാക്കണം. നിങ്ങൾ കൂടുതൽ കയറ്റുമതി ചെയ്യണം. 16-12-2000 മനോരമ പത്രത്തിലെ താങ്ങുവിലകൊണ്ട് ഫലമില്ല, കോഴിക്കോട് കൊപ്രാ കച്ചവടം നിലച്ചു, താങ്ങുവില അനുസരിച്ചുള്ള കൊപ്രാ കച്ചവടം നിലച്ചു, സഹകരണ സംഘങ്ങൾ കർഷകരിൽ നിന്നും കൊപ്ര വാങ്ങൽ നിറുത്തി. സംഘങ്ങൾ വാങ്ങിയാൽ തന്നെ അവരിൽനിന്നും കേരഫെഡും മാർക്കറ്റ്ഫെഡും കൊപ്ര വാങ്ങുന്നില്ല. ഗോഡൗൺ ഇല്ലാത്തതിനാൽ ആണ് തൽക്കാലം കൊപ്രാ യെടുക്കാത്തതെന്നാണ് നാഫെഡ് പറഞ്ഞിരിക്കുന്നത്. ഗോഡൗണുകൾ ഇല്ലെന്നുള്ള മുട്ടിന്യായം 'നാഫെഡ്' പറഞ്ഞ് ഏറ്റെടുക്കാതിരിക്കുകയാണ്..... (ബഹളം).....ഇവിടത്തെ കൊപ്ര നാഫെഡ് സംഭരിക്കാത്തത് ഗോഡൗൺ ശരിപ്പെടുത്തി കൊടുക്കാത്തതുകൊണ്ടാണ്. ഗോഡൗൺ ശരിപ്പെടുത്തി കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ശ്രീ. ആന്റണി പറഞ്ഞതുപോലെ തമിഴ്നാട്ടിൽ നിന്ന് ഗുണമേന്മ കുറഞ്ഞ കൊപ്ര താങ്ങ് വിലയേക്കാൾ താഴെ കമ്പോളവിലയ്ക്ക് സംഭരിച്ചിട്ട് ഇന്ന് കേരളത്തിൽ കൊണ്ടുവന്ന് കൂടിയ താങ്ങ് വിലയ്ക്ക് വിറ്റ് കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കാൻ ഇടത്തട്ടുകാരെ സഹായിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ഇവിടെ കൊപ്ര സംഭരണം കൊണ്ട് കൃഷിക്കാർക്ക് പ്രയോജനമുണ്ടായിട്ടില്ല. അതുകൊണ്ട് നിങ്ങൾ ചെയ്യേണ്ടത്, ഞങ്ങൾ ഞങ്ങളുടെ നിലപാട് പറഞ്ഞു. കർഷകസംഘടനകളിൽ കൂടി ഗ്രാമങ്ങളിൽനിന്നും ന്യായമായ വില കേരളത്തിലെ കേര കൃഷിക്കാർക്ക് ലഭിക്കുമെന്ന് ഉറപ്പു നൽകത്തക്കവണ്ണം തേങ്ങ സംഭരിച്ച്, അത് പൊതിച്ച്, കൊപ്രയാക്കി, ആട്ടി എണ്ണയാക്കി, എണ്ണയുടെ ഉപയോഗം വർദ്ധിപ്പിക്കണം. കേരളത്തിലെ കാർഷികോല്പന്നങ്ങളുടെ വിലയിടിവിന് കേന്ദ്ര ഗവൺമെന്റും സംസ്ഥാനഗവൺമെന്റും പ്രതികളാണ്. ഈ രണ്ടുപേരും പ്രതിക്കൂട്ടിലാണ്, നിങ്ങൾ തുല്യ കുറ്റക്കാരാണ്. കേന്ദ്രം ചെയ്യേണ്ടത് കേന്ദ്രം ചെയ്തില്ല, നിങ്ങൾ ചെയ്യേണ്ടത് നിങ്ങൾ ചെയ്തില്ല, കേന്ദ്രം ചെയ്യേണ്ടത് ചെയ്യിപ്പിക്കാൻ ഞങ്ങൾ ഡൽഹിക്ക് പോയി. ഇന്ന് നിങ്ങളോട് ഞങ്ങൾ ആവശ്യപ്പെടുന്നത്, നിങ്ങൾ ചെയ്യേണ്ടത് നിങ്ങൾ ചെയ്തില്ല. കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാൻ നമുക്ക് കൂട്ടായി ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് എല്ലാ നടപടിക്രമങ്ങളും മാറ്റിവച്ചുകൊണ്ട് കൂട്ടായി ചർച്ച ചെയ്തു കൊണ്ട് കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുവാൻ നമുക്ക് കഴിയണം. അതിനുവേണ്ടി നിങ്ങൾ തയ്യാറാകുന്നില്ല. ഇതിന്റെ അടിയന്തിരസ്വഭാവം കണക്കിലെടുത്തുകൊണ്ട് ഒരു സമഗ്രചർച്ചയ്ക്ക് തയ്യാറാകാതെ നിഷേധാത്മകമായ നിലപാടാണ് നിങ്ങൾ എടുക്കുന്നത്. ചർച്ച ചെയ്താൽ എന്താണ് കുഴപ്പം ? ചർച്ച ചെയ്താൽ നിങ്ങളുടെ കള്ളി പുറത്തുവരും. അതാണ് നിങ്ങളുടെ ഭയപ്പാട്, അതുകൊണ്ട് ചർച്ചയെ നിങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ട് ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് കാർഷിക മേഖലയെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകുമെന്ന് തോന്നുന്നില്ല. ആ കാർഷിക മേഖല ഇന്ന് പൂർണ്ണമായി തകർന്ന് കിടക്കുകയാണ്. കേരളത്തിലെ കൃഷിക്കാർ സാമ്പത്തിക തകർച്ചമൂലം കൂട്ട ആത്മഹത്യയുടെ വക്കിലാണ്. കർഷകത്തൊഴിലാളികൾ തൊഴിലില്ലാതെ പട്ടിണി മരണത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ സ്ഫോടനാത്മകമായ സാഹചര്യവും ഏറ്റവും ഗൗരവതരമായ പ്രശ്നവുമാണ് ഇന്ന് കാർഷികമേഖലയിലുള്ളത്. അത്ര രൂക്ഷമായ പ്രശ്നമാണ്. "റോമാനഗരം കത്തിയെരിഞ്ഞപ്പോൾ വീണ വായിച്ച" നീറോ ചക്രവർത്തിയെപ്പറ്റി കേട്ടിട്ടുണ്ട്. ആ നീറോ ചക്രവർത്തിയെപോലും ലജ്ജിപ്പിക്കുന്ന തരത്തിലാണ് ഈ ഗവൺമെന്റ് കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളോട് പ്രതികരിക്കുന്നതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട പി. പി. തങ്കച്ചൻ സൂചിപ്പിക്കുകയുണ്ടായി, ഒരു വർഷം 6,000 കോടിയിലേറെ രൂപ കൃഷിക്കാരുടെ പോക്കറ്റിൽ വരുന്ന പണം ചോർന്ന് പൊയ്ക്കൊണ്ടിരിക്കുന്നു എന്ന്. ഞാൻ കഴിഞ്ഞ ആഴ്ചയിൽ അങ്ങയുടെ മണ്ഡലമായ പീരുമേട്ടിലും ഏലപ്പാറയിലും കട്ടപ്പനയിലും വന്നിരുന്നു. അവിടെയുള്ള തേയില തോട്ടങ്ങളിൽ ഞാൻ പോയി. നാലഞ്ച് മാസമായി ആ തേയില തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വല്ല വേതനവും കൊടുക്കുന്നുണ്ടോ ? അങ്ങ് ആ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിയൻ നേതാവ് കൂടിയാണ്. അവിടെ എസ്റ്റേറ്റ് ഉടമകൾ ആരെങ്കിലുമുണ്ടോ ? അവിടെ പട്ടിണി മരണം ഉണ്ടാകാവുന്ന തരത്തിൽ ഇത്രയും സ്ഫോടകാത്മകമായ സാഹചര്യം നിലനിൽക്കുകയല്ലേ ? അവരെ സഹായിക്കാൻ എന്തെങ്കിലും ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ടോ ? എന്തും സംഭവിക്കാവുന്ന സ്ഥിതിയില്ലേ ഏലപ്പാറയിലും കട്ടപ്പനയിലുമുള്ളത്. അവർക്ക് സൗജന്യ റേഷൻ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പറഞ്ഞത്, ഇവിടെ ഗാട്ട് കരാറിനെ കുറിച്ചും കേന്ദ്ര ഗവൺമെന്റിന്റെ നയത്തെക്കുറിച്ചുമൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും സംസാരിച്ചു, ഞങ്ങൾ യോജിക്കുന്നു. അത് മാത്രമാണോ ? ഇതുമാത്രം പറഞ്ഞ് നമുക്ക് ജനങ്ങളുടെ ഇടയിൽ എത്ര നിൽക്കാൻ പറ്റും ? ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ സംസ്ഥാനത്തെ കൃഷിക്കാരോട് അല്പം താല്പര്യം കാണിക്കാൻ ഈ ഗവൺമെന്റ് തയ്യാറായോ ? കാർഷിക മേഖലയിൽ ഇത്രയേറെ തകർച്ച നേരിടുമ്പോൾ ആ മേഖലയിൽ സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എന്ത് കാര്യം ഈ ഗവൺമെന്റ് ചെയ്തു. സംസ്ഥാനഗവൺമെന്റിന് എടുക്കാവുന്ന ഒരു നടപടിയും എടുത്തിട്ടില്ല. എന്നു മാത്രമല്ല കേരളത്തിലെ കൃഷിക്കാരെ ഏറ്റവും ദ്രോഹിക്കുന്ന നടപടിയാണ് ഈ ഗവൺമെന്റ് ചെയ്തത്. കാർഷിക കടം കൊണ്ടും സാമ്പത്തിക തകർച്ച കൊണ്ടും എത്രയെത്ര ജപ്തി നടപടികൾ കൊണ്ടും എത്ര കുടുംബങ്ങൾ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നു. ആ സന്ദർഭത്തിലാണ് കേരളത്തിൽ ഈ ഗവൺമെന്റ് നബാർഡ് നല്കുന്ന വായ്പ പോലും നിറുത്തി വച്ചിരിക്കുന്നത്. കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി കാർഷികവായ്പക്കുവേണ്ടി നബാർഡ് നൽകുന്ന പണം പോലും ഈ ഗവൺമെന്റിന്റെ നയരാഹിത്യം കൊണ്ട് നബാർഡ് നിറുത്തിവച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷിക്കാർക്ക് ഇപ്പോൾ വായ്പ കിട്ടുന്നുണ്ടോ ? നബാർഡ് നിർത്തിവച്ചിരിക്കുകയല്ലേ ? ഈ നയം കൊണ്ട് ഏറ്റവും കൂടുതൽ തകർന്നത് കേരളമല്ലേ ? ഈ നയംകൊണ്ട് ഏറ്റവും കൂടുതൽ തകർന്നത് കേരളമാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ മുൻകൈ എടുക്കേണ്ടത് ? തമിഴ്നാടിനേയും ആന്ധ്രയേയും കർണ്ണാടകയേയും ഈ സംസ്ഥാനങ്ങളെയൊക്കെ കൂട്ടുപിടിച്ചുകൊണ്ട്..... ഈ സംസ്ഥാനം തകരുമ്പോൾ, സംസ്ഥാനത്തിന് നിലനിൽക്കാനാകാത്ത അവസ്ഥ വന്നപ്പോൾ, ഇത്തരം രംഗത്ത് ഒരു മുൻകൈയെടുക്കേണ്ടത് ഈ ഗവൺമെന്റല്ലേ ? ഈ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു ? കഴിഞ്ഞ ഏപ്രിൽ മാസത്തിലല്ലേ മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വില വിർദ്ധനവിനെ സംബന്ധിച്ച് മെമ്മോറാണ്ടം കൊടുക്കാൻ ഡൽഹിയിൽ പോയത്? അന്ന് കൃഷിയെപ്പറ്റി വല്ലതും പറഞ്ഞോ ? പറഞ്ഞോ ? മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വില വിർദ്ധനവുണ്ടായപ്പോൾ ഈ സഭയിൽത്തന്നെ അടിയന്തിര പ്രമേയം അവതരിപ്പിച്ചല്ലോ ? ഇത്രയും നെഗ്ലക്റ്റായ, ഇത്രയും കർഷകവിരുദ്ധമായ ഒരു ഗവൺമെന്റ്, നാടാകെ തകരുന്നു. കർഷകൻ വെള്ളത്തിൽ, തൊഴിലാളികൾ പട്ടിണി മരണത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. അത്തരം സന്ദർഭത്തിൽപ്പോലും ജനങ്ങളോട് ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ് മുൻപ് ഈ കേരളത്തിലുണ്ടായിട്ടുണ്ടോ? ഈ തരത്തിൽ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റ്, ഇത്രയും ഗൗരവമായ ഒരു പ്രശ്നം, 26-ാം തീയതി പ്രധാനമന്ത്രി കേരളത്തിലേക്ക് വരികയാണ്. അദ്ദേഹം വരുന്നതിനു മുൻപ് എന്തെങ്കിലും ഈ കാര്യത്തിൽ ചെയ്യണമെന്ന് ഞങ്ങൾ പോയി ആവശ്യപ്പെട്ടിരിക്കുകയാണ്. ആ സന്ദർഭത്തിലെങ്കിലും ഈ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വികാരം, കൃഷിക്കാരന്റെ വികാരം, കേന്ദ്രഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാതെ കൃഷിക്കാരോട് കൊഞ്ഞനം കാണിക്കുന്ന ഈ ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. ടി. എം. ജേക്കബ് : സർ, കേരളത്തിലെ കൃഷിക്കാർ ചെകുത്താനും നടുക്കടലിനുമിടയിലാണ്. ഇവിടെ നായനാർ, അവിടെ വാജ്പേയി. രണ്ട് സർക്കാരും കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്യാൻ തയ്യാറാകാത്ത അവസ്ഥയിൽ കേരളത്തിലെ കൃഷിക്കാർ നട്ടംതിരിയുന്ന ഒരു സാഹചര്യമാണിവിടെയുള്ളത്. ഇവിടെ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി, കാർഷികമേഖലയുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾക്കു പകരം അദ്ദേഹത്തിന് കൂടുതൽ താൽപര്യം കണ്ടത് രാഷ്ട്രീയം പറയാനാണ്. അദ്ദേഹം രാഷ്ട്രീയമാണ് പറഞ്ഞുനിർത്തിയത്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, കൃഷ്ണൻ കണിയാംപറമ്പിൽ അസ്വസ്ഥനായി എഴുന്നേറ്റു നിൽക്കാതെ അങ്ങ് ഒരു കാര്യം ശ്രദ്ധാപൂർവ്വം കേൾക്കൂ. ഇവിടെ 1996-ൽ ഇലക്ഷൻ കഴിഞ്ഞു. 1996-ലെ ഇലക്ഷൻ കഴിഞ്ഞാണല്ലോ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രിയായിട്ടു വന്നത് 96-ലെ ഇലക്ഷൻ കഴിഞ്ഞാണ്. 1996-ലെ ഇലക്ഷൻ കഴിഞ്ഞപ്പോൾ കേന്ദ്രമന്ത്രിസഭയിൽ അങ്ങയുടെ നേതാവ് കൃഷിവകുപ്പുമന്ത്രിയായിരുന്നുകൊണ്ട് ദേവഗൗഡ പ്രധാനമന്ത്രിയായി ഒരു ഗവൺമെന്റ് അവിടെ വന്നു. സി.പി.ഐ.(എം). ആ ഗവൺമെന്റിനെ പിന്താങ്ങി. സുർജിത് സിംഗ് പിൻസീറ്റിലിരുന്ന് ഡ്രൈവ് ചെയ്ത ഒരു ഗവൺമെന്റാണത്. ദേവഗൗഡ ഭരിച്ചു. അതുകഴിഞ്ഞ് ഐ.കെ. ഗുജ്റാൾ ഭരിച്ചു. 21 മാസക്കാലം ഭരിച്ചപ്പോൾ ഈ ഉദാരവൽക്കരണം അല്ലെങ്കിൽ നിങ്ങൾ പറയുന്ന ആഗോളവൽക്കരണം, അല്ലെങ്കിൽ ഇന്നുള്ള ഈ ട്രെന്റ് ഇൻഡ്യാരാജ്യത്ത് 1991 മുതൽ നിലനിന്നുവെന്നാണ് നിങ്ങൾ പറയുന്നത്. എന്തുകൊണ്ട് നിങ്ങളത് പിൻവലിച്ചില്ല അല്ലെങ്കിൽ മാറ്റിയില്ല. നിങ്ങൾക്ക് അത് ചെയ്യാൻ പാടില്ലായിരുന്നോ ? നിങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരുന്ന ഒരു ഗവൺമെന്റ് കേന്ദ്രം ഭരിച്ചപ്പോൾ നിങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ നിങ്ങൾ അന്ന് ചെയ്തില്ല. ബി.ജെ.പി. ക്ക് വേണ്ടി ഒന്നും പറയേണ്ട കാര്യം ഞങ്ങൾക്കില്ല. ഞങ്ങൾ കേന്ദ്രത്തിൽ പോയി ഒരുമെമ്മോറാണ്ടം കൊടുത്തു. അതിന്റെ കോപ്പിയാണ് എന്റെ കൈയിലിരിക്കുന്നത്. ഞാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് ഇതു കഴിയുമ്പോൾ തരാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത് ? അദ്ദേഹം പറഞ്ഞു ഞങ്ങൾ കൊണ്ടുപോയി നേരത്തെ കൊടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ വായിക്കുകയാണെങ്കിലും ഇയർഫോൺ ഇരിക്കുന്നതു കൊണ്ട് കേൾക്കാമായിരിക്കും. ഞാൻ അദ്ദേഹത്തോട് ചോദിക്കട്ടെ, അന്ന് നമ്മൾ പോയ വിഷയം എന്തായിരുന്നു ? ഈ കാർഷിക പ്രശ്നം മാത്രമല്ല, നമ്മൾ പല പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ടുപോയി. അതിന് കുറച്ചൊക്കെ പ്രയോജനം കിട്ടി. ഈ വിഷയത്തിൽ ഇങ്ങനെ ഒരു ഡിവിഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമുണ്ടോ ? ഞങ്ങൾ കേന്ദ്ര ഗവൺമെന്റിൽ ഇടയ്ക്ക് ഒരു നിവേദനം കൊണ്ടുപോയി കൊടുത്തു. ഞങ്ങൾ കൊണ്ടുപോയി കൊടുത്ത നിവേദനത്തിന് കുറച്ചുവിലയുണ്ട്. ഇല്ല എന്നു ഞാൻ പറയുന്നില്ല. ഞങ്ങൾ മാത്രമല്ല പോയത്. ഞങ്ങൾ എം.പി.മാരേയും കൂട്ടിയാണ് പോയത്. പ്രധാനമന്ത്രിയെ കണ്ട് ഞങ്ങൾ ഈ കാര്യങ്ങൾ പറഞ്ഞു. പറയാനുള്ളത് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. സംസ്ഥാന മുഖ്യമന്ത്രിയടക്കമുള്ള ആൾക്കാർ പോയല്ലോ. ഈ ഗവൺമെന്റ് വന്നതിനു ശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ നേതൃത്വത്തിൽ ഒരൊറ്റ ഡെലിഗേഷനല്ലേ പോയിട്ടുള്ളൂ. വർഷം നാലര കഴിഞ്ഞില്ലേ ? ഇന്ന് പത്രത്തിൽ ഉണ്ടല്ലോ നിങ്ങൾ ടെലഫോൺ വിളിച്ചതിന്റേയും ടൂർ നടത്തിയതിന്റേയുമൊക്കെ കണക്ക്. വിദേശയാത്ര നടത്തിയതിന്റെ കണക്ക് വന്നില്ലല്ലോ. എത്ര കോടി രൂപ നിങ്ങൾ മുടക്കി ? ഇവിടെ നിന്നും പത്തോ, പതിനഞ്ചോ പേർ ഫ്ളൈറ്റ് ടിക്കറ്റെടുത്ത് ഡൽഹിവരെ പോയിട്ട് തിരിച്ചുവന്നാൽ ആകുന്ന ചെലവ് കുറച്ചു മാത്രമല്ലെയുള്ളൂ. ഇവിടെ വിഷയങ്ങളുണ്ട്. നമ്മൾ നമ്മുടെ വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ അടിക്കടിപെടുത്തണം. ഡൽഹിയിൽ പോയപ്പോൾ കണ്ട കാഴ്ച എന്താണ് ? ഞങ്ങൾ പോയപ്പോൾ കണ്ട കാഴ്ച ഞാൻ പറയാം. അവിടെ പല സ്റ്റേറ്റുകളിൽനിന്നും മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ, അവിടത്തെ എം.പി. മാരുടെ നേതൃത്വത്തിൽ പല വിഷയങ്ങളുമായി ആളുകൾ വന്നുനിൽക്കുകയാണ്. കരയുന്ന കുഞ്ഞിനേ പാലുള്ളൂ. നമ്മുടെ വിഷയം കൂട്ടായിട്ട് നമുക്ക് ഉന്നയിക്കാൻ കഴിഞ്ഞാൽ, നമുക്ക് എത്ര എം.പി. മാരുണ്ട്. 20 പേർ ലോക്സഭയിലുണ്ട്. നമ്മുടെ ആളുകൾ രാജ്യസഭയിലും ഉണ്ട്. അവിടെ ബി.ജെ.പി.യെ പിന്താങ്ങുന്ന ആരുമില്ലല്ലോ. അവർക്ക് കൂട്ടായിട്ട് സംസാരിക്കാനുള്ള പ്രചോദനം കൊടുക്കാൻ മുഖ്യമന്ത്രിക്കു കഴിഞ്ഞോ ? അങ്ങല്ലേ ഈ കാര്യത്തിൽ കുറ്റക്കാരൻ ? കൃഷിവകുപ്പുമന്ത്രിക്കു സാധിച്ചോ ? നിങ്ങൾ മെമ്മോറാണ്ടം കൊടുത്തില്ല എന്നു ഞങ്ങൾ പറയുന്നില്ല. ഇവിടെ നിന്നും നിങ്ങൾ ഫാക്സ് അയയ്ക്കാറുണ്ട്. നിങ്ങൾ മെമ്മോറാണ്ടവും കൊടുക്കാറുണ്ട്. സമ്മതിച്ചു. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ മന്ത്രിയായിട്ടിരിക്കുന്ന ആളാണ്. നിങ്ങൾക്ക് എത്ര പെറ്റീഷൻ കിട്ടും ? നിങ്ങൾക്ക് തപാലിൽ വരുന്ന പെറ്റീഷനുകൾക്ക് നിങ്ങൾ എത്ര കണ്ട് വില കൊടുക്കുന്നുണ്ട്. അതേസമയം നിങ്ങളുടെയടുക്കൽ നേരിട്ട് ഒരു നിവേദകസംഘം വന്ന് ഒരു കാര്യം പറഞ്ഞാൽ നിങ്ങൾ ശ്രദ്ധിക്കാറില്ലേ? ചെറിയൊരു കാര്യമല്ലേ ? അങ്ങ് ഒരു ചെറിയ വകുപ്പിന്റെ മന്ത്രിയായിട്ട് ഇരിക്കുകയല്ലേ ഈ കേരളത്തിൽ ? കേന്ദ്രത്തിൽ പ്രധാനമന്ത്രിയെപ്പോലുള്ള ഒരാൾക്ക് അന്തർദേശീയ പ്രശ്നങ്ങൾ അടക്കം ഇഷ്ടംപോലെ വിഷയങ്ങളുണ്ട്. അങ്ങേർക്ക് ഇത് ശ്രദ്ധിക്കാൽ നേരമുണ്ടോ ? എനിക്കറിഞ്ഞുകൂടാ. പക്ഷേ നമ്മളെ സംബന്ധിച്ചിടത്തോളം ജീവൻ മരണ പോരാട്ടമാണിത്. ആ പോരാട്ടത്തിൽ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. ഒരു കാര്യം കൂടി അങ്ങയോട് ചോദിക്കട്ടെ, കൃഷിവകുപ്പുമന്ത്രി പറഞ്ഞ ഒരു വാക്ക്, കേരളത്തിലെ 49 പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഞങ്ങൾ നാളികേരം സംഭരിച്ചു. നിങ്ങളുടെ മന്ത്രിസഭാ യോഗം കൂടി നിങ്ങളെടുത്ത തീരുമാനം എന്താണ് ? കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി നാളികേരം മാർക്കറ്റ്

LIBRARY ARCHIVES Kerala Legislative Assembly

വിലയെക്കാൾ രണ്ട് രൂപാ കൂട്ടി നിങ്ങൾ എടുക്കും. അയ്യായിരത്തോളം പ്രാഥമിക സഹകരണ സംഘങ്ങൾ, ഇൻഡസ്ട്രിയൽ സംഘങ്ങൾ വിട്ടുകൊള്ളുക. ബാക്കി അയ്യായിരത്തോളം സംഘങ്ങൾ ഈ കേരളത്തിലുള്ളിടത്ത് 49 സംഘങ്ങൾ വഴി നിങ്ങൾ എടുത്തു എന്നുപറയാൻ എന്റെ പൊന്നു കൃഷ്ണൻ കണിയാംപറമ്പിലിന് നാണമില്ലേ ? അയ്യായിരത്തിലേറെ പ്രാഥമിക സംഘങ്ങൾ ഉള്ള കേരളത്തിൽ 49 സംഘങ്ങൾ വഴി 6 ലക്ഷം നാളികേരം എടുത്തുപോലും. 1998-99-ലെ കേരളത്തിലെ ഉൽപ്പാദനം 667.2 കോടി നാളികേരമാണ്. ഇത്രയും നാളികേരം ഉൽപ്പാദിപ്പിക്കുന്ന ഈ കേരളത്തിൽ നിങ്ങൾക്ക് ലജ്ജയില്ലേ ഈ സഭാവേദിയിൽ വന്ന് ഞങ്ങൾ 49 സംഘങ്ങൾ വഴി 6 ലക്ഷം നാളികേരം സംഭരിച്ചു എന്നുപറയാൻ ? നിങ്ങൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പൈസ കൊടുത്തോ ? റബ്ബറിന്റെ കാര്യം പറഞ്ഞല്ലോ. റബ്ബർ മാർക്കിന് നിങ്ങൾ അഞ്ചര കോടി രൂപ കൊടുക്കാനില്ലേ ? നിങ്ങൾ കൊടുക്കാൻ തയ്യാറുണ്ടോ ? ഒരു 50,000 ടൺ റബ്ബർ എങ്കിലും നിങ്ങൾക്ക് ശേഖരിക്കാമോ ? നിങ്ങളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് ഇതൊന്നും പ്രശ്നമല്ല. ഒരു പോയിന്റ് കൂടി പറയട്ടെ, എവിടെ നമ്മുടെ പി.ഡബ്ലിയു.ഡി. മന്ത്രിയെ കാണുന്നില്ല. അദ്ദേഹം കോട്ടയത്ത് റബറൈസ്ഡ് റോഡിന്റെ ഉൽഘാടനം നടത്തി. റബ്ബർ മേഖലയെക്കുറിച്ച് അറിയാവുന്ന ആൾ കൂടിയാണ് പി.ഡബ്ലിയു.ഡി. മിനിസ്റ്റർ. അദ്ദേഹം പറഞ്ഞു കേരളത്തിലെ റോഡുകൾ റബറൈസ് ചെയ്യാൻ നടപടികൾ സ്വീകരിക്കും എന്ന്. എത്ര കിലോമീറ്റർ നിങ്ങൾ റബറൈസ് ചെയ്തു ? എത്ര റോഡ് നിങ്ങൾ റബറൈസ് ചെയ്തു ? ഇവിടെ ബിറ്റുമിൻ കിട്ടാനില്ല. ബിറ്റുമിൻ കിട്ടാനില്ലാത്ത നാട്. നിങ്ങൾക്ക് സ്വാഭാവിക റബ്ബർ എടുത്ത് ഇവിടെ റബറൈസ്ഡ് റോഡുണ്ടാക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ കേന്ദ്രഗവൺമെന്റിനോട് ഇൻഡ്യയിലെ ഇത്രയും റോഡുകൾ, ഒരു നിശ്ചിതശതമാനം റോഡ്, ഒരു വർഷം റബറൈസ് ചെയ്യണമെന്ന് നിങ്ങൾ പറഞ്ഞിരുന്നുവെങ്കിൽ കേരളത്തിലെ റബ്ബർ കൃഷിക്കാരുടെ പ്രശ്നത്തിന് പരിഹാരമുണ്ടാകുമായിരുന്നു. നിങ്ങൾ തയ്യാറാണോ ഇതിന് ? പറഞ്ഞാൽ നിങ്ങൾക്ക് ഇഷ്ടപ്പെടില്ല. ഡി.വൈ.എഫ്.ഐ.ക്കാർ കടലിൽ പോയി വള്ളത്തിൽ ഇരുന്നാൽ ഇവിടെയൊന്നും ഉണ്ടാകാൻ പോകുന്നില്ല. നിങ്ങൾ വള്ളത്തിൽ ഇരുന്നോ. കടലിൽ വീഴാതിരുന്നാൽ മതി. കടലിൽ വീഴരുത്, അപകടം സംഭവിക്കരുത്. അത്യാഹിതമൊന്നും ഉണ്ടാകാതെയിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ട്രെയിനിനു മുൻപിൽ പോയി ആത്മഹത്യയും ചെയ്യണ്ട. പ്രശ്നത്തിനു പരിഹാരമുണ്ടാകാൻ പോകുന്നില്ല. കേരളത്തിലെ കൃഷിക്കാരന്റെ നട്ടെല്ല് ഒടിഞ്ഞു നിൽക്കുന്ന ഈ സാഹചര്യത്തിൽ കേരളത്തിലെ കൃഷിക്കാരന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഗവൺമെന്റ് കാണിച്ച കുറ്റകരമായ അനാസ്ഥ. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതായിരുന്നു. നമുക്ക് റൂൾ വേവ് ചെയ്യാം. അങ്ങേയ്ക്ക് എല്ലാ അധികാരവുമുണ്ട്. സഭയ്ക്ക് അധികാരമുണ്ട്. ഏതു റൂൾ ആണെങ്കിലും ഏതു ചട്ടമാണെങ്കിലും നമുക്ക് വേവ് ചെയ്യാൻ അധികാരമുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ ആത്മാർത്ഥയുണ്ടായിരുന്നുവെങ്കിൽ ഞങ്ങളുടെ നോട്ടീസിനെ മാനിച്ച് ഈ വിഷയം ഇപ്പോൾത്തന്നെ ചർച്ച ചെയ്യാമെന്ന് കൃഷിവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരുന്നുവെങ്കിൽ അങ്ങേയ്ക്ക് ഒരു പൂമാല ഞാൻ ഇട്ടുതരുമായിരുന്നു. നിങ്ങൾ അതിനു തയ്യാറില്ലല്ലോ. നിങ്ങൾ രാഷ്ട്രീയമല്ലേ പറഞ്ഞത് ? അതുകൊണ്ട് നിങ്ങളുടെ ഈ ധിക്കാരപരമായ നടപടി, കേരളത്തിലെ കൃഷിക്കാരന്റെ പ്രശ്നം ചിരിച്ച് കളിച്ച് പുച്ഛിച്ച് തള്ളുന്ന, ലാഘവബുദ്ധിയോടുകൂടിയുള്ള നിങ്ങളുടെ സമീപനം, അതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി).

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി)

മി. സ്പീക്കർ : റൂൾ 62, ശ്രീ. പി. ജെ. ജോയി.....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.

ശ്രീ. എ. കെ. ആന്റണി : സർ, ഞാൻ അധികം പ്രസംഗിക്കുന്നില്ല. ഞങ്ങളുടെ ആവശ്യത്തെക്കുറിച്ച് ഗവൺമെന്റിനു എന്തെങ്കിലും വീണ്ടുവിചാരമുണ്ടോ ?

മി. സ്പീക്കർ : ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞു. അതിനോട് യോജിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇതിലേയ്ക്ക്.....(ബഹളം)..... പ്ലീസ്.....ശ്രീ. പി. ജെ. ജോയി.....ഇന്ന് എല്ലാവരും സഹകരിച്ചുകൊണ്ട് സ്പോർട്സ് ബിൽ പാസ്സാക്കേണ്ടതാണ്. ഇല്ലെങ്കിൽ ആരുടെയും സഹകരണമില്ലാതെ പാസ്സാകും. ചർച്ചയില്ലാതെ പാസ്സാകും.....(ബഹളം).....ഞാൻ പറയുന്നത് ഇതൊന്നുമില്ലാതെ പാസ്സാകുമെന്നാണ്. വേറൊന്നും ചെയ്യുകയില്ല. ഇതൊന്നുമില്ലാതെ പാസ്സാകും.....(ബഹളം).....

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിൽ ഇറങ്ങിനിന്നു.) .....(ബഹളം).....

മി. സ്പീക്കർ : ശ്രീ. സത്യൻ മൊകേരി, ശ്രദ്ധക്ഷണിക്കൽ.

III ശ്രദ്ധ ക്ഷണിക്കൽ

കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതിമൂലം സംസ്ഥാനത്തെ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സത്യൻ മൊകേരി : സർ, കർഷകർ നേരിടുന്ന പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിവകുപ്പുമന്ത്രിയും സംസാരിക്കുന്ന ഘട്ടത്തിൽ ഈ സഭ കേരളത്തിലെ കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ സന്നദ്ധമാണെന്നു പറഞ്ഞിട്ടും അതിന് തയ്യാറാകാതെ ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കാൻ വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly